ഒരു അരാജകവാദി കവിയുടെ ജീവിതം | ഒന്നാമത്തെ ദിവ്യ രഹസ്യം | മനുഷ്യൻ ഇ–കുടിലിൽ... | വരൂ, നമുക്ക് സബർമതിയിലേക്ക് പോകാം | നിറങ്ങൾ നൃത്തം ചെയ്യുന്ന പിറവി

MAY | VOL.04 | ISSUE 05

# മലയാളി.com magazine 2025

# OPERATION SINDOOR

# പഹൽഗാമിന് ഇന്ത്യയുടെ തിരിച്ചടി



# Joyalukkas

★ Celebrates ★

# MOM

With Sparkle

*mother's Happy day*

**SPECIAL OFFER**

# 30% OFF

**ON MAKING CHARGES FOR GOLD & DIAMOND JEWELLERY**

**0% DEDUCTION ON OLD GOLD EXCHANGE**



*T&C APPLY

OFFER VALID FROM
**8TH MAY TO 11TH MAY 2025**

This offer is valid in-stores and online

joyalukkas.com

**Joyalukkas**
**World's favourite jeweller**

| NEW JERSEY | CHICAGO | ATLANTA | DALLAS | HOUSTON |
|---|---|---|---|---|
| 1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902 | 2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013 | 3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136 | 7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936 | 5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992 |

മലയാളി.com Magazine

DIGITAL MAGAZINE

2025
MAY
VOL/04
ISSUE/5

Contact: mag@emalayalee.com | www.emalayalee.com

# യുദ്ധത്തിന്റെ കാർമേഘങ്ങൾ

നീണ്ട ഒരുക്കങ്ങൾക്കും ഗഹനമായ വിശകലനങ്ങൾക്കും ശേഷം ഇന്ത്യ ഒരു പരമാധികാര രാഷ്ട്രം എന്ന നിലയിൽ തങ്ങളുടെ പൗരന്മാർക്കും രാജ്യത്തിനും എതിരെ നടന്ന ആക്രമണത്തിനു ശക്തമായ തിരിച്ചടി നൽകി .പുലവാമയിലെ പാക് ഭീകര ആക്രമത്തിന് പാക് നിയന്ത്രണമേഖലയിലെ ബാലക്കോട്ടാണ് ഇന്ത്യ തിരിച്ചടിച്ചതെങ്കിൽ ഇത്തവണ പാക് അധിനിവേശ കാശ്മീരിലും പാകിസ്ഥാനിലും ഉള്ള ഭീകരരുടെ പത്തു താവളങ്ങളിൽ തന്നെയാണ് ഇന്ത്യ മിന്നൽ ആക്രമണം നടത്തിയത് .ഓപറേഷൻ സിന്ദൂർ എന്ന് പേരിട്ട ഈ സൈനിക ആക്രമണം പഹൽ ഗാമിൽ കൊല്ലപെട്ട ഇന്ത്യാക്കാരുടെ വിധവകൾക്കു നീതി നൽകാൻ കൂടിയായിരുന്നു . പാക് ഭീകരരുടെ ആക്രമണത്തിനു കനത്ത തിരിച്ചടി തന്നെയാണ് ഇന്ത്യ നൽകിയത് .

കശ്മീരിലെ പഹൽഗാമിൽ ഏപ്രിൽ 22 നു 25 ഇന്ത്യൻ വിനോദയാത്രികരെയും ഒരു നേപ്പാളിയേയും മതവും ലിംഗവും ഇടവും നോക്കി കൊലപ്പെടുത്തിയ പാക് ഭീകരർ ഇന്ത്യയെ പല നിലയിലാണ് മുറിപ്പെടുത്തിയത് .സുരക്ഷയിലെ വിള്ളലുകൾ ചൂണ്ടിക്കാണിച്ച ഈ ആക്രമണം മുസ്ലിംകളും ഹിന്ദുക്കളും തമ്മിലുള്ള വൈരം മൂർച്ഛിപ്പിക്കാനും കാശ്മീരിന്റെ സാമ്പത്തിക സ്രോതസ് തടസപെടുത്താനും ആത്യന്തികമായി ബി ജെപി നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാരിനെ പ്രകോപിപ്പിക്കാനുമായിരുന്നു ശ്രമിച്ചത് .ഒരു പരിധി വരെ അതിൽ അവർ വിജയിച്ചുവെങ്കിലും അവരുടെ ശ്രമം വിപുലമായ അർത്ഥത്തിൽ വിജയിച്ചില്ല. മുൻപും ഇത്തരം നിരവധി ആക്രമങ്ങളെ നേരിട്ടിട്ടുള്ള ഇന്ത്യ വ്യത്യസ്തമായ തലങ്ങളിൽ അതിനു ശക്തമായ പ്രതികരണം നടത്തിയിട്ടുണ്ട് . പാർലമെന്റ് ആക്രമണത്തെ തുടർന്നു ഇന്ത്യ സൈനിക മുന്നേറ്റത്തിനു ഒരുങ്ങിയതും മുംബൈ ആക്രമണത്തെ തുടർന്നു പാകിസ്ഥാനെ ഭീകരരുടെ പേരിൽ ഒറ്റപ്പെടുത്തിയതും പുലവാമ ആക്രമണത്തിനു പ്രതികാരമായി പാകിസ്താനിലെ ബാലക്കോട്ടു കയറി ആക്രമണം നടത്തിയതും ഇന്ത്യയുടെ ശക്തമായ പ്രതികരണങ്ങൾ തന്നെയായിരുന്നു .എന്നാൽ ഇത്തവണ താരതമ്യേനെ ശാന്തമായ കശ്മീരിലെ പഹൽഗാം മേഖലയിൽ നടത്തിയ ആക്രമണം ഇന്ത്യൻ ജനതയെ ശക്തമായി പ്രകോപിപ്പിച്ചു .ദേശീയ സുരക്ഷ എന്ന വാക്ക് പ്രധാന മുദ്രാവാക്യം ആയ ബി ജെ പി ഇത്തരമൊരു സ്ഥിതി വിശേഷത്തെ രൂക്ഷമായി നേരിടണമെന്ന ചിന്താഗതിക്കാരാണ് .അതാണ് ഇന്ത്യയുടെ തിരിച്ചടിയിൽ തെളിഞ്ഞതും ..

പഹൽഗാം ആക്രമണത്തിനെതിരെ ഇന്ത്യയുടെ പ്രതികരണം ദ്രുത ഗതിയിൽ ആയിരുന്നു സിന്ധു നദിതല കരാർ റദ്ദാക്കി , പാക് വിമാനങ്ങൾക്ക് അനുമതി നിഷേധിച്ചു ,ഇന്ത്യയിലെ പാക് പൌരന്മാരെ തിരിച്ചയച്ചു , കടൽ മാർഗമായുള്ള കപ്പൽ ഗതാഗതം തടഞ്ഞു,ഉഭയകക്ഷി വ്യാപാരം നിർത്തലാക്കി .ഇതിനു പുറമെയാണ് അടിയന്തര യുദ്ധത്തിനുള്ള സൂചനകൾ നൽകുന്ന ഒരുക്കങ്ങളും .അത് ഒരു പുകമറ ആയിരുന്നില്ല എന്ന് ഈ ആക്രമണങ്ങൾ തെളിയിച്ചു എന്തായിരിക്കും പാക് പ്രതികരണം എന്നതാണ് ഇനി അറിയാൻ ഉള്ളത് .പാകിസ്താനിൽ സൈന്യം എപ്പോഴും സിവിൽ ഭരണകൂടത്തിൽ നിന്ന് മാറി ചിന്തിക്കുന്നു എന്നതാണ് പേടിപ്പെടുത്തുന്ന കാര്യം ..നവാസ് ശരീഫിനെ പുറത്താക്കിയ മുഷാറഫിന്റെ ഓർമ്മകൾ ഇന്നും സജീവമായുള്ള ഒരു നാട്ടിൽ സൈന്യം എങ്ങനെ ഇന്ത്യയുടെ ആക്രമണത്തോടു പ്രതികരിക്കും എന്ന് വ്യക്തമല്ല ..പ്രത്യേകിച്ചും പാകിസ്താനും ഒരു ആണവ രാഷ്ട്രമാണ് എന്ന നിലയിൽ . ഇന്ത്യ ഒരിക്കലും ആദ്യം ആണവായുധം പ്രയോഗിക്കില്ല എന്ന ഉത്തരവാദിത്തപൂർണ്ണമായ നിലപാടു സ്വീകരിച്ചിട്ടുണ്ട് എങ്കിലും അത് പാകിസ്ഥാനിലെ ഭീകരരുടെ നേതൃത്വത്തെ സ്വാധീനിക്കണം എന്നില്ല .ഒറ്റ മാസം കൊണ്ടു തീരുമെന്നു കരുതിയ ഗാസ, ഉക്രൈൻ യുദ്ധങ്ങൾ ഇന്നും തുടരുന്നു എന്നത് ഇവിടെ നമുക്ക് വലിയ പാഠമാകണം .പ്രത്യേകിച്ചും മതപരമായ ഒരു ഏറ്റുമുട്ടൽ ആയി ഇത് പരിണമിച്ചാൽ അതിന്റെ മാനങ്ങൾ വലുതാകും .

യുദ്ധങ്ങൾ തടയാൻ യു എസിനോ റഷ്യക്കോ ശേഷിയില്ലാതിരിക്കുകയും യു എൻ നോക്കുകുത്തിയായി നില കൊള്ളുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇരു രാജ്യങ്ങളും തമ്മിൽ ശക്തമായ നയതന്ത്ര നീക്കങ്ങൾ ഉണ്ടായാൽ മാത്രമേ മഞ്ഞുരുകൂ .ഇല്ലെങ്കിൽ ആത്യന്തിക നഷ്ടമായിരിക്കും നാം നേരിടേണ്ടി വരുക . പാകിസ്ഥാൻ ഐ എം എഫിൽ നിന്നും മറ്റും സാമ്പത്തികമായി വലിയ രക്ഷ പാക്കേജ് പ്രതീക്ഷിക്കുന്ന ഈ കാലത്ത് ഉയരുന്ന ഈ ആശങ്കകൾ പൊതു സമൂഹത്തെ മുൾമുനയിൽ നിർത്തുന്നു .ഇത് വരെ നിയന്ത്രണത്തിൽ നിന്ന പാക് സൈന്യത്തെ പിടിയിൽ നിർത്താൻ അവിടത്തെ ഭരണകൂടത്തിനു കഴിയുമോ എന്ന ആശങ്കയും നമുക്ക് മുന്നിലുണ്ട്. അന്താരാഷ്ട്ര തലത്തിൽ ഇന്ത്യക്ക് ശക്തമായ സ്വാധീനമുള്ള ഒരു കാലമാണിത് .യു എസോ റഷ്യയോ ഇന്നു നമുക്ക് ഒപ്പം നിൽക്കും. ഇങ്ങനെ ഒരു അവസ്ഥ മറ്റൊരു ഇന്ത്യൻ ഭരണാധികാരിക്കും ലഭിച്ചിട്ടില്ല. ചൈന പോലും ജാഗ്രത പാലിച്ചേ പാകിസ്ഥാനെ സഹായിക്കൂ .അങ്ങനെ നടന്നാൽ നാം മറ്റൊരു മുന്നണിയിൽ കൂടി യുദ്ധം ചെയ്യേണ്ടി വരാം . .താരതമ്യേനെ ശാന്തമായ ഇന്ത്യയിലെ അന്തരീക്ഷം തകർക്കാൻ നാം മറ്റുള്ളവരെ അനുവദിച്ചു കൂടാ .

ഇന്ത്യയുടെ എല്ലാ താല്പര്യങ്ങളും സംരക്ഷിക്കുന്ന ഒരു നടപടിയാകണം സർക്കാർ സ്വീകരിക്കേണ്ടത് .സൈനികമായും സാമ്പത്തികമായും ഇന്ത്യ ഉന്നതിയിലേക്ക് കുതിക്കുകയാണ് .കശ്മീരിൽ പോലും സമാധാനത്തിന്റെ അന്തരീക്ഷം മടങ്ങി വരുകയാണ് .അതെല്ലാം തകർത്തു ഒരു യുദ്ധത്തിന്റെ അന്തരീക്ഷത്തിലേക്ക് നാടിനെ നയിച്ചു കൂടാ . അതിനു പകരം ഭീകരരെ കണ്ടെത്തുകയും അവരെ തിരിച്ചറിഞ്ഞു അവരെ ഒളിയുദ്ധം നടത്താൻ നിയോഗിച്ച സർക്കാരിനെയും അവരുടെ സംഘടനകളെയും അന്താരാഷ്ട്ര നിയമത്തിനു മുന്നിൽ കൊണ്ടു വരുകയും ചെയ്യണം . ആധുനിക വാർത്ത വിനിമയങ്ങൾ നിലവിലുള്ള ഈ കാലഘട്ടത്തിൽ അതിരുകൾ ഇല്ലാതെ ഭീകര ശൃംഖലകൾ കണ്ടെത്താനും അതിനു ഒത്താശ ചെയ്യുന്നവരെ പിടി കൂടാനും അവരെ നിയോഗിക്കുന്ന രാഷ്ട്രങ്ങളെ നിശ്ചലമാക്കാനും നമുക്ക് കഴിയും അതിനുള്ള തുടക്കമായി ഈ സൈനിക നടപടിയെ നാം കാണണം .അതുകൊണ്ടു തന്നെ ശക്തമായ നയതന്ത്ര നടപടികൾ ആണ് നാം സ്വീകരിക്കേണ്ടത് . .അത് കൊണ്ടൊന്നും നമ്മുടെ നാടിൻറെ സുരക്ഷ ഉറപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ മാത്രമേ നാം ആത്യന്തിക നടപടിക്കു മുതിരാവൂ .


*സ്നേഹത്തോടെ,*

**ഇ-മലയാളി പത്രാധിപസമിതി**

## EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS






05 മുഖലേഖനം
**പഹൽഗാമിന് ഇന്ത്യയുടെ തിരിച്ചടി**
പി എസ് ജോസഫ്, എ എസ് ശ്രീകുമാർ

11 ചെറുകഥ
**ഒരു അരാഷ്ട്രീയവാദി കവിയുടെ ജീവിതം**
ബാബു ഇരുമല

23 നോവൽ
**ഒന്നാമത്തെ ദിവ്യരഹസ്യം**
ജോസഫ് എബ്രഹാം

29 ചെറുകഥ
**നിഷാദപർവ്വം**
സുരേന്ദ്രൻ മാങ്ങാട്ട്

33 മധുശാലയിൽ
**ചുവന്ന ജബഡി പൂക്കൾ**
എസ് സുന്ദർദാസ്

35 ചെറുകഥ
**പ്രണയ റിചാർജിംഗ്**
ജെസ്മോൾ കെ ജോസ്

39 ചെറുകഥ
**ഭൂമിയിലെ പൂക്കൾ**
എം ടി ഉണ്ണിക്കണ്ണൻ

45 സമൂഹം
**മനുഷ്യൻ ഈ കുടിലിൽ**
സനൂബ് ശശിധരൻ

47 ചെറുകഥ
**വരൂ നമുക്ക് സബർമതിയിലേക്ക് പോകാം**
ബിജു മേലെപുരത്തു

55 സിനിമ
എൻറെ സംഗീത വഴികൾ
**ആലാപനത്തിൽ ട്രാക്ക് സമ്പ്രദായം പിറക്കുന്നു**
എസ് രാജേന്ദ്ര ബാബു

61 കവിത
**വെയിലാലിംഗനം**
സി ഹനീഫ്

62 **പിടച്ചിൽ**
സീന ശ്രീവത്സൻ

65 **ഇന്ദ്രിയ ജാലങ്ങൾ**
ആശാ പ്രഭാകരൻ

66 **കെട്ടടുക്കാൻ പഠിക്കണം ...**
അനുവിന്ദ

67 **നിഴലാട്ടം**
ആനന്ദവല്ലി ചന്ദ്രൻ

**മൌനം**
ദർശന

69 അഞ്ജലി
**ഷാജി എൻ കരുൺ**

72 ചിത്രലോകം
വി ആർ സന്തോഷ്









● 'ഓപ്പറേഷൻ സിന്ദൂർ'






# പഹൽഗാമിന് ഇന്ത്യയുടെ തിരിച്ചടി

## ഇന്ത്യയുടെ തിരിച്ചടിയും പാകിസ്ഥാന്റെ പ്രതികരണവും മറ്റൊരു യുദ്ധത്തിനു ഇത് വഴി തെളിക്കുമോ ?

◉ പി എസ് ജോസഫ്, എ എസ് ശ്രീകുമാർ



പ്രധാന മന്ത്രി മോദി രാഷ്ട്രപതി മുർമുവിനെ കാണുന്നു

ഇത്ര വിശാലമായി ,അതീവ കൃത്യതയുള്ള ഒരു തിരിച്ചടി പാകിസ്ഥാനും ഭീകരരും പ്രതീക്ഷിച്ചിരിക്കില്ല .  25 മിനുട്ടുകളിൽ കൃത്യമായ 24 സ്‌ട്രൈക്കുകളിലൂടെ പാകിസ്ഥാനിലും പാക് അധീന കാശ്മീരിലും ഉള്ള  ഭീകരരെ പരിശീലിപ്പിക്കുന്ന ഒൻപതു ക്യാമ്പുകൾ ഇന്ത്യൻ വ്യോമസേനയുടെ റാഫേൽ വിമാനങ്ങളും ഡ്രോണുകളും  തകർത്തു''പദ്ധതി അനുസരിച്ചു ലക്ഷ്യമിട്ട ഭീകര കേന്ദ്രങ്ങൾ തകർത്തു .സാധാരണക്കാരെ ബാധിക്കാത്ത തിരിച്ചടി ', പ്രതിരോധ മന്ത്രി രാജ് നാഥ് സിംഗ് പറഞ്ഞു

ഓപറേഷൻ സിന്ദൂർ  ചൊവ്വാഴ്ച പുലർച്ചെ 25 മിനിറ്റാണ് നീണ്ടു നിന്നത്.  പാക് ഭീകരരുടെ 9 കേന്ദ്രങ്ങളാണ് തകർത്തത്.  പഹൽഗാം ഭീകരാക്രമണത്തിന്റെ പതിനഞ്ചാം ദിവസമായിരുന്നു, അതായത്  മെയ് ഏഴിന് ഇന്ത്യൻ സമയം ബുധനാഴ്ച  പുലർച്ചെ 1. 44 – നുള്ള പ്രത്യാക്രമണം.  ഇതിൽ 70  ഭീകരർ കൊല്ലപ്പെട്ടുവെന്നാണ് അനൗദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്.  ആക്രമണത്തിൽ 17 ഭീകരർ കൊല്ലപ്പെട്ടുവെന്നും 80 പേർക്ക് പരുക്കേറ്റുവെന്നുമാണ് സൈന്യം വ്യക്തമാക്കിയത്. കൊല്ലപ്പെട്ടവരിൽ  കൊടും ഭീകരൻ മസ്സൂദ് ആഷറിന്റെ പത്തു കുടുംബാംഗങ്ങളും പെടുന്നു .

### ''പ്രതികരിക്കാനുള്ള അവകാശം ''വിനിയോഗിക്കുന്നു

വളരെ അളന്നു തൂക്കിയ വാക്കുകളിൽ ആയിരുന്നു പ്രതിരോധ മന്ത്രാലയം  ഏപ്രിൽ 22 നു പാക്






**അഖില കക്ഷി യോഗം**

ഭീകരർ നടത്തിയ പഹൽഗാം ആക്രമണത്തിനു നൽകിയ മേയ് ഏഴിലെ തിരിച്ചടിയെ പറ്റി പരാമർശിച്ചത് . പാക് ഭീകരരുടെ താവളങ്ങളിൽ സൂക്ഷ്മമായ ആക്രമണം നടത്തിയെന്നും അത് സാധാരണ പൗരന്മാരെയോ സൈനിക പ്രതിഷ്ഠാപനങ്ങളെയോ ബാധിക്കാതെയാണെന്നും ആക്രമണം കൈവിട്ടുപോകാതെ നിയന്ത്രിതമായിരുന്നു എന്നുമാണ് അവർ പ്രസ്താവിച്ചത് .

ഇന്ത്യയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വെളിപ്പെടുത്തുന്ന ഒട്ടും പ്രകോപനപരമല്ലാത്ത പ്രസ്താവന ആയിരുന്നു അത്.മാന്യമായ ആ വരികൾക്കിടയിൽ രണ്ടാഴ്ചയായി ഇന്ത്യയെ മുറിവേൽപ്പിച്ചു വന്ന പഹൽഗാം ആക്രമണത്തെ പറ്റിയും അത് മൂലം ഇന്ത്യയെ നിർബന്ധപൂർവ്വം തിരിച്ചടിക്ക് പ്രേരിപ്പിച്ച ഘടകങ്ങളെ പറ്റിയും സൂചന ഉണ്ടായിരുന്നു .

പാകിസ്ഥാനിലെയും പാക് അധിനിവേശ കാശ്മീരിലെയും തകർക്കപ്പെട്ട ഭീകരതാവളങ്ങളുടെ പട്ടിക അതിനു ഒരു മൂർത്ത രൂപം നൽകി .''ഇന്ത്യൻ സൈന്യം രാത്രി ചരിത്രം സൃഷ്ടിച്ചു . സ്വന്തം മണ്ണിൽ ആക്രമണം ഉണ്ടാകുമ്പോൾ അതിനെതിരെ ''പ്രതികരിക്കാനുള്ള അവകാശം ''ഇന്ത്യ ഉപയോഗിച്ചു ',

> **."ഇന്ത്യൻ സൈന്യം ചൊവ്വാഴ്ച രാത്രി ചരിത്രം സൃഷ്ടിച്ചു . സ്വന്തം മണ്ണിൽ ആക്രമണം ഉണ്ടാകുമ്പോൾ അതിനെതിരെ "പ്രതികരിക്കാനുള്ള അവകാശം "ഇന്ത്യ ഉപയോഗിച്ചു ',പ്രതിരോധ മന്ത്രി രാജ് നാഥ് സിംഗ് സിംഗ്**



**പ്രതിരോധ മന്ത്രി രാജനാഥ് സിംഗ്**

പ്രതിരോധ മന്ത്രി രാജ് നാഥ് സിംഗ് സിംഗ് പറഞ്ഞു .

### ഓപറേഷൻ സിന്ദൂർ

ഓപറേഷൻ സിന്ദൂർ ചൊവ്വാഴ്ച പുലർച്ചെ 25 മിനിറ്റാണ് നീണ്ടു നിന്നത്. പാക് ഭീകരരുടെ 9 കേന്ദ്രങ്ങളാണ് തകർത്തത്. പഹൽഗാം ഭീകരാക്രമണത്തിന്റെ പതിനഞ്ചാം ദിവസമായിരുന്നു, അതായത് മെയ് ഏഴിന് ഇന്ത്യൻ സമയം ബുധനാഴ്ച പുലർച്ചെ 1.44-നുള്ള പ്രത്യാക്രമണം. ഇതിൽ 70 ഭീകരർ കൊല്ലപ്പെട്ടുവെന്നാണ് അനൗദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. ആക്രമണത്തിൽ 17 ഭീകരർ കൊല്ലപ്പെട്ടുവെന്നും 80 പേർക്ക് പരുക്കേറ്റുവെന്നുമാണ് സൈന്യം വ്യക്തമാക്കിയത്.കൊല്ലപ്പെട്ടവരിൽ കൊടും ഭീകരൻ മസ്സൂദ് ആഷറിന്റെ പത്തു കുടുംബാംഗങ്ങളും പെടുന്നു .

ആക്രമണത്തിനിരയായ മർകസ് സുബ്ഹാൻ അല്ലാഹ്, ബഹവൽപൂർ (ജയ്ഷെ മുഹമ്മദിൻറെ ആസ്ഥാന കേന്ദ്രം),മർകസ് തയ്ബ മുരിദ്കെ (ലഷ്കർ ഇ തോയിബയുടെ ആസ്ഥാനം ) എന്നിവ പാക് പഞ്ചാബിലാണ് .ഭരണകക്ഷികളുടെ സിരാകേന്ദ്രമാണിത് . പാക് അധീന കാശ്മീരിലെ നിയന്ത്രണ രേഖയ്ക്ക് സമീപമുള്ള സർജൽ, തെഹ്റ കലാൻ ( ജെ.എം), മെഹ്മൂന ജോയ, സിയാൽകോട്ട് (ഹിസ്ബുൾ മുജാഹിദീൻ), മർകസ് അഹ്ലെ (ഹദീസ്), ബർണാല (ലഷ്കരെ ത്വയ്ബ), മർകസ് അബ്ബാസ്, കോട്ലി (ജെ.എം), മസ്കർ റഹീൽ ഷാഹിദ്, കോട്ലി (എച്ച്.എം), സവായ് നള്ള ക്യാമ്പ്,

**ആക്രമണത്തിനിരയായ മർകസ് സുബ്ഹാൻ അല്ലാഹ്, ബഹവൽപൂർ (ജയ്ഷെ മുഹമ്മദിൻറെ ആസ്ഥാന കേന്ദ്രം),മർകസ് തയ്ബ മുരിദ്കെ (ലഷ്കർ ഇ തോയിബ യുടെ ആസ്ഥാനം ) എന്നിവ പാക് പഞ്ചാബിലാണ് . ഭരണകക്ഷികളുടെ സിരാകേന്ദ്രമാണിത് . പാക് അധീന കാശ്മീരിലെ നിയന്ത്രണ രേഖയ്ക്ക് സമീപമുള്ള സർജൽ, തെഹ്റ കലാൻ ( ജെ. എം), മെഹ്മൂന ജോയ, സിയാൽകോട്ട് (ഹിസ്ബുൾ മുജാഹിദീൻ), മർകസ് അഹ്ലെ (ഹദീസ്), ബർണാല (ലഷ്കരെ ത്വയ്ബ), മർകസ് അബ്ബാസ്, കോട്ലി (ജെ. എം), മസ്കർ റഹീൽ ഷാഹിദ്, കോട്ലി (എച്ച്. എം), സവായ് നള്ള ക്യാമ്പ്, മുസാഫറാബാദ് (ലഷ്കരെ ത്വയ്ബ), സയ്യിദാന ബിലാൽ ക്യാമ്പ്, മുസാഫറാബാദ് (ജെ. എം) എന്നിവയാണ് തകർത്ത മറ്റു ഭീകര കേന്ദ്രങ്ങൾ.**

മുസാഫറാബാദ് (ലഷ്കരെ ത്വയ്ബ), സയ്യിദാന ബിലാൽ ക്യാമ്പ്, മുസാഫറാബാദ് (ജെ.എം) എന്നിവയാണ് തകർത്ത മറ്റു ഭീകര കേന്ദ്രങ്ങൾ. റഫാൽ വിമാനങ്ങളിൽ നിന്ന് സ്കാൽപ് ലോങ്ങ് റേഞ്ച് മിസൈലുകളും എ എ എസ് എം ഹമ്മർ ബോംബുകളും ഉപയോഗിച്ചായിരുന്നു തിരിച്ചടി നൽകിയത്. രാജ്യത്തെ ആറിടങ്ങൾ ആക്രമിക്കപ്പെട്ടതായി പാകിസ്ഥാൻ സ്ഥിരീകരിച്ചിട്ടുണ്ട്.

### ഇന്ത്യയുടെ അഭിമാന നിമിഷം

തന്ത്രപരമായ നിയന്ത്രണം എന്ന നയമായിരുന്നു ഇന്ത്യ പാക് പ്രകോപനങ്ങളോടു കാട്ടി വന്നത്.2001 ഇൽ പാരലമെന്റ് ആക്രമണത്തിലും 2008 ഇൽ മുംബൈ ആക്രമണത്തിലും ഈ കരുതൽ വലിയ ഒരു യുദ്ധത്തിലേക്ക് കാര്യങ്ങൾ എത്തുന്നതിൽ നിന്ന് ഇരു രാജ്യങ്ങളെയും പിന്തിരിപ്പിച്ചു .



**അമിത് ഷായും രാജ് നാഥ് സിംഗും അഖില കക്ഷി യോഗത്തിൽ**

ഇന്ത്യയുടെ ശക്തമായ പ്രതികരണവും നിയന്ത്രണവും ഏറെ പ്രശംസിക്കപ്പെട്ടു .പക്ഷേ ഇന്ത്യ ഒരു സോഫ്റ്റ് സ്റ്റേറ്റ് ആകരുതെന്ന് കരുതുന്ന ബി ജെ പിയുടെ വരവോടെ കുടുതൽ കടുത്ത പ്രതികരണം എന്ന നിലയിലേക്ക് നമ്മുടെ സൈനിക സിദ്ധാന്തം മാറി .ആ നിലക്ക് ഈ തിരിച്ചടി അ പ്രതീക്ഷിതമായിരുന്നില്ല.അഖില കക്ഷി യോഗം സർക്കാരിൻറെ ഏതു നടപടിക്കും പിന്തുണ നൽകിയതോടെ ഭരണപരമായ അനുമതി മാത്രമേ വേണ്ടിയിരുന്നുള്ളൂ.മോദി സർക്കാർ ആകട്ടെ സൈന്യത്തിനു യുക്തമായ എന്ത് നടപടിയും സ്വീകരിക്കാൻ അനുമതി നൽകി .പാക് അധീന കാശ്മീരിൽ മാത്രമല്ല പാകിസ്ഥാനിലെ ഭീകര താവളങ്ങളിലും യുദ്ധവിമാനങ്ങൾ പറന്നു .ഒരു നഷ്ടവുമില്ലാതെ അവ തിരികെ എത്തി .

മോദിയും പ്രതിപക്ഷവും ആഹ്ലാദത്തോടെയാണ് ഈ വാർത്ത പങ്കു വെച്ചത് .കോൺഗ്രസ് നേതാവ് ഖാർഗെയും പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും ഈ നടപടി സ്വാഗതം ചെയ്തു .ശശി തരൂർ ഈ നടപടിക്ക് വേണ്ടി താൻ കാത്തിരിക്കുകയായിരുനുവെന്നും പക്ഷെ ഇനിയും ഇത് വഷളാകാതെ നോക്കണണമെന്നും അഭിപ്രായപ്പെട്ടു . പിണിയാളുകളെ നിയന്ത്രിക്കുന്ന അധികാരികളെ ലക്ഷ്യം വെച്ചില്ലെങ്കിൽ ഇത് കൊണ്ടുള്ള ഫലം താൽക്കാലികമാണ് എന്ന് ബ്രഹ്മ ചെല്ലാനി പറയുന്നു . തിരിച്ചടി നടത്തിയതിന്റെ പശ്ചാത്തലത്തിൽ മോദി സർക്കാർ വാഴാഴ്ച ഒരു അഖില കക്ഷി യോഗം വിളിച്ചു ചേർത്തു .

### സിന്ദൂരപ്പൊട്ടിന്റെ ഓർമ്മയ്ക്ക്


പഹൽഗാമിൽ പാക് ഭീകരർ പോയിന്റ് ബ്ലാങ്കിൽ വെടിയുതിർത്തില്ലാതാക്കിയവരുടെ ഭാര്യമാരുടെ കണ്ണീർ ഒരിക്കലും തോരില്ല. ഭീകരർ മായ്ച്ച് കളഞ്ഞത് 26 നിരപരാധികളായ ഭാര്യമാരുടെ സിന്ദൂരമാണ്. സീമന്തരേഖയിൽ സിന്ദൂരം ചാർത്തുകയെന്നത് ജാതി മത ഭേദമെന്യേ ഭാരത സ്ത്രീകളുടെ അവകാശവും അഭിമാനവുമാണ്. തനിക്ക് സ്നേഹനിധിയായ ഒരു ഭർത്താവ് ഉണ്ടെന്നും മറ്റാരും തന്നെ നോക്കേണ്ടെന്നും പ്രതീകാത്മകമായി സൂചിപ്പിക്കുന്നതാണ് ഈ സിന്ദൂരപ്പൊട്ട്. ഭർത്താവിന്റെ ആയുരാരോഗ്യത്തിന്റേയും വിവാഹ ജീവിതത്തിലെ ഐശ്വര്യത്തിന്റേയും പ്രതീകമായാണ് നെറ്റിയിൽ ചാർത്തുന്ന ചുവന്ന പൊട്ടിനെ ഇന്ത്യൻ സ്ത്രീകൾ

കണക്കാക്കുന്നത്.

പരമ്പരാഗതമായും സാംസ്കാരികമായും ഈ സിന്ദൂര തിലകത്തിന് വലിയ പ്രാധാന്യമുണ്ട്. എന്നാൽ ഭർത്താവ് മരിച്ചാൽ, വിധവകളാക്കപ്പെട്ടാൽ, ആ നിമിഷം തന്നെ ഭാര്യ ആ സിന്ദൂരം മായ്ച്ച് കളയും. അതുകൊണ്ടാണ് മായ്ച്ചുകളഞ്ഞ സിന്ദൂരത്തിന് മറുപടി കൊടുത്തപ്പോൾ ഇന്ത്യൻ സൈന്യം ആ സർജിക്കൽ സ്ട്രൈക്കിന് 'ഓപ്പറേഷൻ സിന്ദൂർ' എന്ന ഏറ്റവും ഉചിതമായ പേര് കൊടുത്തത്.

പ്രിയ ഭർത്താക്കൻമാരെ നഷ്ടപ്പെട്ട് നിത്യദുഖത്തിൽ കഴിയുന്ന 26 വിധവകൾക്കുള്ള ആദരമാണ് 'ഓപ്പറേഷൻ സിന്ദൂർ'. ഇത് അഭിമാന നിമിഷമാണെന്നും അമ്മയുടെ സിന്ദൂരം മായ്ച്ചതിനുള്ള മറുപടിയെന്നും ഈ ദു:ഖവേളയിൽ ഇന്ത്യ നൽകിയ തിരിച്ചടി ആശ്വാസകരമാണെന്നും പഹൽഗാമിൽ കൊല്ലപ്പെട്ട എറണാകുളം ഇടപ്പള്ളി സ്വദേശിയായ രാമചന്ദ്രന്റെ മകൾ ആരതി പറഞ്ഞു. പഹൽഗാം സംഭവത്തിനുള്ള ഇന്ത്യയുടെ തിരിച്ചടിയെങ്ങിനെയായിരുന്നുവന്നു വിശദീകരിച്ച സൈന്യത്തിന്റെ ബ്രീഫിങ്ങിൽ സേനയിലെ രണ്ട് യുവ വനിതാ ഓഫീസർമാരും ഉണ്ടായിരുന്നു.

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രിക്ക് പുറമെ കേണൽ സോഫിയ ഖുറേഷി, വിംഗ് കമാൻഡർ വോമിക സിങ് എന്നിവരാണ് വീഡിയോ സഹിതം നടത്തിയ തിരിച്ചടിയെപ്പറ്റി കൃത്യമായി വിശദീകരിച്ചത്. ഇതാദ്യമായാണ് സൈനികനീക്കത്തെപ്പറ്റി വനിതകൾ വിശദീകരിക്കുന്നത്. പഹൽഗാമിലെ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നീതി ഉറപ്പാക്കിയെന്ന് കേണൽ സോഫിയ ഖുറേഷിയും വോമിക സിങ്ങും പറഞ്ഞു. ഓപ്പറേഷൻ സിന്ദൂറിലൂടെ 9 ഭീകര കേന്ദ്രങ്ങൾ തകർത്തുവെന്നും സാധാരണക്കാരുടെ ജീവന്



**പാകിസ്ഥാൻ പ്രധാനമന്ത്രി ഷാബാസ് ഷെരിഫ്**

**ഇന്ത്യ ഒരു സോഫ്റ്റ് സ്റ്റേറ്റ് ആകരുതെന്ന് കരുതുന്ന ബി ജെ പിയുടെ വരവോടെ കുടുതൽ കടുത്ത പ്രതികരണം എന്ന നിലയിലേക്ക് നമ്മുടെ സൈനിക സിദ്ധാന്തം മാറി . ആ നിലക്ക് ഈ തിരിച്ചടി പ്രതീക്ഷിതമായിരുന്നില്ല. അഖില കക്ഷി യോഗം സർക്കാരിൻറെ ഏതു നടപടിക്കും പിന്തുണ നൽകിയതോടെ ഭരണപരമായ അനുമതി മാത്രമേ വേണ്ടിയിരുന്നുള്ളൂ.**

അപകടമുണ്ടാകാത്ത രീതിയിലായിരുന്നു ആക്രമണമെന്നും വിക്രം മിസ്രി വ്യക്തമാക്കി.

**പാക് പ്രതികരണം**

പഹൽഗാം ആക്രമണം പാകിസ്ഥാൻ ഇന്ത്യക്കെതിരെ നടത്തുന്ന ഒളിയുദ്ധത്തിന്റെ തനിയാവർത്തനമായിരുന്നു .പാക് സർക്കാരിന്റെയും സൈന്യത്തിന്റെയും മൌനാനുവാദത്തോടെ പ്രവർത്തിക്കുന്ന ഭീകരപ്രവർത്തകർ പാക് അധീന കാശ്മീരിൽ താവളങ്ങൾ കെട്ടിപ്പടുക്കുകയും ഇന്ത്യയിൽ വിധ്വംസക പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്തു .അവരുടെ നിയന്ത്രണം ആർക്കെന്ന് ഏവർക്കും അറിയാമെങ്കിലും അവരെ അങ്ങനെ പിടികൂടുക എളുപ്പമല്ല . മസൂദ് ആഷറും ഹാഫീസ് സയ്യെദും നേതൃത്വം നൽകുന്ന ജൈഷെ മുഹമ്മദും ലഷക്രെ തോയിബയും ഇന്ത്യക്കെതിരെയുല്ലാ അക്രമ



**പാക് പ്രതിരോധ മന്ത്രി ഖ്വാജ അസിഫ്**

ങ്ങളിൽ മുന്നിൽ നിന്നു .അവരെ നിയന്ത്രിക്കാൻ പാക് ഭരണകൂടം ശ്രമിച്ചില്ല .

പാക് സൈന്യാധിപൻ അസിമും പാക് പ്രധാനമന്ത്രി ഇന്ത്യക്കെതിരെ ശക്തമായ തിരിച്ചടി ഉണ്ടാകുമെന്ന് ഭീഷണിപ്പെടുത്തി . ബിലാവൽ ഭൂട്ടോ ആകട്ടെ സിന്ധു നദി ചോരപ്പുഴയായി മാറുമെന്നും പ്രകോപനപരമായി പറഞ്ഞു . പക്ഷെ പാക് പ്രധാനമന്ത്രി ഷാബാസ് ഷെരിഫ് ഇത് വരെ മൌനം പാലിക്കുകയാണ് .അന്താരാഷ്ട്ര നാണയ നിധിയിൽ നിന്ന് വൻതുകയുടെ രക്ഷാ പാക്കേജിന് ശ്രമിക്കുമ്പോൾ ആയിരുന്നു പഹൽഗാം ആക്രമണം .ഇന്ത്യയുടെ തിരിച്ചടി പ്രശ്നം കുടുതൽ വഷളാക്കി .കറാച്ചി സ്റ്റോക്ക് എക്സ്ചേഞ്ച് സൂചിക ആറായിരം പോയിന്റാണ് താണത്.ഇത്തരമൊരു സാഹചര്യത്തിൽ ഇന്ത്യക്കെതിരെ യുദ്ധത്തിൽ കലാശിക്കാവുന്ന ഒരു പ്രകോപനത്തിന് പാകിസ്ഥാന് ത്രാണിയില്ല .

ഇന്ത്യയിൽ നിന്ന് വ്യത്യസ്തമായി പാക് സൈന്യം സിവിൽ ഭരണാധികാരികളുടെ ഉത്തരവ് മാനിക്കണമെന്നില്ല .നവാസ് ഷെരിഫിന്റെ അനുഭവം നമ്മുടെ ഓർമ്മയിൽ ഉണ്ട് .മാത്രമല്ല പാകിസ്ഥാൻ ഒരു ആണവ രാഷ്ട്രമാണ് .ഉത്തരവാദിത്തോടെ ഇന്ത്യ ഒരിക്കലും ആദ്യം ആണവ ശക്തി ഉപയോഗിക്കില്ല എന്ന് പ്രഖ്യാപിച്ചിട്ടുണ്ട് .പക്ഷേ സാധാരണ യുദ്ധം ഫലിക്കാതെ വരുമ്പോൾ ആണവായുധം

ഉപയോഗിക്കാം എന്നാ നിലപാടിലാണ് പാകിസ്ഥാൻ .ഇന്ത്യക്ക് 180 ആണവ ആയുധവും പാകിസ്ഥാന് 170 ആണവായുധവും ഉണ്ടെന്നു ചില കണക്കുകൾ സൂചിപ്പിക്കുന്നു. കോടികളെ ഉന്മൂലനം ചെയ്യാൻ ഒരു ആണവ യുദ്ധത്തിനു കഴിയും .

**ഇന്ത്യക്ക് മേൽക്കൈ.**

ആയുധക്കരുത്തിൽ ഇന്ത്യ വളരെ മുമ്പിലാണ്. ലോകരാജ്യങ്ങളുടെ ആയുധ ശേഷി വർഷാവർഷം താരതമ്യം ചെയ്യുന്ന ഗ്ലോബൽ ഫയർ പവർ ഇൻഡക്സ് അനുസരിച്ച് ലോകത്തെ നാലാമത്തെ വലിയ സൈന്യമാണ് ഇന്ത്യയുടേത്. ഇന്ത്യയ്ക്ക് പിന്നിലാണ് സൗത്ത് കൊറിയയും യു.കെയും ഫ്രാൻസും ജപ്പാനുമൊക്കെ. അമേരിക്കയും റഷ്യയും ചൈനയുമാണ് യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിൽ. പാകിസ്താൻ 12-ാം സ്ഥാനത്താണ്. ഭൂട്ടാനാണ് ഏറ്റവും പിന്നിൽ, 145-ാം സ്ഥാനം.

ഇന്ത്യയിൽ ഭീകരപ്രവർത്തനങ്ങൾ നടത്തുന്ന പാകിസ്താനെ ഭസ്മമാക്കാൻ ഇന്ത്യയ്ക്ക് നിഷ്പ്രയാസം സാധിക്കും. 1947-ലെ ഇന്ത്യാ വിഭജനത്തെ തുടർന്ന് നടന്ന നാല് യുദ്ധങ്ങളിലും ഇന്ത്യയ്ക്കായിരുന്നു മേൽക്കൈ. കശ്മീർ എന്ന നാട്ടുരാജ്യത്തിന്റെ നിയന്ത്രണത്തിനായി ഇന്ത്യയും പാകിസ്താനും തമ്മിൽ 1947-48 കാലഘട്ടത്തിലുണ്ടായ യുദ്ധമാണ് ഒന്നാം കാശ്മീർ യുദ്ധം എന്നറിയപ്പെടുന്ന 1947-ലെ ഇന്ത്യാ-പാകിസ്താൻ യുദ്ധം. യുദ്ധാവസാനസമയത്ത് ഇരുസൈന്യങ്ങളും നിന്നിരുന്ന രേഖ നിലവിലെ നിയന്ത്രണ രേഖയായി മാറി.

1965 ഏപ്രിൽ മുതൽ സെപ്തംബർ വരെ ഇന്ത്യയും പാകിസ്താനും ഏറ്റുമുട്ടി. തങ്ങളുടെ സേനകളെ ജമ്മു കാശ്മീരിലേക്ക് നുഴഞ്ഞുകയറ്റാനുള്ള പദ്ധതിയെത്തുടന്നാണ് പ്രശ്നങ്ങൾ ഉണ്ടാവുന്നത്. 1971 ഡിസംബർ 3-ന് ഇന്ത്യയുടെ 11




**സോണിയ ഖുറേഷി ബ്രിഫ് ചെയ്യുന്നു**

എയർബേസുകളെ ആക്രമിച്ചതോടെ തുടങ്ങിയ ഇന്ത്യ-പാക് സൈനിക സംഘട്ടനം ആരംഭദിശയിൽ ഓപ്പറേഷൻ ചെങ്കിസ്ഖാൻ എന്ന് വിശേഷിപ്പിക്കപ്പെട്ടു. കശ്മീരിലെ

> **ഇത് അഭിമാന നിമിഷമാണെന്നും അമ്മയുടെ സിന്ദൂരം മായ്ച്ചതിനുള്ള മറുപടിയെന്നും ഈ ദു:ഖവേളയിൽ ഇന്ത്യ നൽകിയ തിരിച്ചടി ആശ്വാസകരമാണെന്നും പഹൽഗാമിൽ കൊല്ലപ്പെട്ട എറണാകുളം ഇടപ്പള്ളി സ്വദേശിയായ രാമചന്ദ്രന്റെ മകൾ ആരതി പറയുന്നു**

കാർഗിൽ പ്രദേശത്ത് 1999 മെയ് മുതൽ ജൂലൈ വരെ ഇന്ത്യയും പാകിസ്താനും തമ്മിൽ നടന്ന സായുധപോരാട്ടമാണ് കാർഗിൽ യുദ്ധം. 1971-ലെ യുദ്ധമൊഴികെ എല്ലാ പ്രധാന സംഘർഷങ്ങൾക്കും കാരണം കാശ്മീർ ആണ് ..

**നയതന്ത്ര ഇടപെടലുകൾ**

ഇന്ത്യയും പാകിസ്ഥാനുമായുള്ള ഒരു യുദ്ധം ഒരു രാജ്യവും ആഗ്രഹിക്കുന്നില്ല എന്നതാണ് ആശ്വാസകരം .ലോക ശക്തികളായ യു എസും റഷ്യയുമായി ഇന്ത്യക്ക് നല്ല ബന്ധമാണ് .ഒരു കാലത്ത് ശക്തമായ സാന്നിധ്യമായിരുന്ന യു എന്നിനു പഴയ ശൌര്യമൊന്നുമില്ല. എങ്കിലും ഇന്ത്യക്കും പാകിസ്ഥാനും അവർ മുന്നറിയിപ്പ് നൽകിയിരിക്കുന്നു .ചൈന പാകിസ്ഥാന് ഒപ്പമാണെങ്കിലും രാഷ്ട്രീയ സംഘർഷങ്ങളിൽ അവർ ഭാഗഭാക്കാകില്ല. പക്ഷെ ഒരു യുദ്ധമുണ്ടായാൽ ചൈന പല പദ്ധതികളിൽ ആയി വൻതോതിൽ മുതൽ മുടക്കിയിരിക്കുന്ന പാകിസ്ഥാനെ സംരക്ഷിക്കാൻ മുന്നോട്ടു വരാം.

യുദ്ധത്തിലേക്ക് നയിക്കാതെ കരുതലോടെ നടത്തിയ ഇന്ത്യയുടെ സ്ട്രാറ്റജിക് സ്ട്രൈക്ക് പാക് ജനതയിൽ വലിയ അസംതൃപ്തി സൃഷ്ടിച്ചേക്കാം .പക്ഷെ അവർ വഴിവിട്ട ഒരു യുദ്ധത്തിനു ഒരുങ്ങുമെന്നു കരുതുക വയ്യ .പക്ഷെ രാഷ്ട്രങ്ങളെയും വ്യക്തികളെയും നയിക്കുന്നത് ഓരോ താല്പര്യങ്ങൾ ആണ് .ആ യുദ്ധക്കളികളിൽ വരും നാളുകളിൽ ഇരു രാഷ്ട്രങ്ങളും എങ്ങനെ പെരുമാറും എന്നാണു കണ്ടറിയേണ്ടത് ..


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# ഒരു അരാജകവാദി കവിയുടെ ജീവിതം

◉ ബാബു ഇരുമല

### 1.ലോക്ക് ഡൗൺ

മൂന്നാഴ്ച്ചയായി ഞാനും, ഭാര്യ റോസിലിയും പുറംലോകം കാണാതെ വീട്ടിൽ കഴിയുകയാണ്. കോവിഡ് വ്യാപനം നിയന്ത്രിക്കുവാൻ  മാർച്ച് 21 ശനിയാഴ്ച്ച ദേശീയ അവധി പ്രഖ്യാപിക്കപ്പെട്ടു. ഞായറാഴ്ച്ച കർഫ്യു. തിങ്കൾ, ചൊവ്വ വാഹനങ്ങൾ ഓടിയില്ല. 2020 മാർച്ച് 25 ബുധനാഴ്ച്ച മുതൽ ലോക്ക് ഡൗൺ.  അത്യാവശ്യം മരുന്ന്, പലചരക്ക്, പച്ചക്കറി, പഴം സാധനങ്ങൾ വീടിനടുത്തുള്ള കടകളിൽ നിന്ന് വാങ്ങുവാൻ ഒരു ദിവസം അനുവദിച്ചിട്ടുണ്ടെങ്കിലും അതും ഓട്ടോക്കാരനാൽ സാധിച്ചു വരുന്നു.

ഇപ്പോൾ ആകെ കാണാറുള്ളത് വീടിനു മുന്നിലെ ആലുവ - മൂന്നാർ റോഡു മാത്രം. രാത്രി പകൽ വ്യത്യാസമില്ലാതെ, ഇടതടവില്ലാതെ വാഹനങ്ങൾ ഓടിക്കൊണ്ടിരുന്ന നിരത്തിൽ അഞ്ചു മിനിറ്റിൽ ഒരു കാറോ,  ബൈക്കോ പോയെങ്കിലായി. എതിരെയുള്ള അടച്ചിട്ടിരിക്കുന്ന ഫർണിച്ചർ കെട്ടിടത്തിന്റെ വരാന്തയിലെ സിമന്റു ബഞ്ചിൽ പോലീസ് ഉദ്യോഗസ്ഥൻ മാസ്ക് ധരിച്ച് രാവിലെ എട്ടു മണി മുതൽ ഡ്യൂട്ടിയിലുണ്ടാകും. സ്പീഡ് ബാരിയർ കണ്ട് വണ്ടികൾ നിറുത്തുകയും, യാത്ര ചെയ്യുന്നവരിലെ പ്രധാനി കൈവശം വച്ചിരിക്കുന്ന



വര:
മറിയം ജാസ്മിൻ

സാക്ഷ്യപത്രം നോക്കി വണ്ടി നമ്പർ, ആളെണ്ണം, യാത്ര പോകുന്ന സമയം, ഇടം, തിരിച്ചെത്തുന്ന സമയം തുടങ്ങിയവ പരിശോധിക്കുന്നു.

അരിയും അത്യാവശ്യം പലചരക്കും വാങ്ങുവാൻ വീട്ടിൽ നിന്നിറങ്ങിയ അമ്മിണി ചേച്ചിയെ 'മാസ്ക് ഇല്ലല്ലൊ', എന്നു പറഞ്ഞ്  രണ്ടാം

ദിവസവും പോലീസുകാരൻ തിരിച്ചയക്കുവാൻ തുടങ്ങിയപ്പോൾ റോസിലിയെ  വിട്ട് ചേച്ചിക്ക് ഒരു മാസ്ക് കൊടുത്തു. അങ്ങനെ, അമ്മിണി ചേച്ചിയെ കടയിലേക്ക് പോകുവാൻ പോലീസുകാരൻ അനുവദിച്ചു. ദിവസവും മൂന്നുമണി നേരത്ത് റോഡിലൂടെ രണ്ടു ബക്കറ്റ് തുണികളുമായി കനാലിൽ അലക്കുവാനും, കുളിക്കുവാനും പോയി വന്നിരുന്ന നബീസയുടെ യാത്ര ഇപ്പോൾ റോഡിൽ നിന്നും 200 മീറ്റർ അകലത്തിൽ പാടവക്കത്തെ പുല്ലു പിടിച്ചു കിടക്കുന്ന റോഡിനു സമാന്തരമായ വരമ്പിലൂടെയാക്കിയിരിക്കുന്നു.

പത്രം വരുത്തുന്നത് നിർത്തിച്ചതോടെ ടിവിയിലെ, മൊബൈലിലെ,  വാർത്തകളും, നവമാധ്യമങ്ങളിലെ ആശങ്കപ്പെടുത്തുന്ന പോസ്റ്റുകളും ആണ് ഈ ദിവസങ്ങളിൽ വായിച്ചത്. ഇപ്പോൾ മുറ്റവും, പറമ്പും, ചക്കയും, മാങ്ങയും കൂടാതെ മാസ്കും, സോപ്പും, സാനിറ്റൈസറും ഒക്കെ തന്നെ കൂട്ടുകാർ. റോസിലി വീടിനെ മറയാക്കി,  ആളനക്കം കേൾപ്പിക്കാതെ, താഴെ വീടുകളിലെ രണ്ടു പണിക്കാരെ കൂട്ടി, പിന്നാമ്പുറത്ത് കുറെ പച്ചക്കറി കൃഷികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. അവർ മാസ്ക് ധരിച്ചും അകലം പാലിച്ചുമാണ് പണി ചെയ്തത്. ഭക്ഷണം വീട്ടിൽ നിന്നു തന്നെ കൊണ്ടുവരണമെന്ന നിർദ്ദേശത്തോട് പണിക്കാർ പൂർണമായി സഹകരിച്ചു. അതുപോലെ, പണി ഇല്ലാതിരുന്നപ്പോൾ തൊഴിൽ കൊടുത്തതിന്റെ സന്തോഷം അവർ ഞങ്ങളോട് പങ്കുവയ്ക്കുകയുണ്ടായി. വീട്ടിലെ പച്ചക്കറി കൃഷി എന്നൊക്കെ പ്രോത്സാഹനാർത്ഥം പറയാമെങ്കിലും, അതൊരു നിയമലംഘനം അല്ലാതാകുന്നില്ല.

പലപ്പോഴും രാത്രിയെ പകലാക്കിയും, പകലിനെ രാത്രിയാക്കിയും മുന്നോട്ടു പോകുമ്പോൾ ദിവസം ഏതെന്നതു പോലും മറന്നു പോകുന്നു. ഉററവർ മരണപ്പെട്ടിട്ടും കാണുവാൻ പോകാനാവാത്ത അവസ്ഥ. ഇതിനിടയിൽ കുറെ വായിച്ചു. ഒരു ചെറിയ നോവൽ എഴുതിക്കൊണ്ടിരിക്കുന്നു. എഴുത്തു സാരമായി ബാധിച്ചിരിക്കുന്ന ദുരവസ്ഥയുടെ ഈ കാലം എന്നെങ്കിലും അവസാനിക്കും എന്ന പ്രതീക്ഷ പുലർത്തുക. അങ്ങനെ, ലോക്ക് ഡൗൺ കാലത്തെ ഒരു വൈകിട്ട്



കാരൻ എന്ന നിലയിൽ സന്തോഷം തരുന്നത് ഇത്രമാത്രം. നമുക്കും ലോകത്തിനും വേണ്ടി ആയതിനാൽ എല്ലാ നിയമങ്ങളും നിയന്ത്രണങ്ങളും  ക്ഷമയോടെ അനുസരിക്കുക. സാധാരണ ജീവിതത്തെ ചായ കുടി കഴിഞ്ഞ്   കിടന്ന് ഉറങ്ങുകയായിരുന്നു ഞാൻ.

**2. അഴകൊഴ**

ഗേറ്റ് തുറക്കുന്നതിന്റെ, ഓട്ടോറിക്ഷ മുറ്റത്തെ മെറ്റലിലൂടെ ഓടി നിന്നതിന്റെ, കോളിങ്ങ് ബെല്ലി

ന്റെ മൂന്നു ശബ്ദങ്ങളും ക്രമത്തിൽ കാതിലെത്തി. ക്ലോക്കിൽ നോക്കിയപ്പോൾ സമയം ആറ് ആയിരിക്കുന്നു. റോസിലി വീടിനു പുറത്തെവിടെയെങ്കിലും എന്തെങ്കിലും ജോലികളിൽ ആയിരിക്കണം. ഉറക്കം ദീർഘിച്ചു പോയെന്നറിഞ്ഞ ഞാൻ ധൃതിയിൽ കട്ടിലിൽ നിന്നും എഴുന്നേറ്റ് ചെന്ന് വാതിൽ തുറന്നു.

കവി വിൽസ് തോമസ് ആണ്. മാസ്ക് ധരിക്കാത്തതിന്റെ നീരസത്താലും, മദ്യത്തിന്റെ രൂക്ഷ ഗന്ധത്താലും എന്റെ മുഖം പൊടുന്നനെ മ്ലാനമായി. ഓട്ടോയിൽ നിന്നിറങ്ങിയ കവി കോവിഡ് പ്രോട്ടോക്കോളുകളെ വെട്ടിനിരത്തി, ശാരീരിക അകലം പാലിക്കാതെ സിറ്റൗട്ടിൽ നിന്ന എന്നെ ആഞ്ഞു പുണ്ട് കെട്ടിപ്പിടിക്കുകയും, വെളുത്തതാടി നിറഞ്ഞ മുഖം നെറ്റിയിൽ അമർത്തുകയും, പുറത്ത് വലതു കൈപ്പത്തി കൊണ്ട് സാമാന്യം ശക്തിയിലും ഉച്ചത്തിലും രണ്ടു മൂന്ന് സ്നേഹത്തല്ലുകൾ തരികയും ചെയ്തു. ഒറ്റ നിമിഷം കൊണ്ട് സങ്കടവും ഭയവും എന്നെ വരിഞ്ഞു മുറുക്കി. ഈ ലോക്ക് ഡൗൺ കാലത്ത് മറ്റുള്ളവരെല്ലാം വീട്ടിലിരിക്കുമ്പോൾ കവിക്ക് എങ്ങനെ ഇങ്ങനെ സ്വതന്ത്രനായി സഞ്ചരിക്കാനാകുന്നു എന്നത് എന്നെ അത്ഭുതപ്പെടുത്തി. തോൾസഞ്ചി ഡ്രോയിങ്ങ് റൂമിലെ സെറ്റിയിലേക്ക് വയ്ക്കുന്നതിനിടയിൽ കുഴച്ചിലോടെ വിൽസ് തോമസ് പറഞ്ഞു.

'ഒരു 130 രൂപ കൊടുത്തേരെ ജോൺസാറേ. ഇന്നലെ സന്ധ്യക്ക ആലുവായില് ട്രെയിനിറങ്ങിയെ. അവിടന്ന് ഒരു ഓട്ടോ പിടിച്ച് മേക്കപ്പാല അനിയന്റെ വീട്ടിലേക്ക് പോന്നു. കഴിഞ്ഞ രണ്ടാഴ്ച്ച കോഴിക്കോട് ജാൻസീടെ അടുത്തായിരുന്നൂട്ടൊ. അവർക്ക് പത്രമാഫീസീ പോണോലൊ. ഇനീം നിന്നാ ബുദ്ധിമുട്ടായാലോന്ന് കരുതി ഞാനിങ്ങ് പോന്നു. ഞാനൊന്ന് കക്കൂസി പോട്ടേട്ടൊ.'

കവിക്ക് ടോയ്‌ലറ്റ് കാണിച്ചിട്ട്, 130 രൂപയുമെടുത്ത് തിരികെ സിറ്റൗട്ടിൽ വന്നപ്പോഴേക്കും ഓട്ടോയുടെ പിൻഭാഗത്തു നിന്ന് പുസ്തകം നിറച്ച ഒരു വലിയ തുണിസഞ്ചി ഓട്ടോക്കാരൻ എടുത്തു വച്ചിരുന്നു. രൂപ കൊടുത്ത് ഓട്ടോക്കാരനെ പറഞ്ഞയച്ച ശേഷം പുസ്തക സഞ്ചി ഡ്രോയിങ്ങ് റൂമിലേക്ക് എടുത്തു വച്ചു. ബെഡ് റൂമിലെ ടോയ്‌ലറ്റിൽ കയറി സോപ്പു പതപ്പിച്ച് ഒരു കാക്കക്കുളി നടത്തി, പുതിയ വസ്ത്രങ്ങൾ ധരിച്ച് ഞാൻ ഡ്രോയിങ്ങ് റൂമിലെ സെറ്റിയിൽ വന്നിരുന്നു.

**പലപ്പോഴും രാത്രിയെ പകലാക്കിയും, പകലിനെ രാത്രിയാക്കിയും മുന്നോട്ടു പോകുമ്പോൾ ദിവസം ഏതെന്നതു പോലും മറന്നു പോകുന്നു. ഉററവർ മരണപ്പെട്ടിട്ടും കാണുവാൻ പോകാനാവാത്ത അവസ്ഥ. ഇതിനിടയിൽ കുറെ വായിച്ചു. ഒരു ചെറിയ നോവൽ എഴുതിക്കൊണ്ടിരിക്കുന്നു. എഴുത്തുകാരൻ എന്ന നിലയിൽ സന്തോഷം തരുന്നത് ഇത്രമാത്രം.**

മാസങ്ങൾ കൂടുമ്പോഴോ, വർഷത്തിലൊരിക്കലോ മാത്രമാണ് കവി തൊടുപുഴ കുടുംബത്തിലേക്ക് ചെല്ലുക എന്നാണ് കേട്ടിട്ടുള്ളത്. സഞ്ചാരിയായ വിൽസിന് മലയാളക്കരയിൽ എവിടെ ചെന്നാലും ആൺപെൺ വ്യത്യാസമില്ലാതെ, പ്രായഭേദമന്യേ സുഹൃത്തുക്കളുണ്ട്. അല്ലെങ്കിൽ പരിചയപ്പെടുന്നവരെയെല്ലാം സുഹൃത്തുക്കളാക്കി മാറ്റുവാനുള്ള കഴിവ് അവരുടെ പ്രിയപ്പെട്ട കവിക്കുണ്ട്. താമസം മാറ്റുമ്പോഴെല്ലാം വില്പനക്കായി കരുതുന്ന പുസ്തകങ്ങളും കൂടെ കൊണ്ടു പോകും. പുറത്തു പോകുന്ന സന്ദർഭങ്ങളിലെല്ലാം പ്രസിദ്ധീകരിച്ച 11 കവിതാ പുസ്തകങ്ങളിൽ ലഭ്യമായ ആറു സമാഹാരങ്ങളുടെ രണ്ടു കോപ്പി വീതം തോൾസഞ്ചിയിലാക്കിയാണ് സഞ്ചാരം. അപ്പോൾ കവി ഇനിയുള്ള കുറെ ദിവസം ഇവിടെ ഉണ്ടാകുമെന്ന് ഞാനുറപ്പിച്ചു.

എഴുത്തുകാർ ആയതു കൊണ്ട് 20 വർഷത്തിനു മേൽ പരിചയം വിൽസുമായിട്ടുണ്ട്. വിൽസിന്റെ ഭാര്യ അന്ന ചിത്രകാരി ആയതിനാൽ കുറെ വർങ്ങളായി അവരേയും അറിയാം. എന്റെ കൃതികൾക്കായും അവർ വരച്ചിട്ടുണ്ട്. ഇങ്ങേരുടെ കുസൃതികളെയും, തോന്ന്യാസങ്ങളെയും കുറിച്ച് പറഞ്ഞു കേട്ടിട്ടുള്ള കഥകൾ നിരവധിയാണ്. എനിക്ക് അനുഭവിക്കേണ്ടി വന്നത് എത്രയോ കുറച്ചു മാത്രം. കവിയുടെ പേര് കേട്ടിട്ടുണ്ടെങ്കിലും 20 കൊല്ലം മുൻപ് ആലുവ – പെരുമ്പാവൂർ ബസ് യാത്രക്കിടെ രണ്ടു സീറ്റു പിറകിലിരുന്നിരുന്ന സഹയാത്രികർ തമ്മിലുള്ള ബഹളം കേട്ടപ്പോൾ പിന്തിരിഞ്ഞു നോക്കിയതാണ്. അതിലൊരാളായ കവി ഉച്ചത്തിൽ എന്നെ നോക്കി പറഞ്ഞു. 'ജോൺ സാറെ, വിൽസ് തോമസ'. അന്ന് പെരുമ്പാവൂര് ബസിറങ്ങി വിശദമായി പരിചയപ്പെട്ടതാണ്. കനമുള്ള പോക്കറ്റ് പെരിയാർ ബാറിൽ നിന്നിറങ്ങുമ്പോൾ കാലിയായിരുന്നു.

കോതമംഗലത്ത് എന്റെ ഒരു പുസ്തക പ്രകാശന ചടങ്ങിന് ആശംസ പറയുവാൻ ക്ഷണിച്ചപ്പോൾ തൃശൂരിൽ നിന്ന് ഓട്ടോറിക്ഷ വിളിച്ചാണ് വന്നത്. പോകാൻ നേരം 'ഓട്ടോ കൂലിയല്ലെ കൊടുത്തൊള്ളു. ഈ മോതിരം ഞാനിങ്ങെടുക്കുവ', എന്നു പറഞ്ഞെങ്കിലും വിരലിൽ നിന്നും വിവാഹമോതിരം ഊരിയെടുക്കുവാൻ ഞാൻ സമ്മതിച്ചില്ല. ഒരു വർഷം എറണാകുളം പുസ്തകോത്സവത്തിന് ഞാനങ്ങനെ സ്റ്റാളു

കൾ കയറിയിറങ്ങി നടക്കവെ ഒരു പ്രസാധകനോട് പുസ്തകം സൗജന്യമായി വാങ്ങുന്നത് കണ്ടതാണ്. രണ്ടു സ്റ്റാൾ കൂടി മുന്നോട്ടു പോയ എന്റെ പിന്നാലെ കൂടിയ കവി ആ വലിയ പുസ്തകം 450 രൂപക്ക് എന്നെ കെട്ടി ഏൽപ്പിച്ചിട്ട് 500 രൂപ കൊടുത്തതിന്റെ ബാക്കി തരാതെ അപ്പോൾ തന്നെ സ്ഥലം വിട്ടതും ഓർമ്മയിലുണ്ട്.

തൃശൂർ സാഹിത്യ അക്കാദമിയിൽ പോകുന്ന അവസരങ്ങളിൽ ചിലപ്പോഴെങ്കിലും കുറെ ചെറുപ്പക്കാർക്കൊപ്പം വിൽസ് തോമസിനെ കണ്ടുവന്നു. തിരുവനന്തപുരത്ത് ഫിലിം ഫെസ്റ്റിവെലിൽ ഉൾപ്പെടെ ഭക്ഷണം കഴിക്കുവാനും, സിഗരറ്റു വാങ്ങുവാനും പണം ചോദിച്ചപ്പോഴൊക്കെ കൊടുക്കുവാൻ മടിച്ചില്ല. ഒരു വേനൽക്കാലത്ത് കാസർഗോഡ് മധൂർ ക്ഷേത്രത്തിൽ പോയപ്പോൾ അമ്പലത്തിന്റെ പിന്നിലുള്ള വലിയ തോടിന്റെ വെള്ളം ഒഴുകാത്ത മണൽ തെളിഞ്ഞു നിന്ന ഭാഗത്ത് തോൾസഞ്ചി തലയിണയാക്കി വച്ച് കവി ഉച്ചമയക്കത്തിലായിരുന്നു. തുഞ്ചൻ പറമ്പിൽ സാഹിത്യോത്സവത്തിന് പോയപ്പോൾ അതാ അവിടെയൊരു ബുക്ക്സ്റ്റാളിൽ കവി ഇരിക്കുന്നു.

അന്നയുടെ ചിത്ര പ്രദർശനം കോട്ടയത്ത് നടക്കുമ്പോഴാണ് വിൽസുമായി പരിചയപ്പെടുന്നതെന്നാണ് അന്ന എന്നോട് പറഞ്ഞിട്ടുള്ളത്. അന്ന് വിൽസ് മലയാളത്തിലെ ശ്രദ്ധേയനായ യുവപത്രപ്രവർത്തകനും, കവിയുമാണ്. വിൽസ് അന്നും നന്നായി മദ്യപിക്കുമെന്ന് അന്നക്ക് അറിയാമായിരുന്നു. പരിചയം പ്രണയമായി പടർന്ന് വിവാഹത്തിലെത്തി. വിവാഹ ദിവസം രാത്രിതന്നെ വിൽസിന്റെ മാനസിക ചാഞ്ചാട്ടങ്ങൾ അന്നക്ക് ബോദ്ധ്യപ്പെട്ടു. മദ്യപാനം കാണെക്കാണെ വഷളായതോടെ മാനേജ്മെന്റ് കവിയെ മുംബൈയിലേക്ക് പറിച്ചു നട്ടു. അന്നയും മക്കളുമായി അവിടെ എത്തി താമസം തുടങ്ങിയ ആദ്യ നാളുകൾ നന്നായി പോയി. രണ്ടുമാസത്തിനുള്ളിൽ മദ്യപാനത്തിനു പുറമെ, ചൂതാട്ടത്തിലേക്കും കടന്ന വിൽസ് ജോലിയിൽ ശ്രദ്ധിക്കാതെയായി. ജോലി നഷ്ടപ്പെട്ട് നാട്ടിലെത്തിയ ശേഷമാണ് വീടുവിട്ടുള്ള യാത്രകൾ തുടങ്ങിയതെന്നാണ് അന്ന പറഞ്ഞിട്ടുള്ളത്. ആദ്യ യാത്ര ഒരാഴ്ച്ച നീണ്ടു. പിന്നീടത് മാസങ്ങളും വർഷങ്ങളുമായി. വീട് നോക്കാതായി. ഫോൺ വിളികൾ തന്നെ വല്ലപ്പോഴുമായി. അങ്ങനെ ഇന്നത്തെ വിൽസ് തോമസ് ഉണ്ടായി.

സുവന്നില്ല.

നോവലിന്റെ അടുത്ത അദ്ധ്യായം എഴുതുവാനുള്ള വെമ്പലിൽ ആയിരുന്നു ഞാൻ. പക്ഷെ അറിയാതെ എൻറെ ചിന്തകൾ വിൽസ് തോമസിൽ തന്നെ നിറഞ്ഞു നിന്നു. ഒരു കാലത്ത് വലിയ പേരെടുക്കുമെന്നു ചില ആസ്വാദകർ വിശേഷിപ്പിച്ച കവിയാണ്, ഇന്ന് ഈ കോവിഡ് കാലത്തെ എൻറെ അതിഥി. 'ചെന്നേടം കൂടും', എന്ന രീതിയിൽ ജീവിക്കുന്ന ആ മനുഷ്യനെ എങ്ങനെയെങ്കിലും ഇവിടെ നിന്ന് പറഞ്ഞു വിടണം എന്നത് മാത്രമാണ് ഇന്നത്തെ ചിന്ത. പക്ഷെ,

> **ഓട്ടോയിൽ നിന്നിറങ്ങിയ കവി കോവിഡ് പ്രോട്ടോക്കോളുകളെ വെട്ടിനിരത്തി, ശാരീരിക അകലം പാലിക്കാതെ സിറ്റൗട്ടിൽ നിന്ന എന്നെ ആണ്ടുപൂണ്ട് കെട്ടിപ്പിടിക്കുകയും, വെളുത്തതാടി നിറഞ്ഞ മുഖം നെറ്റിയിൽ അമർത്തുകയും, പുറത്ത് വലതു കൈപ്പത്തി കൊണ്ട് സാമാന്യം ശക്തിയിലും ഉച്ചത്തിലും രണ്ടു മൂന്ന് സ്നേഹത്തല്ലുകൾ തരികയും ചെയ്തു. ഒറ്റ നിമിഷം കൊണ്ട് സങ്കടവും ഭയവും എന്നെ വരിഞ്ഞുമുറുക്കി.**

വിൽസ് എന്റെ വീട്ടിൽ വരുന്നത് ഇത് മൂന്നാം തവണയാണ്. ആറു മാസം മുൻപാണ് കവി ആദ്യമായി വീട്ടിൽ വന്നത് 'ഞാനിനി കേരളത്തിലേക്കില്ല. ഏർക്കാട് സ്ഥിരതാമസമാക്കുന്നു. 1000 രൂപ തരണം', എന്നു പറഞ്ഞാണ്. തുക ഞാനെടുത്ത് കൊടുത്തു. സംഭവം നടന്ന് രണ്ടാഴ്ച്ചകഴിഞ്ഞ് ഒരു ദിവസം സന്ധ്യക്ക് ഓട്ടോറിക്ഷയിൽ കവി വീണ്ടും വന്നു. 'ഓടക്കാലീന്ന വരണെ. ഓട്ടോക്കൂലി 40 രൂപ കൊടുത്തേരെ . എനിക്കൊരു അഞ്ഞൂറും', എന്നു പറഞ്ഞപ്പോൾ ഞാൻ ഒടക്കി. അവസാനം ഓട്ടോക്കൂലി മാത്രം കൊടുത്തതിന്റെ കലിപ്പിൽ 'ജോൺ സാറെ, എന്നെ നിങ്ങൾക്കറിയില്ല' എന്ന വെല്ലുവിളിയോടെ ഇറങ്ങിപ്പോയ ആളാണ്. ലോക്ക് ഡൗൺ കാലമല്ലെ. സന്ധ്യക്ക് കയറി വന്ന കവിയെ പറഞ്ഞയക്കുവാൻ സാഹിത്യകാരൻ കൂടി ആയതിനാലാകണം എനിക്ക് മന

പുറമേ നിന്ന് കേൾക്കുന്ന വാർത്തകൾ ഒന്നും ശുഭകരമല്ല. എന്നാൽ, കവിക്ക് ഒരു കുലുക്കവുമില്ല. മരണം എത്ര കണ്ടതാണ് എന്നതാണ് വിൽസിന്റെ ഭാവം. മരണത്തിൻറെ നിഴലിൽ ആണ് ഇന്ന് എല്ലാവരും എന്ന് അയാൾ ഓർക്കുന്നില്ല എന്ന് തോന്നിച്ചു. എന്തിന് കുടുംബം പോലും അയാളുടെ ചിന്തയിൽ ഇല്ല. ശരിക്കും അവധൂതൻ തന്നെ!

### 3. രണ്ടുപെട

കുറെ സമയമെടുത്ത് കക്കൂസിൽ പോയി വന്ന ശേഷം ഡ്രോയിങ് റൂമിലെ എതിർവശമുള്ള സെറ്റികളിൽ ഞങ്ങളിരുന്ന് വർത്തമാനം പറയുവാൻ തുടങ്ങിയപ്പോൾ കവി നന്നായി വലിച്ചു കയറ്റിയിട്ടുണ്ടെന്ന് എനിക്ക് ഒന്നുകൂടി ഉറപ്പായി. ഞാനൊരു പുതിയ മാസ്ക് എടുത്തു കൊണ്ടുപോയി കൊടുത്തെങ്കിലും അത് ധരിക്കുവാൻ വകവയ്ക്കാതെ വിൽസ് മാസ്ക് തോൾസഞ്ചിയിലേക്ക് നിക്ഷേപി




ച്ചു. ഇതിനിടെ മാസ്ക് വച്ച റോസിലി അടുക്കളയിൽ നിന്നും വന്ന് 'കുടിക്കാൻ ചായ എടുക്കാം. മധുരം?', എന്നു പറഞ്ഞെങ്കിലും, ഒരു ഗ്ലാസ് തിളപ്പിച്ചാറ്റിയ വെള്ളം മതിയെന്നായി കവി. മുൻപ് രണ്ടു തവണ വീട്ടിൽ വന്നിട്ടുള്ളതിനാലും, കവിയുടെ ചില വിശേഷങ്ങൾ പങ്കുവെച്ചിട്ടുള്ളതിനാലും റോസിലിക്ക് വിൽസിനെ കുറെയൊക്കെ അറിയാം. വെള്ളം കൊണ്ടുവന്ന് കൊടുത്ത ശേഷം റോസിലി അടുക്കളയിലേക്ക് മടങ്ങി. വെള്ളം കുടിച്ചു കഴിഞ്ഞപ്പോൾ ഗ്ലാസ് വാങ്ങി അടുക്കളയിലെ വാഷ്ബേസിനടുത്ത് വച്ചിട്ട് തിരികെ നടന്നപ്പോൾ ഭാര്യ എന്നോട് ചോദിച്ചു.

'ഇത്തവണ വിൽസ് താമസിക്കാൻ വന്ന മട്ടുണ്ടല്ലോ. കവിക്ക് ഭക്ഷണം വിളമ്പുമ്പെ ഒന്നൂല്ലാന്ന് വച്ചാ മോശല്ലെ ചേട്ട, ഇറച്ചീം മീനുമൊന്നും കിട്ടൂല്ലാത്ത കാലം. നമുക്കാ പൂവനെയങ്ങ് കൊന്നാലോ? അതാണെങ്കി കൂട്ടിലും കേറൂല്ല. തേങ്ങാപ്പാലൊഴിച്ച വറുത്തരകറീം, കൊറച്ച് പിടീം ഒണ്ടാക്കാം. ഷീലയോട് സന്ധ്യകഴിഞ്ഞ് വരാൻ വിളിച്ചു പറയട്ടെ.' ഞാൻ തലയാട്ടിയ പാടെ ഭാര്യ ഷീലയെ വിളിച്ചു പറഞ്ഞ് ഏർപ്പാടാക്കി.

കുറെ കഴിഞ്ഞപ്പോൾ ഞങ്ങൾ പൂവൻകോഴിയെ ഓടിച്ചിട്ട് പിടിക്കാനുള്ള ആസൂത്രണത്തിലായി. അതിരിൽ പിടക്കോഴികൾക്കൊപ്പം ചികഞ്ഞു നടന്നിരുന്ന പൂവനെ ഞാനും റോസിലിയും കൂടി ഓടിക്കുവാൻ തുടങ്ങി. അതു കണ്ട് വിൽസും കൂടെ ചേർന്നു. മൂന്നു വശത്തു നിന്നും ഞങ്ങൾ നടത്തിയ നീക്കം ഫലം കണ്ടു. വിൽസിന്റെ കൈപ്പിടിയിൽ നിന്ന് ചുവന്ന പൂവൻകോഴി ആർത്തലച്ച് പിടഞ്ഞ് രക്ഷപെടാനുള്ള അവസാന ശ്രമവും നടത്തി.

വിൽസ് ആവശ്യപ്പെട്ട പ്രകാരം ഭാര്യ അരിവാൾ എടുത്തു കൊടുത്തു. വീടിന്റെ പിൻഭാഗത്തെ അലക്കുകല്ലിൽ കോഴിയെ ഇരുത്തി അതിനോട് കുറച്ചു നേരം വിശേഷം പറഞ്ഞു. അപ്പോഴും വിൽസിന്റെ ഇടതുകൈ കോഴിയുടെ കഴുത്തിൽ അമർത്തിപ്പിടിച്ചിട്ടുണ്ടായിരുന്നു. കോഴിയുടെ കഴുത്തിനടിയിലെ പൂടയാകെ പറിച്ചു കളഞ്ഞ ശേഷം മൂർച്ചയുള്ള അരിവാൾ കഴുത്തിലേക്ക് ചേർത്തതോടെ ചോര ചീറ്റി. കൈയ്യിൽ നിന്നുവിട്ട

കോഴി നിലത്തു കിടന്ന് രണ്ടുപെടപെടച്ചു. തിളച്ച വെള്ളത്തിൽ മുക്കിയെടുത്ത ശേഷം പപ്പും പൂടയും പറിച്ചതും, പരമ്പരാഗത രീതിയിൽ തോലുരിഞ്ഞ് കോഴിയെ ഡ്രസു ചെയ്തതും, ചെറുകഷണങ്ങളാക്കി പാത്രത്തിലേക്കിട്ടതും വിൽസ് ഒറ്റക്കായിരുന്നു. കവിയുടെ പ്രവർത്തികൾ ഞാൻ ചെയ്യാത്തവയായതിനാൽ അവയെല്ലാം റോസിലിക്ക് ഇഷ്ടപ്പെട്ടെന്ന് തോന്നി.

തെക്കേമുറ്റത്തിനു പുറത്തു നിന്നിരുന്ന വലിയ കപ്ളത്തിലെ ഒരു കുഞ്ഞൻ പപ്പായ പറിച്ചു കൊണ്ടുവന്ന് അതിന്റെ ഒരു ഭാഗം കഷണങ്ങളാക്കി റോസിലിയെ ഏൽപ്പിച്ച ശേഷം 'നാടൻ കോഴി നന്നായി വേവാൻ ഇതു വേണ',മെന്ന് വിൽസ് സമർത്ഥിക്കുന്നതു കേട്ടു. പൊതിച്ചതേങ്ങ ഇരിക്കുന്നിടം കണ്ടു പിടിച്ച് അതിലൊന്ന് പൊട്ടിച്ച്, അതിൽ ഒരു മുറിയെടുത്ത് വട്ടത്തിൽ അടർത്തിമാറ്റി ഇറച്ചിയിൽ ഇടുവാനുള്ള നീളൻ തേങ്ങാക്കൊത്തുകൾ തയ്യാറാക്കിയതും വിൽസ് തോമസ് തന്നെയാണ്. 'വറുത്തരകറിക്ക് രുചിയുണ്ടാകണോങ്കി തേങ്ങ ചുട്ടെടുക്കണ',മെന്നു പറഞ്ഞ് അടുത്ത തേങ്ങമുറിയിലെ ചിരട്ടപൊട്ടിച്ച് മാറ്റി അര മുറി തേങ്ങ അപ്പാടെ ആലുവാ പുകയടുപ്പിലെ തീക്കനലിൽ കറുക്കെ ചുട്ടെടുത്ത് അമ്മിക്കല്ലിൽ വച്ച് അരപ്പാക്കി കൊടുത്തതും വിൽസ്.

വിൽസിനെ രാത്രി വീട്ടിൽ താമസിപ്പിച്ചാൽ ശരിയാകില്ലെന്ന നിഗമനത്താൽ കുറെ വർഷങ്ങളായി ആസ്ട്രേലിയയിൽ കുടുംബ സമേതം താമസിക്കുന്ന കസിന്റെ ആളൊഴിഞ്ഞ അടുത്ത വീട്ടിലാക്കാമെന്ന് ഞാൻ ഉറപ്പിച്ചിരുന്നു.

കവി കുടുംബവുമായി അകൽച്ചയിലാണ്, തൊടുപുഴയിലെ സ്വന്തം വീട്ടിൽ വല്ല കാലത്തുമേ ചെല്ലാറൊള്ളു, യാതൊരു സഹായവും വീട്ടിൽ ചെയ്യാറില്ല. എങ്കിലും, വല്ല കാലത്തും വീട്ടിൽ ചെന്നാൽ മൂന്നു പെൺമക്കളോടും ഭാര്യയോടും അസാധാരണമായ സ്നേഹം കൂടും എന്നതൊക്കെ അറിയാം. എങ്കിലും, വിൽസിന്റെ ഭാര്യ അന്നയെ വിളിച്ച് അഭിപ്രായം ചോദിച്ചേക്കാമെന്ന് കരുതി കിടപ്പുമുറിയുടെ കതകടച്ചിരുന്ന് ഞാനവരെ മൊബൈലിൽ വിളിച്ചു. അടുത്തറിഞ്ഞവർക്കല്ലെ കൂടുതൽ പറയാനാകുക.

'ജോണേട്ട, എപ്പഴാ വിൽസ് വന്നത്, നന്നായി കഴിച്ചിട്ടുണ്ടെങ്കിൽ വീട്ടിൽ താമസിപ്പിക്കണ്ടാട്ടൊ. ചെലപ്പൊ നിങ്ങള് രണ്ടുമായിട്ട് എന്തെങ്കിലും വിഷയത്തില് കോർക്കും. അങ്ങനെ സംഭവിച്ചാ പിന്നെ ദുരന്താ. നല്ലത് അടുത്ത് എവിടേക്കെങ്കിലും മാറ്റി പാർപ്പിക്കണത. ചെലപ്പൊ ഒരാഴ്ച്ച, അല്ലെങ്കി ഒരു മാസം നിങ്ങള് സഹിക്കേണ്ടി വരൂട്ടൊ. ആയിരോ, രണ്ടായിരോ കൊടുത്ത്

**അന്നയുടെ ചിത്ര പ്രദർശനം കോട്ടയത്ത് നടക്കുമ്പോഴാണ് വിൽസുമായി പരിചയപ്പെടുന്നതെന്നാണ് അന്ന എന്നോട് പറഞ്ഞിട്ടുള്ളത്. അന്ന് വിൽസ് മലയാളത്തിലെ ശ്രദ്ധേയനായ യുവപത്രപ്രവർത്തകനും, കവിയുമാണ്. വിൽസ് അന്നും നന്നായി മദ്യപിക്കുമെന്ന് അന്നക്ക് അറിയാമായിരുന്നു. പരിചയം പ്രണയമായി പടർന്ന് വിവാഹത്തിലെത്തി. വിവാഹ ദിവസം രാത്രിതന്നെ വിൽസിന്റെ മാനസിക ചാഞ്ചാട്ടങ്ങൾ അന്നക്ക് ബോദ്ധ്യപ്പെട്ടു. മദ്യപാനം കാണെക്കാണെ വഷളായതോടെ മാനേജ്മെന്റ് കവിയെ മുംബൈയിലേക്ക് പറിച്ചു നട്ടു. അന്നയും മക്കളുമായി അവിടെ എത്തി താമസം തുടങ്ങിയ ആദ്യ നാളുകൾ നന്നായി പോയി. രണ്ടുമാസത്തിനുള്ളിൽ മദ്യപാനത്തിനു പുറമെ, ചൂതാട്ടത്തിലേക്കും കടന്ന വിൽസ് ജോലിയിൽ ശ്രദ്ധിക്കാതെയായി.**

പറഞ്ഞയക്കുന്നത അതിലും ബുദ്ധി. അതാവുമ്പെ വേറെ എങ്ങോട്ടെങ്കിലും വിൽസ് പൊക്കോളും'.

അടുപ്പിൽ നിന്നും ഇറച്ചിയുടെ മണം മെല്ലെ പരക്കാൻ തുടങ്ങിയിരുന്നു. ലുങ്കി, ഹാഫ്ഷർട്ട്, തോർത്ത് ഇവ ഉപയോഗിക്കാത്തത് ഒരോന്ന് അലമാരയിൽ നിന്ന് ഒരു കിറ്റിലാക്കി. അപ്പുറത്തെ വീടിന്റെ താക്കോൽ കൂട്ടവും കിറ്റിലിട്ടു. 'എന്നാ നമുക്ക് അപ്പുറത്തെ വീട്ടിലേക്ക് പോയേക്കാം', എന്ന് പറഞ്ഞതോടെ എന്തിനെന്നറിയാതെ നിന്ന വിൽസിനോട് 'താമസം പടിഞ്ഞാറെ വീട്ടില്', എന്ന് ഞാൻ അറിയിച്ചു. 'ഈ സൗകര്യമൊക്കെ മതിയായിരുന്നു', എന്നു പറഞ്ഞ കവി സഞ്ചി തോളിൽ തൂക്കി നടന്നതിനു പിന്നാലെ അകലം പാലിച്ച് ഞാൻ അപ്പുറത്തെ വീട്ടിലേക്ക് നടന്നു.

അയൽപക്കത്തെ വീടിന്റെ പിന്നിലെ സിമന്റു ഗോവണി കയറി ചെല്ലുന്നത് വാർക്കപ്പുറത്തേക്കാണ്. വാർക്കയുടെ ഒരു മൂലയിലായിട്ടാണ് ആ ഒറ്റമുറി. സ്റ്റോർ സൗകര്യം ഉദ്ദേശിച്ച് പണിതിട്ടുള്ളതാണെങ്കിലും കട്ടിലും, കിടക്കയും, തലയിണയും, മേശയും, കസേരയും ഒക്കെ മുറിയിലുണ്ട്.

ടോയ്‌ലറ്റ് കൂടി ഉള്ളതിനാൽ കിടപ്പുമുറിയുടെ പൂർണ ഉപയോഗമുണ്ട്. മാസത്തിൽ ഒരിക്കൽ ഷീലയെക്കൊണ്ട് താഴെ നിലയിലെയും, ഈ മുറിയിലെയും പൊടിയൊക്കെ തൂത്തു തുടച്ച് അടിച്ചുവാരിക്കുന്നതിനാൽ മുറി ക്ലീനാണ്. മുറി കണ്ടതോടെ വിൽസ് തോമസിന് സന്തോഷമായെന്ന് ആ ചിരിയും ഭാവങ്ങളും, താടി കൈകൊണ്ട് തടവുന്നതും കണ്ടപ്പോൾ ഉറപ്പിച്ചു. ലൈറ്റിട്ടശേഷം കൈയ്യിലിരുന്ന വസ്ത്രങ്ങളുടെ കിറ്റ് ഞാൻ വിൽസിന് കൊടുത്തു.

'ഷർട്ടും മുണ്ടും ആകെ മുഷിഞ്ഞു. ഇതൊന്നു മാറ്റി അലക്കാലൊ. എന്നിട്ടൊന്ന് കുളിക്കണം. മാഷ് പൊക്കോ. ഞാൻ വീട്ടിലോട്ട്

വന്നേക്കാം', എന്നായി കവി.

ഞാൻ വീട്ടിലെത്തുമ്പോൾ വറുത്തരച്ച നാടൻ കോഴിക്കറി റെഡിയായിരുന്നു. ഒത്തിരി നാളായി ആഗ്രഹിക്കുന്നതാണ്. മകളും കൊച്ചു മക്കളും വന്നാൽ അവർക്കാർക്കും നാടൻ കോഴി വേണ്ട. ഷീല എത്തിയിട്ടില്ല. എന്നിട്ടേ പിടി ഉണ്ടാക്കുന്ന പണിതുടങ്ങൂ. കയിലിൽ ഒരു കഷണം ഇറച്ചിയും, അൽപ്പം ചാറുമെടുത്ത്, ചാറ് ഉള്ളം കയ്യിലേക്ക് ഒഴിച്ച് മാസ്ക് മാറ്റി രുചി നോക്കവെ റോസിലി അടുക്കളയിലെത്തി.

'അതേ. ഈ പണി പറ്റൂല്ല. ഉപ്പു നോക്കാനാണെങ്കി ഒരു പിഞ്ഞാണത്തിലെടുത്ത് മേശപ്പുറത്ത് പോയിരുന്ന് നോക്ക്'.

ഞാൻ സ്റ്റീൽതവി ഇറച്ചി പാത്രത്തിലേക്ക് തിരികെ വച്ചു. ഫ്രിഡ്ജിൽ റിസർവായി രണ്ടു മാസമായി കാത്തു സൂക്ഷിച്ചിരുന്ന വോഡ്കയുടെ പൈന്റ്, ഒരു കുപ്പി തണുത്ത വെള്ളം, രണ്ടു നാരങ്ങ, നാലു പച്ചമുളക് കൂടാതെ പെരുമ്പാവൂർ ശർമ്മാസിൽ നിന്നും വാങ്ങിയ കായവറുത്തതും, മിക്ച്ചറും, രണ്ടു ചില്ലു ഗ്ലാസും, ഒരു പേനാക്കത്തിയും കൂടി ഒരു കിററിലാക്കി അപ്പുറത്തെ വീട്ടിലേക്ക് പോകാനിറങ്ങുമ്പോൾ വിൽസിന് കുളിക്കാനുള്ള സോപ്പുണ്ടാകില്ലല്ലോ എന്നോർത്ത് ഒരു പിയേഴ്സ് കൂടി കിറ്റിലേക്കിട്ടു.

## 4. തനിക്കൊണം

വീണ്ടും ചെല്ലുമ്പോൾ, വിൽസ് തോമസ് തോർത്തുടുത്ത് ഡബിൾ മുണ്ട് അലക്കു കല്ലിലേക്ക് ആഞ്ഞടിക്കുകയാണ്. ഉണങ്ങിയ ഒരു ബാർ സോപ്പിന്റെ കഷണവും, ദ്രവിച്ചു തുടങ്ങിയ ബ്രഷും അലക്കു കല്ലിൽ ഇരുന്നിരുന്നത് നന്നായി. നല്ലഇരുട്ടു പരന്നു തുടങ്ങിയതിനാൽ പിൻവശത്തെ ലൈറ്റിട്ടു. മുകളിലെ റൂമിൽ സാധനങ്ങൾ വച്ച്, അവിടത്തെ ലൈറ്റിട്ട് പിയേഴ്സ് സോപ്പുമായി തിരികെ എത്തുമ്പോൾ അതുവഴി വന്ന ഷീലയുമായി വിൽസ് സംസാരിക്കുന്നതാണ് കണ്ടത്. കഴുത്തിൽ ഇട്ടിരുന്ന ഷാളിൽ ഒട്ടിച്ചിരുന്ന ചെറു കണ്ണാടി കഷണത്തിലൊരെണ്ണം വിൽസ് ചോദിക്കുന്നത് ഞാൻ കേട്ടു. ഒരു മിഠായി ഷീല കയ്യിൽ പിടിച്ചിട്ടുണ്ട്.

'ഈ ചേട്ടൻ കൊള്ളാലൊ. കണ്ടപാടെ അലക്കാൻ തുടങ്ങിയ ഷർട്ടിന്റെ പോക്കറ്റിന്ന് എനിക്കീ മൊട്ടായി തന്നു. എന്നിട്ട് അടുത്ത ചോദ്യം മാസ്ക് ഒന്നു മാറ്റാമോന്ന്. പിന്നേംണ്ട് ആവശ്യം. ഷാളില് പതിപ്പിച്ചേക്കണ ഗ്ലാസുകഷണത്തിൽ ഒരെണ്ണം കൊടുക്കാവോന്ന്. ഏത ഈ ചേട്ടൻ!

'ഷീലേ, ഇത് വിൽസ് തോമസ്. വല്യ കവിയാ. ഒരു ഡസൻ കവിതാ സമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് യൂട്യൂബില് ഒത്തിരി കവിതകളുണ്ട്. നാടുനീളെ പുസ്തകങ്ങൾ വിറ്റ് നടക്കുന്ന, വായനക്കാരനെ തേടിച്ചെല്ലുന്ന എഴുത്തുകാരന. കൊറെ ദിവസം ഇവിടുണ്ടാകും. വിട്ടുകള. ചെലവൊള്ളതല്ലല്ലൊ. ഒരു കണ്ണാടി കഷണം അങ്ങു പറിച്ചു കൊടുത്തേരെ'.

എന്റെ വിശദീകരണത്തോടെ, ഷീലയുടെ കോപം അടങ്ങി. ഷാളിന്റെ അരികിൽ നിന്ന് ഒരു ഗ്ലാസു കഷണം പറിച്ചെടുത്ത് തുണിയലക്കുന്ന കല്ലിൽ വച്ചു കൊടുത്തു. പൊതിയഴിച്ച മിഠായി വായിലിട്ട് ഒരു മധുരച്ചിരിയോടെ അതിന്റെ കവറ് കയ്യിലിട്ട് തിരുമ്മിക്കൊണ്ട് നിലാവെളിച്ചത്തിൽ ഷീല എന്റെ വീട്ടിലേക്ക് നടന്നു പോയി.

'എന്തിനാ ആവശ്യല്ലാത്ത പണിക്ക് പോണെ. അതിന്റെ കെട്ട്യോൻ മരിച്ചിട്ട് ഒരു കൊല്ലായിട്ടില്ല'.

'ജോൺസാറെ, പണ്ടുതൊട്ടേ ഞാനിങ്ങനാ. എനിക്ക് ഇത്തരം കുറെ കളക്ഷനുണ്ട്. എല്ലാം വീട്ടില് മക്കള് സൂക്ഷിച്ചിരിക്വ. എന്നെങ്കിലും പോകുമ്പെ ഇതും കൊണ്ടോയി വെക്കാന്'.

എത്ര നിഷ്ക്കളങ്കമായ മറുപടി! ഇങ്ങേർക്ക് രണ്ടു തല്ലിന്റെ കുറവുണ്ടെന്ന് എനിക്കു തോന്നി. അതിഥിയല്ലെ. നിശബ്ദത ശീലമാക്കിയതിനാൽ ഒന്നും പ്രതികരിക്കേണ്ടതില്ലെന്ന് ഉറപ്പിച്ചു. മുറ്റത്തെ പ്ലാസ്റ്റിക്ക് അഴയിൽ ഷർട്ടും മുണ്ടും കുടഞ്ഞ് നിവർത്തി തോരാനിടുന്ന വിൽസ് തോമസിനെ ഞാൻ നോക്കി നിന്നു.

വിൽസ് ഇപ്പോൾ കുഴ ഇല്ലാത്ത മഞ്ഞ പ്ലാസ്റ്റിക്ക് ബക്കറ്റിലേക്ക് വെള്ളം നിറക്കുകയാണ്. കുളിക്കാനുള്ള പുറപ്പാടാകാം എന്നു തോന്നിയതിനാൽ 'കുളി മോളിലെ ബാത്ത് റൂമിലാകാം', എന്ന് ഞാൻ പറഞ്ഞതും, ബക്കറ്റിലെ വെള്ളം തല വഴി ഒറ്റഒഴിപ്പിൽ തീർത്തതും ഒരേ സമയത്തായിരുന്നു. ബാറസോപ്പ് പൊടിഞ്ഞതെടുത്ത് ദേഹത്താകമാനം പുരട്ടുവാൻ തുടങ്ങുമ്പോഴാണ് കൈയ്യിലിരുന്ന പിയേഴ്സ് സോപ്പ് ഞാൻ എടുത്തു കൊടുത്തത്.

അതിന്റെ പാക്കറ്റ് പൊട്ടിച്ച് പ്ലാസ്റ്റിക്ക് കവർ മാറ്റി ദേഹമാകെ തേച്ച് പതപ്പിച്ച് നിൽക്കുന്നതിനിടയിൽ കണ്ണിലെ സോപ്പ് പത കൈവിരൽ കൊണ്ട് മാറ്റി 'രാത്രി രണ്ടെണ്ണം അടിച്ചാൽ കൊള്ളാമായിരുന്നു', എന്ന ആഗ്രഹം കവിയിൽ നിന്നും പുറത്തേക്ക് വന്നു. വീണ്ടും രണ്ടു തവണ ബക്കറ്റിൽ വെള്ളം നിറക്കുകയും, തലവഴി വെള്ളമൊഴിച്ച് ദേഹമാസകലം വെള്ളപുതപ്പിച്ചിരുന്ന

**കുറെ കഴിഞ്ഞപ്പോൾ ഞങ്ങൾ പൂവൻകോഴിയെ ഓടിച്ചിട്ട് പിടിക്കാനുള്ള ആസൂത്രണത്തിലായി. അതിരിൽ പിടക്കോഴികൾക്കൊപ്പം ചികഞ്ഞു നടന്നിരുന്ന പൂവനെ ഞാനും റോസിലിയും കൂടി ഓടിക്കുവാൻ തുടങ്ങി. അതു കണ്ട് വിൽസും കൂടെ ചേർന്നു. മൂന്നു വശത്തു നിന്നും ഞങ്ങൾ നടത്തിയ നീക്കം ഫലം കണ്ടു.**

സോപ്പു പതയെ മുറ്റത്തെ മണ്ണിലേക്ക് ഊർത്തി വിടുകയും ചെയ്തു. പൊടുന്നനെ വിൽസ് അരയിൽ ചുറ്റിയിരുന്ന തോർത്ത് അഴിച്ചെടുത്ത് ദേഹമാകെ തുടക്കുകയും, വീണ്ടും തോർത്ത് അരയിൽ ചുറ്റുകയും ചെയ്തു.

'ഡ്രസ് ചെയ്തിട്ട് നമുക്ക് വീട്ടീപോയി ഭക്ഷണം കഴിക്കാം. പിടി ഉരുട്ടും മുമ്പ് ഭക്ഷണം കഴിക്കാന്ന റോസിലി പറയണെ.'

വിൽസിന്റെ പിന്നാലെ സ്റ്റെപ്പ് കയറി മുറിയിലെത്തിയപ്പോൾ മേശപ്പുറത്തെ കിറ്റിൽ നിന്നും കുപ്പി ഞാൻ പുറത്തെടുത്തിട്ട് പറഞ്ഞു. 'ദാ സാധനം. അൻസാരികളുമുണ്ട്. തിരിച്ചുവന്നിട്ട് കഴിച്ചോളു'.

ഭക്ഷണം കഴിച്ചിട്ട് അടിക്കുന്ന കൂട്ടത്തിലാണ് വിൽസ് എന്നാണ് കേട്ടിട്ടുള്ളത്. കവി താടി തടവി ഒരിക്കൽക്കൂടി എന്നെയാകെ ഉഴിഞ്ഞിട്ടൊന്ന് ചിരിച്ചു. തോർത്ത് മാറ്റി കൈലി ഉടുത്ത്, ഹാഫ്കൈ ഷർട്ടിട്ട്, മുടി ചീകി വിൽസ് തോമസ് റെഡിയായി.




ചോറും കറികളും ഡൈനിങ്ങ് ടേബിളിൽ നിരന്നിരുന്നു. വിൽസും, ഞാനും ഡൈനിങ്ങ് ടേബിളിൽ ഒരുമിച്ചിരുന്ന് ഊണ് കഴിച്ചു. ഷീലയും, റോസിലിയും വർക്ക് ഏരിയയിൽ ഇരുന്നാണ് ഭക്ഷണം കഴിച്ചത്. നാടൻ കോഴിയിറച്ചി കുറച്ചെടുത്ത് പെരളനാക്കിയത് 'സൂപ്പറായിട്ടുണ്ടെന്ന്', കവിയുടെ പ്ലേറ്റിലെ ഒരു കഷണം ഇറച്ചി കൈകൊണ്ട് എന്റെ പ്ലേറ്റിലേക്കിട്ടു കൊണ്ട് വിൽസ് പറഞ്ഞു. ഭക്ഷണം കഴിക്കുന്ന വിരലുകൾ കൊണ്ടിട്ട ആ ഇറച്ചി കഷണം ഞാൻ കഴിച്ചില്ലാട്ടൊ. അങ്കമാലി മാങ്ങാക്കറിയും, ചാമ്പങ്ങ അച്ചാറും, പൈനാപ്പിൾ മോരുകറിയും വിൽസിന് ഇഷ്ടപ്പെട്ടു. സിറ്റൗട്ടിലെ കസേരകളിലിരുന്ന് ഞാനും വിൽസും കുറച്ചു നേരം പഴയ അനുഭവങ്ങൾ സംസാരിച്ചിരുന്നു. മുല്ലനേഴിയും, ജോണും, വിനയചന്ദ്രനും അപ്പോൾ തൊട്ടടുത്ത് നിൽക്കുന്നതു പോലെ തോന്നി. വിൽസിന്റെ താൽപ്പര്യ പ്രകാരം മുകളിലത്തെ നിലയിലെ പുസ്തക മുറിയുടെ താക്കോലെടുത്ത് ഹോം ലൈബ്രറി കാണിച്ചു കൊടുത്തു. 12 റാക്കുകളിലെ എന്റെ പുസ്തക കളക്ഷൻ കണ്ട് കവി ഞെട്ടിയെന്ന് തോന്നുന്നു.

അപ്പോഴേക്കും റോസിലിയുടെ വിളി വന്നു. 'പിടി ഉരുട്ടാൻ കൂടുകയല്ലേ?' പുട്ടിന്റെ അരിപ്പൊടിയും, പിടിയുടെ ചേരുവകളും, ആവശ്യത്തിന് വെള്ളം ചേർത്ത് റോസിലി കുഴച്ച് പരുവമാക്കിയത് വലിയ ചതുരൻ അരിമാവിൻ കഷണമായി ഉരുളിയിൽ നിറഞ്ഞു നിന്നു. മാവിന്റ ഒരരികിൽ നിന്നും അരിയാസുകായയുടെ അത്ര വലുപ്പത്തിൽ മാവെടുത്ത് അത് വലതു കൈവിരൽ കൊണ്ട് വലത് ഉള്ളംകൈയ്യിൽ വച്ച് ഇടത് ഉള്ളം കൈയ്യുടെ സഹായത്താൽ ഉരുട്ടി അരിപ്പൊടി വിതറിയിരുന്ന മുറത്തിലേക്ക് എറിഞ്ഞ് ഞാൻ പിടി ഉരുട്ടലിന് തുടക്കം കുറിച്ചു. അങ്ങനെ, ഞങ്ങൾ നാലും നാലിടത്തിരുന്ന് ഉരുട്ടിയ പിടി ഉരുളകൾ അവസാനം രണ്ടു മുറങ്ങളിലാക്കി. അപ്പോൾ ഷീലക്കൊരു ഫോൺ വന്നു.

'ചേച്ചി, മാധവൻ ചേട്ടൻ മരിച്ചൂന്ന്. രണ്ടു ദെവസായിട്ട് ആശുപത്രീലായിരുന്നു. കൊണ്ടു വന്നാലും കാണാൻ പോകാനാകൂന്ന് തോന്നണില്ല'.

നിയന്ത്രണങ്ങൾ മൂലം എത്രയോ അടുപ്പക്കാരുടെ ചടങ്ങുകളിൽ പങ്കെടുക്കുവാൻ സാധിക്കുന്നില്ല. മരിച്ചവരോടുള്ള സ്നേഹവും, ആദരവും അറിയിക്കുവാൻ ആകുന്നില്ല എന്നോർത്ത് ഞാൻ ആകുലപ്പെട്ടു.

'ഷീലേനെ വീട്ടിലേക്ക് വിട്ടേരെ', എന്ന് ഭാര്യ റോസിലി പറഞ്ഞതും, വിൽസ്

'ഞാ കൊണ്ടോയി വിട്ടിട്ടു വരാം', എന്നു പ്രതികരിച്ച് മുറ്റത്തുകൂടി നടന്നു തുടങ്ങിയ ഷീലയുടെ പിന്നാലെ കൂടി. ഞാൻ ഓടിപ്പോയി അടുക്കളയിലിരുന്ന ടോർച്ച് എടുത്തു കൊടുത്തെങ്കിലും 'നിലാവുണ്ടല്ലോ, മൊബൈലല്ലെ കൈയ്യിലുള്ളത്', എന്നു പറഞ്ഞ്, ടോർച്ച് വാങ്ങുവാൻ വിൽസ് തയ്യാറായില്ല. വീടിന്റെ താഴെയുള്ള പറമ്പിലെ പുല്ലു വളർന്നുതുടങ്ങിയ വഴിയിലൂടെ അവർ നടന്നു. മൊബൈലിലെ വെളിച്ചം ഇടക്ക് മിന്നിയപ്പോൾ ഷീലയുടെ ഷാൾ വിൽസിന്റെ കഴുത്തിലുണ്ടായിരുന്നു. അവരങ്ങനെ നടപ്പു വഴിയിലൂടെ താഴെ പറമ്പിലെ ഇരുളിലേക്ക് മറയുന്നത് നോക്കി നിന്ന എന്നോട് 'ഏട്ടനും കൂടി പോവാമായിരുന്നില്ലെ. കവിയെ അറിയാവുന്നതല്ലെ?', എന്നൊക്കെ ഭാര്യ പറഞ്ഞതിന് എനിക്ക് മറുപടി ഉണ്ടായില്ല.

ഉരുളി അടുപ്പത്തുവെച്ച് വെള്ളമൊഴിച്ച് പിടിപാചകം ചെയ്യുവാൻ തുടങ്ങുന്ന റോസിലിയെ സഹായിക്കുവാൻ മനസു വരാത്തതിനാൽ കുറച്ചു നേരം കിടക്കാമെന്ന് കരുതി ഞാൻ ബെഡ് റൂമിലേക്ക് പോയി. കുറെ കഴിഞ്ഞ് പടിഞ്ഞാറെ വീട്ടിലെ ഗോവണി കയറിപ്പോകുന്ന വിൽസിനെ കണ്ണടക്കാതെ കിടന്നിരുന്ന ഞാൻ ജനാലയിലൂടെ കണ്ടു. പിന്നെ, ഇനിയുള്ള പണി റോസിലി ചെയ്യട്ടേ എന്ന് മനസിൽ കുറിച്ച് ചെറുതായൊന്ന് മയങ്ങുവാൻ തുടങ്ങി.

ടോയ്‌ലറ്റിൽ പോകുവാൻ എഴുന്നേറ്റ ഞാൻ ഭിത്തിയിലെ ക്ലോക്കിലേക്ക് നോക്കിയപ്പോൾ സമയം ഒൻപതര കഴിഞ്ഞിരുന്നു. അടുക്കളയിൽ വെളിച്ചമുണ്ട്. വലിയ അടുപ്പിൽ ഓട്ട് ഉരുളിയിൽ പിടിയുടെ ലെവലിൽ നിൽക്കുന്ന കുറുക്കിൽ നിന്നും കുമിളകൾ പൊട്ടി ആവി മേലോട്ട് ഉയരുന്നു. ചെറിയ അടുപ്പിൽ വശം ചാരി നിന്ന് വിൽസ് വലിയ അടുപ്പിലെ ഉരുളിയിലുള്ള പിടി അടിയിൽ പിടിക്കാതെ ഇളക്കുകയാണ്. ഇയാളിത് എപ്പോൾ വന്നിട്ടുണ്ടാകും. ഇടക്ക് വേവ് നോക്കുവാനായി ചെറിയ സ്റ്റീൽ പിഞ്ഞാണത്തിലേക്ക് ഒരുരുള ഇടുകയും, ചൂടോടെ അത് വായിലേക്കിടുകയും ചെയ്യുകയാണ്.

എന്നെ കണ്ടപാടെ കവി പറഞ്ഞു. 'ചേച്ചി കുളിക്കണു'. വിൽസ് ഇളക്കു നിറുത്തി പിടി ഉരുളിപ്പാടെ തീകത്തിക്കാത്ത അടുപ്പിലേക്ക് മാറ്റി. ഭാര്യ എടുത്തു വച്ചിട്ടു പോയ, രണ്ടു വലിയ അലുമീനിയം ട്രേകളിലേക്ക് പിടിചൂടോടെ കോരിയിട്ട് നികക്കെ പരത്തി. ഉരുളിയിൽ ബാക്കി ഉണ്ടായിരുന്ന കുറച്ചു പിടി തവി കൊണ്ട് വടിച്ചെടുത്ത് ഞാൻ രണ്ട് സ്റ്റീൽ പിഞ്ഞാണങ്ങളിലാക്കി അതിലേക്ക് കോഴിവറുത്തരച്ചതിന്റെ ചാറ് കുറേശ്ശെ ഒഴിച്ചു. ഞാൻ ഒരു പിഞ്ഞാണത്തിൽ നിന്നും കഴിച്ചു തുടങ്ങവേ, വിൽസിനോട് പിടിയെടുത്ത് കഴിക്കുവാൻ പറഞ്ഞെങ്കിലും 'വേണ്ട. ചേച്ചി വരുമ്പം കഴിച്ചോട്ടെ', എന്നു പറഞ്ഞ് വർക്ക് ഏരിയയിലെ വാതിൽ തുറന്ന് പിന്നാമ്പുറത്തു കൂടി പടിഞ്ഞാറെ വീട് ലക്ഷ്യമാക്കി നടന്നു. ഞാൻ വാതിലടച്ചു വന്നു കിടക്കുമ്പോഴും മുൻ വശത്തെ കിടപ്പുമുറിയുടെ കുളിമുറിയിൽ വെള്ളം വീഴുന്നതിന്റെ ശബ്ദം കേൾക്കാമായിരുന്നു.

**'ഈ ചേട്ടൻ കൊള്ളാലൊ. കണ്ടപാടെ അലക്കാൻ തുടങ്ങിയ ഷർട്ടിന്റെ പോക്കറ്റിന്ന് എനിക്കീ മൊട്ടായി തന്നു. എന്നിട്ട് അടുത്ത ചോദ്യം മാസ്ക് ഒന്നു മാറ്റാമോന്ന്. പിന്നേംണ്ട് ആവശ്യം. ഷാളില് പതിപ്പിച്ചേക്കണ ഗ്ലാസുകഷണത്തിൽ ഒരെണ്ണം കൊടുക്കാവോന്ന്. ഏത ഈ ചേട്ടൻ!**

## 5. ഊരാക്കുടുക്ക്

എന്നും രാവിലെ അഞ്ചിന് എഴുന്നേൽക്കുന്ന ഞാൻ ഉണരുവാൻ പതിവിലും വൈകി. ലോക്ക് ഡൗൺ ആയതോടെ റോഡിൽ രാത്രി സമയം വാഹനങ്ങളുടെ ശബ്ദം

അപൂർവമായെ ഒള്ളു. അതുകൊണ്ട് ഉറക്കം നന്നായി കിട്ടും. എഴുന്നേറ്റയുടൻ വിൽസ് തോമസിനെ കാണുവാൻ ഞാൻ അയൽവീട്ടിലേക്ക് നടന്നു. ഗോവണി കയറി ഒന്നാം നിലയിലെ മുറിയിലെത്തി. തുറന്നു കിടക്കുന്ന മുറിയിലോ, ടോയ്‌ലറ്റിലോ വിൽസ് ഉണ്ടായിരുന്നില്ല. മേശപ്പുറത്ത് മൊബൈലും, തുറന്നു വച്ച ഡയറിയും, പേനയും. ഡയറിയിൽ ഇന്നത്തെ തീയതി കുറിച്ച പേജിൽ 'സ്മൃതി' എന്ന പുതിയ കവിതയുണ്ട്.

'വെട്ടിപ്പഴത്തിന്റെ
മധുരം നുണഞ്ഞതും,
കാരപ്പഴത്തിന്റെ
കയ്പു രുചിച്ചതും,
മാമ്പഴച്ചാറു നീ
ഈമ്പിക്കുടിച്ചതും,
തേൻവരിക്കച്ചക്ക
ആർത്തിയാൽ
തിന്നതും
ഇന്നെന്നപോൽ
ഞാനോർക്കുന്നു
എന്റെ പൊന്നോമനേ...'

എന്നു തുടങ്ങുന്നതാണ് കവിയുടെ പുതിയ സൃഷ്ടി.

വിൽസിനെ അന്വേഷിച്ചു നടക്കവെ, എന്റെ വീടിന്റെ താഴെ ഭാഗത്ത് കിണറ്റിൻകരയിൽ കപ്പി കരയുന്നതിന്റെ ശബ്ദം കേട്ടു. ഞാൻ ചെല്ലുമ്പോൾ കവി വായിൽ ബ്രഷ് കടിച്ചു പിടിച്ചിരിക്കുകയാണ്. വായനിറ

ച്ചും ചുവപ്പൻ പത. പത ഇറ്റും പുറത്തേക്ക് ചാടാതെകൊണ്ട് കിണറ്റിൽ നിന്നും അലുമിനിയം ബക്കറ്റിൽ വെള്ളം കോരുകയാണ്. വായും മുഖവും കഴുകി തീരും വരെ ക്ഷമയോടെ അറടി അകലത്തിൽ കാത്തു നിന്ന എനിക്ക് പേസ്റ്റും, ബ്രഷും വച്ചു നീട്ടിക്കൊണ്ട് വിൽസ് തോമസ് പറഞ്ഞു.

'സാറിന്റെ ബ്രഷ. ചേച്ചി എടുത്തു തന്നത. പൊക്കോട്ടെ. ഞാൻ തോട്ടവും, പച്ചക്കറി കൃഷിയും കണ്ടിട്ടു വരാം.'

വിൽസ് എന്നെ തിരികെ ഏൽപ്പിച്ച പേസ്റ്റും ബ്രഷുമായി വീട്ടിലേക്ക് നടക്കുമ്പോൾ 'ഇയാള് എന്തോന്ന് സാധനം', എന്ന് ഞാൻ എന്നോട് തന്നെ ചോദിച്ചു. മറ്റൊരാൾ കുളിക്കുന്ന സോപ്പും തോർത്തും ജീവിതത്തിൽ ഒരിക്കൽ പോലും ഉപയോഗിക്കാത്ത എനിക്ക് കിട്ടിയ പണി. ബ്രഷ് വാങ്ങാൻ പോയിട്ട് പലചരക്കോ, മരുന്നോ വാങ്ങുവാൻ പോയാൽ പോലും ചോദ്യം ചെയ്യപ്പെടുന്ന കോവിഡ് കാലമെങ്കിലും, ബ്രഷ് ഞാൻ പിൻവശത്തെ ഔട്ട് ഹൗസിന്റെ വരാന്തയിൽ വച്ചിരിക്കുന്ന വെയിസ്റ്റ് ബാസ്ക്കറ്റിൽ ഇട്ടു. വീടിന്റെ പിൻവാതിൽ കടന്ന് അടുക്കളയിലേക്ക് ചെന്ന ഞാൻ റോസിലിയോട് ചോദിച്ചു.

'മോളെന്ത ചെയ്തെ. എന്റെ ബ്രഷും കൊണ്ടാ അയാള് പല്ലു തേച്ചെ.'

'എന്നോട് ചേട്ടന്റെ ബ്രഷും പേസ്റ്റും ചോദിച്ചപ്പം പറഞ്ഞു വിട്ടതാരിക്കൂന്ന് കരുതി ഞാനെടുത്തു കൊടുത്തു. അങ്ങേരടെ പല്ലു തേക്കാനാർന്നൂന്ന് എനിക്കറിയില്ലല്ലോ.'

മനപ്രയാസത്താൽ പത്തു മിനിറ്റ് സമയം സിറ്റൗട്ടിലെ കസേരയിൽ നിരാശപ്പെട്ട് ഞാൻ ഇരുന്നു. അപ്പോഴേക്കും വിൽസ് വന്നു. രാജേഷ്, അക്ബർ തുടങ്ങിയ എന്റെ നാട്ടുകാരായ പുതുകവികളെക്കുറിച്ച്, അവരുടെ അടുത്തിടെ പ്രസിദ്ധീകരിച്ച കവിതകളെക്കുറിച്ച്, പുസ്തകങ്ങളെ കുറിച്ച് ഞങ്ങൾ സംസാരിച്ചിരുന്നു. കവിയോടുള്ള നീരസം പ്രകടിപ്പിക്കാതെ നല്ലൊരു അതിഥിയാകുവാൻ ഞാൻ ഒത്തിരി ശ്രദ്ധിച്ചു. കുറെ കഴിഞ്ഞ് റോസിലി വന്ന് 'എന്നാ ചായ കുടിക്കാം', എന്ന് പറഞ്ഞു പോയി. ഡൈനിങ്ങ് ടേബിളിൽ പാത്രങ്ങൾ നിരത്തുന്നതിന്റെ ശബ്ദം കേൾക്കുവാൻ തുടങ്ങിയപ്പോൾ ഞാൻ വാഷ്ബേസിനടുത്തുള്ള ചെറിയ സ്റ്റാൻഡിൽ വച്ച പേസ്റ്റിൽ നിന്നും അൽപ്പമെടുത്ത് പല്ലുതേച്ചെന്നു വരുത്തി, വിൽസിനൊപ്പം ചായ കുടിക്കുവാൻ ഇരുന്നു.

നല്ല ഡ്രൈ ആയിരുന്ന പിടിയുടെ പീസുകളിൽ ഒരോന്ന് പ്ലേറ്റിലേക്കെടുത്ത് നാടൻ കോഴി വറുത്തരച്ച കുറുകിയ കറി അതിനു മീതേക്കൊഴിച്ച് ഞങ്ങൾ കഴിക്കുവാൻ തുടങ്ങി. കഴിച്ചു കൊണ്ടിരിക്കെ റോസിലി രണ്ടു പേർക്കുമായി കപ്പുകളിൽ ചായ പകർന്നു വച്ചു. കഴിച്ച് തീരാറാകവെ 'ഒരു കാര്യം ജോൺസാറിനോട് പറയാനൊണ്ട്. ചോദിക്കാതെ ഞാനത് ചെയ്തു. ദേഷ്യപ്പെടരുത്. സാറിനും ഗുണമുള്ളതാണ്', എന്നൊക്കെ ഇടതു കൈ കൊണ്ട് താടി തടവി പറയുവാൻ തുടങ്ങി. ഈ മനുഷ്യൻ എന്ത് ദ്രോഹം കഴിഞ്ഞ രാത്രി ചെയ്തുവച്ചു എന്നറിയാതെ ഞാൻ ഒരു നിമിഷം ചിന്തിക്കുകയും, പ്രയാസപ്പെട്ട് ചായകുടി അവസാനിപ്പിക്കുകയും ചെയ്തു.

കൈകഴുകി സിറ്റൗട്ടിൽ പോയിരുന്ന ഞാൻ, കവി ഇന്നലെ ഷീലയുമായി എന്തെങ്കിലും വിഷയം ഒപ്പിച്ചു കാണും എന്നൊക്കെ ചിന്തിച്ചു വശായി. വേറെ എന്തെങ്കിലും ഗുലുമാലുകൾ ആകാമെന്നോർത്ത്, വിവിധങ്ങളായ സാദ്ധ്യതകളെകുറിച്ച് ചിന്തിച്ച് മനസ് നീറി ഞാൻ ദയനീയ അവസ്ഥയിലായി. റോസിലിയെ വിളിച്ച് ഒരു ഗ്ലാസ് വെള്ളം എടുപ്പിച്ച് കുടിച്ചു. കൈ കഴുകി, ടോയ്‌ലറ്റിൽ പോയി വന്ന വിൽസ് എനിക്കരികിലെത്തി കുറച്ച് പരുഷമായി സംസാരിക്കുവാൻ തുടങ്ങി.

'ചെയ്തത് ചെയ്തു. നിങ്ങള് ബഹളം വച്ചാലും കാര്യോല്യ. നമുക്ക് അപ്പുറത്തെ വീടു വരെ ഒന്നു പോണം'.

വിൽസ് എന്നെ പിടിച്ചെഴുന്നേൽപ്പിച്ച് കൊണ്ടുപോയി. അപ്പുറത്തെ വീട്ടിലേക്കുള്ള നടപ്പുവഴിയിലൂടെ നടക്കവെ 'ആ എന്തെങ്കിലുമാകട്ടെ, വരുന്നിടത്തു വച്ചു കാണാം', എന്ന് മനസിലുറച്ച് ഊർജം സംഭരിച്ച് വീടിന്റെ രണ്ടാം നിലയിലേക്ക് വിൽസിൽ നിന്നും അകലം പാലിച്ച് ഗോവണി കയറവെ ചെറുത്തു നിന്ന ആ പെണ്ണിനെ ഇയാളെങ്ങാനും ഉപദ്രവിച്ചു കാണുമോ എന്നുവരെ ചിന്തിച്ചു.

മുറിയിലെ മേശപ്പുറത്ത് 500ന്റെ ഒരു നോട്ടുകെട്ടിരുന്നതിൽ നിന്നും മൂന്നുനോട്ടുകൾ വലിച്ചൂരി 'ഞാനിതെടുക്കുവാ', എന്നു പറഞ്ഞ് വിൽസ് നോട്ടുകൾ തന്റെ തോൾ സഞ്ചിയിലേക്ക് ഇട്ടു. അനന്തരം നോട്ടുകെട്ട് എന്റെ കൈവെള്ളയിലേക്ക് നിർബന്ധിച്ച് വച്ചു തരുമ്പോൾ 'ഇതെന്തിന്റെ പൈസയാന്ന് അറിയാതെ ഞാനെങ്ങനെയ വാങ്ങിക്കണെ', എന്നൊക്കെ പറഞ്ഞു നോക്കിയെങ്കിലും വിൽസിന് ഞാൻ കീഴ്പ്പെട്ടു. മൂന്ന് നോട്ടുകൾ എടുത്തത് കമ്മീഷൻ ആയിട്ടാണെന്ന് മനസിലായെങ്കിലും, എന്തിന്റെ പണമെന്ന് പറയാത്തതിനാൽ ദേഷ്യം പ്രകടിപ്പിച്ചു നിന്ന എന്നെ വിൽസ് വീണ്ടും പിടിച്ചു വലിച്ച് താഴേക്ക് കൊണ്ടുപോയി.

എന്റെയോ കസിന്റെയോ പറമ്പിലെ മരങ്ങളോ, മണ്ണോ, അതോ ഭൂമി തന്നെയോ വിൽക്കുവാൻ കരാറാക്കിക്കാണാം എന്ന ചിന്തയാൽ എന്റെ ഉള്ളിൽ നിന്നും തീ ആളുവാൻ തുടങ്ങി. കസിന്റെ ആണെങ്കിൽ എന്നെ വിശ്വസിച്ച്, വീടും

പറമ്പും ഏൽപ്പിച്ചിട്ടു പോയിരിക്കുന്നതല്ലെ? മുന്നിൽ നടന്ന വിൽസ് കസിന്റ വീടിന്റെ മുൻവശത്ത് എത്തി കോളിങ്ങ് ബെല്ലടിച്ചു. ഞങ്ങൾ കാത്തു നിന്നിട്ടും വാതിലാരും തുറക്കാതിരിക്കെ വിൽസ് പറഞ്ഞു.

'മൂന്നുമാസത്തെ വാടക 50000 ആണ് അഡ്വാൻസായി തന്നത്. പരിചയപ്പെട്ടാൽ സാറിനും പുതിയ താമസക്കാരെ ഇഷ്ടമാകും. അർച്ചനേം, ഞാനും ആലുവായിലെ പഴേ പരിചയക്കാര. ഇന്നലെ രാത്രി രണ്ടിന അവള് വിളിക്കുന്നെ. അത്യാവശ്യമായി വീടുമാറുന്നതിനെക്കുറിച്ച് സൂചിപ്പിച്ചപ്പോഴാണ് ഞാനീ വീടിന്റെ മുകളിലത്തെ മുറിയിലാണ് താമസിക്കുന്നതെന്നും, താഴെ വീട് ഒഴിഞ്ഞുകിടക്കുകയാണെന്നും, താക്കോൽ കൈവശമുണ്ടെന്നും പറഞ്ഞത്. അവര് ലൊക്കേഷൻ ഇട്ടു കൊടുക്കാൻ പറഞ്ഞു. കമ്പനിപ്പടി സുനീഷിന്റെ സഹായം ലഭിച്ചതിനാൽ രാവിലെ നാലു മണിയോടെ സാധനങ്ങളുമായി അവരെത്തി'.

ഈ മനുഷ്യനെ പോലെയുള്ളവരോട് ഒന്നും പറഞ്ഞിട്ട് കാര്യമില്ലെന്നും, ഇന്നലെ സന്ധ്യക്ക് വന്നപ്പോൾ ഇവിടെ താമസിപ്പിച്ചതാണ് എന്റെ തെറ്റെന്നും ഞാൻ ഉറപ്പിച്ചു. ഞാനങ്ങനെ വിഷാദിച്ചു നിൽക്കവേ, ഗേറ്റു തുറന്ന് ഒരു കാറു വന്ന് പോർച്ചിൽ നിർത്തി. തത്സമയം തന്നെ വീടിന്റെ വാതിൽ തുറക്കപ്പെടുകയും, മോഡേൺലുക്കിലുള്ള, മാസ്ക് ധരിച്ച സ്ത്രീ, അർച്ചനയാകണം ഞങ്ങളുടെ മുന്നിൽ വന്ന് നിന്നു. 'എത്തിയോ', എന്നു ചോദിച്ച് ഒരു 30കാരിയും, അതിനു പിന്നാലെ മെല്ലിച്ചൊരു 25കാരിയും വാതിൽക്കൽ വരെ വന്നു. 'എന്റെ ആങ്ങളേട മോന വിൽസേട്ട', എന്ന് കാറിൽ നിന്നും ഇറങ്ങി വന്ന ചെറുപ്പക്കാരനെ നോക്കി അർച്ചന പറയുകയും, ഇത്രയും ആളുകളെ പ്രതീക്ഷിക്കാത്തതിനാൽ നാണത്തോടെ സിറ്റൗട്ടിലേക്ക് കാലെടുത്തു വച്ച അയാളെ വാതിൽക്കൽ നിന്നവർ പുറത്തേക്ക് വന്ന് കൈപിടിച്ച് വലിച്ച് കൊണ്ടു പോകുകയും ചെയ്തു.

അർച്ചന വിൽസിനോട് പറയുന്നു, 'വിൽസേട്ട, വീടൊക്കെ ഇഷ്ടപ്പെട്ടു. ബെഡ് റൂമിന്റെ ഭിത്തി സൂപ്പർ. ഞാനിത്രേം കരുതീല്ല. അടിയന്തിര ഘട്ടത്തിൽ പ്രയോജനപ്പെടും.'

ഒന്നുമല്ലാത്തവനെപ്പോലെ, ഒന്നും പറയുവാൻ പറ്റാതെ ഞാനങ്ങനെ നിന്നു. അർച്ചന, വിൽസ് തോമസിനെ അരികിലേക്ക് വിളിച്ച് ചെവിയിൽ എന്തൊക്കെയോ പറയുന്നുണ്ട്. സംസാരം കഴിഞ്ഞയുടൻ അവർ എന്നോടായി പറഞ്ഞു 'തെരക്കായിട്ട. ചേട്ട, നമുക്ക് കാണാട്ടൊ'. വിൽസിനെ ഒപ്പം കൂട്ടാതെ ഞാനെന്റെ വീട്ടിലേക്ക് നടന്നു. ഒന്നു രണ്ടാഴ്ച്ച കഴിഞ്ഞാൽ ആരാലൊക്കെ വിളിക്കപ്പെടുമെന്നോ, എവിടെയൊക്കെ പോകേണ്ടി വരുമെന്നോ എന്നതിലായിരുന്നില്ല, വിൽസ് നല്ലവനായ ഒരു ദുഷ്ടനാണല്ലോ, അയാൾ ചുരുങ്ങിയ സമയം കൊണ്ട് ഇത്രമാത്രം ഒപ്പിച്ചല്ലോ എന്നോർത്താണ് എനിക്ക് സങ്കടം വന്നത്. വീട്ടുടമയായ കസിനെ വീട് വാടകയ്ക്ക് കൊടുത്ത വിവരം അറിയിക്കാതെ വയ്യല്ലോ. കോവിഡ് കാലം അല്ലായിരുന്നെങ്കിൽ, കസിൻ ഇതിനകം തന്നെ മറ്റാരെങ്കിലും വിളിച്ചു പറഞ്ഞ് വിവരങ്ങൾ അറിഞ്ഞ ശേഷം, എന്നെ വിളിക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു.

വീടിന്റെ മുൻവശത്തെ മുറ്റത്തു കൂടി ഉലാത്തവെ എന്റെ പിന്നാലെ കൂടിയ വിൽസിനെ ഞാൻ അവഗണിച്ചു. ഇതിനിടയിൽ കവി തലവേദന എടുക്കുന്നെന്നു പറഞ്ഞ് റോസിലിയോട് വിക്സിന്റെ കുപ്പി വാങ്ങി നെറ്റിയിലാകെ ക്രീം പുരട്ടി. വിൽസ് മൂക്ക് ചീറ്റുന്നതിനൊപ്പം, മൂക്കൊലിപ്പിക്കുവാനും ചുമക്കുവാനും തുടങ്ങിയിരിക്കുന്നു. പ്രശ്നമായെന്ന് എനിക്ക് ഉറപ്പായി.

### 6. സ്മരണാഞ്ജലി

വിൽസ് അപ്പുറത്തെ വീട്ടിലേക്ക് പൊറുപൊറുത്തു കൊണ്ട് നടന്നു പോയിട്ട്, കളമശ്ശേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ അയാളെ എത്തിച്ചിട്ട്, കോവിഡ് ബാധിച്ച് ലോകമെങ്ങുമുള്ള ആയിരങ്ങൾക്കൊപ്പം കവിയും ഓർമ്മയായിട്ട്, ഓട്ടോക്കാരൻ ഇറക്കി വച്ച പുസ്തകപ്പൊതി ലൈബ്രറികൾക്ക് സൗജന്യമായി വിതരണം ചെയ്തിട്ട്, സ്നേഹസ്മരണയുടെ വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഇപ്പോഴും ആ ദിനങ്ങളുടെ ഓർമ്മകൾ മാത്രം വല്ലാത്ത ഭീതിയായി നിറഞ്ഞു നിൽക്കുന്നു. വല്ലാത്ത ഒരു കാലമായിരുന്നു. ഒന്നിനും വഴങ്ങാത്തവനായിരുന്നു കവി. ഇപ്പോൾ കവിയുടെ ആരാധകർ ഉൾപ്പെടെ ആരെങ്കിലും ആ കവിതകൾ വായിക്കുന്നുണ്ടാകുമോ? ആ അരാജക ജീവിതം കുടുംബം പോലും ഓർക്കുന്നുണ്ടാവില്ല. പക്ഷേ, ഏറെ നാളുകൾ വേണ്ടി വന്നു എനിക്ക് ആ ആഘാതത്തിൽ നിന്ന് മോചിതനാകുവാൻ. ഇതിനിടെ ഞാൻ ആ നോവൽ പോലും ഉപേക്ഷിച്ചു. മനുഷ്യൻ എന്താണെന്ന്, ഒരോരുത്തരും ഇത്രയോ ഉള്ളൂ എന്ന് സ്വന്തം ജീവിതം കൊണ്ടു തന്നെ എന്നെ പഠിപ്പിക്കുകയായിരുന്നല്ലോ വിൽസ് തോമസ്! ഒരിക്കലും താങ്കളെ മറക്കില്ല വിൽസ് ...

**വിൽസ് നല്ലവനായ ഒരു ദുഷ്ടനാണല്ലോ, അയാൾ ചുരുങ്ങിയ സമയം കൊണ്ട് ഇത്രമാത്രം ഒപ്പിച്ചല്ലോ എന്നോർത്താണ് എനിക്ക് സങ്കടം വന്നത്. വീട്ടുടമയായ കസിനെ വീട് വാടകയ്ക്ക് കൊടുത്ത വിവരം അറിയിക്കാതെ വയ്യല്ലോ. കോവിഡ് കാലം അല്ലായിരുന്നെങ്കിൽ, കസിൻ ഇതിനകം തന്നെ മറ്റാരെങ്കിലും വിളിച്ചു പറഞ്ഞ് വിവരങ്ങൾ അറിഞ്ഞശേഷം, എന്നെ വിളിക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു.**

# Investment Opportunity:





Prime 3-acre property facing the newly developed NH 66, near Neendakara Bridge.

# Premium Villa & High-Rise

## Development in Prime Location

*Unlock a Lucrative Real Estate Venture in Kerala*





**KEY HIGHLIGHTS:**

- **Strategic Location – Positioned along NH 66 for maximum visibility and accessibility**
- **High Revenue Potential – Projected to generate over 80+ crore in revenue**
- **Premium Development – A blend of luxury villas and high-rise residences catering to modern lifestyles**
- **Investor Benefits – Attractive ROI with a scalable investment structure**


**For detailed investment plans and partnership opportunities, Please Contact:**

**Jaikumar (India): 91-9447060606 Paul Morris (USA): 1-626-390-9490**

**Email: Paul.Morris82@yahoo.com**

● നോവൽ/

# ഒന്നാമത്തെ ദിവ്യ രഹസ്യം



◉ ജോസഫ് എബ്രാഹം

**യേശുവിന്റെ പിതാവ് ജോസഫ് എന്ന ദാവീദിന്റെ ഗോത്രത്തിൽ ജനിച്ച തച്ചന്റെ ജീവിതകഥ പറയുന്ന ജോസഫ് അബ്രാഹമിന്റെ ഒന്നാമത്തെ ദിവ്യ രഹസ്യം ആ കാലത്തിലേക്ക് വായനക്കാരെ കൊണ്ടു പോകുകയാണ്. നോവലിന്റെ അഞ്ചാം അദ്ധ്യായം**



*വര:*
മറിയം ജാസ്മിൻ

### അധ്യായം –5

# തെളിഞ്ഞ മാനം

ഇപ്പോൾ മരുഭൂമിയിലെ പൊടി ക്കാറ്റ് ശമിച്ചിരിക്കുന്നു. ഭീതി ഒഴിഞ്ഞു പോയ പൊലെ. ആകാശം മൂടിയ വെട്ടുക്കിളികളെ യഹോവ ശാസിച്ച് അകറ്റിയിരിക്കുന്നു. തെ ളിഞ്ഞമാനം. ആ കാഴ്ച്ചകളോക്കെ എന്റെ മതിഭ്രമങ്ങൾ ആയിരുന്നുവോ ? മനസ് പറയുന്നു

'വരുവാനിരിക്കുന്ന ഇസ്രയേലി ന്റെ രക്ഷകനെ കാത്തിരിന്നോളൂ '

സംശയത്തിന്റെ , വെളിപാടുക ളുടെ , മന്ത്രച്ചരടിൽ കെട്ടിയിട്ട ഒരു ജീവിതമാണല്ലോ എന്റേത്?

ഒന്നിലും ഉറച്ചു നിൽക്കാനാ വാതെ ചാഞ്ചാടി ജീവിക്കുന്ന ഒരു സന്ദേഹി ....

എനിക്ക് മറ്റൊരു വെളിപാട് ഉദി ക്കുന്നു.....

ഈ സമയം ജറുസലേമിൽ നിന്നും ഒരു ദൂതൻ സമരിയ പട്ടണത്തിനടുത്തുള്ള എൻറെ വീട്ടി ലേക്കു വരുന്നുണ്ടായിരുന്നു.

ജറുസലേം ദേവാലയത്തിലെ മുഖ്യപുരോഹിതനായ ശിമയോന്റെ കല്പന പ്രകാരം എന്നെ തേടിയാ യിരുന്നു ദൂതന്റെ യാത്ര. എത്രയും വേഗം പ്രധാന പുരോഹിതൻറെ മുൻപിൽ എത്തുക, അതായിരുന്നു ദൂതൻ കൊണ്ടുവന്ന സന്ദേശത്തിലെ കല്പന.

എന്തിനായിരിക്കും ഇങ്ങനെ ഒരു സന്ദേ ശവുമായി ഒരു ദൂതൻ എന്നെ തേടി വന്നത്? ദീർഘയാത്ര ചെയ്തു വന്ന ദൂതനോട് ആ രാത്രിയിൽ എൻ റെ ഭവനത്തിൽ തങ്ങുവാൻ ഞാൻ അഭ്യർഥിച്ചു. എൻറെ ആഥിത്യം സ്വീ കരിച്ച് ദൂതൻ അന്നവിടെ വിശ്രമിച്ചു. പിറ്റേന്നു രാവിലെ ഞങ്ങൾ ജറുസ ലേം ലക്ഷ്യമാക്കി യാത്രയായി.

എന്തിനായിരിക്കും എന്നെ അടിയന്തിരമായി വിളിപ്പിച്ചതെ ന്നു അറിയില്ലായിരുന്നു. യാത്രക്കിടയിൽ ദൂതൻ ആയിടെ ദേവാലയത്തിൽ ഉണ്ടായ ചില സംഭവങ്ങളെ ക്കുറിച്ച് സംസാരിച്ചു.

ഈ യാത്രയെ ക്കുറിച്ച് ഓർ ക്കുമ്പോഴെല്ലാം മനസിൽ ഉത്തരം കിട്ടാത്ത ഒരു ചോദ്യം ഉയരാറുണ്ട്. 'എല്ലാ ആദ്യജാതരും കർത്താവി നുള്ളതാണ്. അവരെ ദൈവത്തിന് സമർപ്പിക്കണം. പകരമായി മൃഗബ ലി നൽകി അവരെ വീണ്ടെടുത്തുക കൊള്ളണം. മൃഗങ്ങളുടെ ആൺകു ട്ടികളെയും ദൈവത്തിനു സമർപ്പി ക്കണ'മെ ന്നുള്ള വചനത്തിൽ പെ ൺകുട്ടികളെ ദൈവത്തിനു സമർ പ്പിക്കാൻ പറഞ്ഞിരുന്നോ ? പക്ഷെ

അക്കാലങ്ങളിൽ ജറുസലേം ദേവാലയത്തിൽ കന്യകമാരെ സമർപ്പിക്കുന്ന ഒരു പതിവുണ്ടായിരുന്നു.

മാതാപിതാക്കൾ തങ്ങളുടെ ആദ്യജാതയായ പെണ്മക്കളെ മൂന്നാമത്തെ വയസിൽ ദേവാലയത്തിൽ സമർപ്പിക്കണം. ദേവാലയത്തിൽ സമർപ്പിക്കപ്പെട്ട കന്യകമാരുടെ ശിക്ഷണവും സംരക്ഷണവും ദേവാലയ അധികൃതരുടെ ചുമതലയാണ്. കന്യകമാർക്ക് പതിനാല് വയസു കഴിഞ്ഞാൽ അവരെ , അവിടെ നിന്നും വിവാഹം ചെയ്തു പറഞ്ഞയക്കണം എന്നതും ദേവാലയ ചട്ടമാണ്.

ആൺകുട്ടികളെ സമർപ്പിക്കുകയും പകരം മൃഗബലി നൽകി വീണ്ടെ ടുക്കാൻ നിയമം അനുശാസിക്കുന്നു എന്നാൽ മൂന്നാമത്തെ വയസിൽ മാതാപിതാക്കളിൽ നിന്നും വേർപ്പെട്ടു പോകുന്ന പെണ്മക്കളെ വീണ്ടെടുക്കാൻ നിയമത്തിൽ വ്യവസ്ഥയില്ല!. എത്ര വിവേചനപരമായ നിയമമാണ്? സ്വന്തം മകളെ വേർപെ ട്ടുപോകുന്ന മാതാപിതാക്കളുടെ കണ്ണുനീർ കണ്ടു സന്തോഷിക്കുന്നവനാണോ ദൈവം?

ദേവാലയത്തിലെ ജോലികൾക്കായി അടിമകളെ സൃഷ്ടിക്കാൻ വേണ്ടി വിവാഹം കഴിയുന്നത് വരെ കന്യകമാർ ദേവാലയത്തിൽ കഴിയണമെന്ന വ്യവസ്ഥ പൌരോഹിത്യ സൃഷ്ടിയല്ലേ ? അങ്ങിനെ കരുതുന്നതാകും കൂടുതൽ ശരിയെന്നു തോന്നുന്നു. മനുഷ്യൻറെ ഹിതത്തെ ദൈവഹിതം എന്നു പറഞ്ഞു നടപ്പിലാക്കുന്നു. ഇതൊന്നും തടയാനുള്ള കെൽപ്പില്ലാത്ത ദുർബലനാണോ എൻറെ ദൈവം ? എൻറെ മനസ്സു വീണ്ടും സന്ദേഹം കൊണ്ടു നിറഞ്ഞു.

അന്നവിടെ , ജറുസലേം ദേവാലയത്തിൽ പതിനാലുകാരിയായ ഒരു കന്യകയുണ്ടായിരുന്നു. 'മിരിയാം' എന്നായിരുന്നു അവളുടെ പേര്. അവൾക്കു വിവാഹത്തിനോ കുടുംബജീവിതത്തിനോ ഒട്ടും ആഗ്രഹമില്ലായിരുന്നു. ഒരു കന്യകയായി ദേ വാലയശുശ്രൂഷകളിൽ വ്യാപരിക്കാനായിരുന്നുവളുടെ ആഗ്രഹം. പക്ഷെ ദേവാലയ നിയമങ്ങൾ അനുസരിച്ച് പതിനാല് വയസു തികഞ്ഞ കന്യകകൾ ദേവാലയത്തിൽ നിന്നും പോയേ മതിയാകൂ. പതിനാല് വയസു തികയുന്നതോടെ അവർക്കു നിയമപ്രകാരം സ്വയം വീണ്ടെടുപ്പു നടത്താൻ കഴിയുമായിരുന്നു. ദേവാലയത്തിൽ വളർന്നു വരുന്ന കന്യകകളുടെ വിവാഹകാര്യങ്ങളിൽ തീരുമാനമെടുക്കുന്നത് പ്രധാന പുരോഹിതനാണ്. ദേവാലയത്തിൽ വളരുന്ന കന്യകമാരിൽ ഒരാളുടെ ഉദരത്തിലായിരിക്കും മിശിഹാ പിറവിയെടുക്കുകയെന്നൊരു വിശ്വാസം

**ദേവാലയത്തിൽ വളരുന്ന കന്യകമാരിൽ ഒരാളുടെ ഉദരത്തിലായിരിക്കും മിശിഹാ പിറവിയെടുക്കുകയെന്നൊരു വിശ്വാസം അക്കാലത്ത് പുരോഹിതർക്കിടയിലും ജനങ്ങൾക്കിടയിലുമുണ്ടായിരുന്നു. അതിനാൽ തന്നെ വളരെ കരുതലോടും പ്രാർത്ഥനയയോടും കൂടിയാണ് കന്യകമാർക്ക് യ യോജിച്ച വരന്മാരെ ദേവാലയ അധികൃതർ തിരഞ്ഞെ ടുക്കുക.**

അക്കാലത്ത് പുരോഹിതർക്കിടയിലും ജനങ്ങൾക്കിടയിലുമുണ്ടായിരുന്നു.

അതിനാൽ തന്നെ വളരെ കരുതലോടും പ്രാർത്ഥനയയോടും കൂടിയാണ് കന്യകമാർക്ക് യോജിച്ച വരന്മാരെ ദേവാലയ അധികൃതർ തിരഞ്ഞെ ടുക്കുക.

മിശിഹായെ കണ്ണു കൊണ്ട് കാണുന്നതുവരെ മരണം തന്നെ സമീപിക്കുകയില്ലന്നു വിശ്വസിച്ചിരുന്ന വൃദ്ധനായ ശിമയോനായിരുന്നു അന്നത്തെ പ്രധാന പുരോഹിതൻ. വാർദ്ധക്യസഹജമായ അസ്വസ്ഥതകൾ അലട്ടുമ്പോഴും മിശിഹായെ നേ രിൽകണ്ടതിനു ശേഷമേ മരണം തന്നെ സമീപിക്കുകയുള്ളുവെ ന്ന വിശ്വാസം നല്ലവനായ ആ പുരോഹിതനു തൻറെ ശാരീരിക വേദനകളെ അതിജീവിക്കാനുള്ള കരുത്തുനൽകി. മിശിഹാ ഉടൻ അവതരിക്കുമെന്ന പ്രതീക്ഷ എല്ലാവരിലുമുണ്ടായിരുന്നു. മിശിഹായുടെ പിറവിക്കുവേണ്ടി മറ്റുള്ളവരോടൊപ്പം തീഷ്ണമായ പ്രാർത്ഥനയിലായിരുന്നു പുരോഹിതനായ ശിമയോനും.

ഈജിപ്റ്റിലെ നാനൂറു വർഷത്തെ അടിമത്തത്തിൽ കഴിഞ്ഞ ജനത വാഗ്ദത്ത നാട്ടിൽ തിരിച്ചെത്തിയെ ങ്കിലും കുറഞ്ഞൊരു ഇടവേളക്കപ്പുറം യുദ്ധവും കലാപങ്ങളും അവരുടെ സ്വസ്ഥത കെടുത്തി. അനേകം യുദ്ധങ്ങളും ചെറുത്തു നിൽപ്പുകൾക്കു ശേഷം കനത്ത ഒരു പരാജയം അവരെ തേടിവന്നു.

ബാബിലോണിയൻ രാജാവായ നെ ബുക്കദനേസ്സർ, യൂദയയെ ആക്രമിച്ചു കീഴടക്കി. ശലമോൻ രാജാവ് പണികഴിപ്പിച്ച ജെറുസലേം ദേവാലയം തകർത്തു നാശത്തിൻ റെ കൽകൂമ്പാരമാക്കി. ജനത്തെ മുഴുവൻ ബാബിലോണിയർ അടിമകളാക്കി പിടിച്ചുകൊണ്ടുപ പോയി. ദൈവത്തിൻറെ തിരഞ്ഞെടുക്കപ്പെ ട്ട ജനമെന്നു അഹങ്കരിച്ചിരുന്നവർ വീണ്ടും അടിമകളായി വിജാതിയരുടെ വീടുകളിലും വയലുകളിലും പണിയെടുക്കേണ്ടി വന്നു.

ഇസ്രയേൽ സ്ത്രീകൾ അന്ത:പുരത്തിലും സൈനീകരുടെ പുരകളിലും അടിമകളായി. ഇടതടവില്ലാതെ അവർ വിജാതീയരുടെ മക്കളെ പ്രസവിച്ചു.

ദൈവത്തിന്റെ സ്വന്തജനമായിരുന്നവർ സ്വയമേ വിജാതീയരായി മാറി അപമാനം സഹിച്ചു. അറുപതു വർഷങ്ങൾ അങ്ങിനെ അടിമകളായി കഴിഞ്ഞപ്പോൾ ഒരു രക്ഷകൻ വന്നു അതും ഒരു വിജാതീയൻറെ തന്നെ രൂപത്തിൽ.


പേർഷ്യയിലെ രാജാവായിരുന്ന മഹാനായ സൈ റസ്, ബാബിലോ

ണിയയെ കീഴടക്കി. സൈറസ് രാജാവ് ഇസ്രയേൽ ജനങ്ങൾക്ക് യൂദയായിലേക്ക് തിരികെ പോകാൻ അനുമതി നൽകി. തിരികെ എത്തിയ ജനം ജീവിതം വീണ്ടും കെട്ടിപ്പടുത്തു. ബാബിലോണിയക്കാർ നശിപ്പിച്ച തങ്ങളുടെ ദേവാലയം വീണ്ടും അവർ പണിതുയർത്തി.

കാലം വീണ്ടും മുന്നോട്ടു പോകവേ വീണ്ടും യുദ്ധവും വിനാശവും ജനത്തെ തേടിയെത്തി. അടുത്തത് വിജാതീയരായ റോമാക്കാരുടെ വരവായിരുന്നു.

റോമൻ പട്ടാള മേധാവിയായ 'പോംപി റോമിനു വേണ്ടി ജറുസലേം കീഴടക്കി.

അങ്ങിനെ വീണ്ടും വിജാതീയരുടെ ഭരണത്തിലായി ദൈവത്തിൻറെ തിരഞ്ഞെടുക്കപ്പെട്ടുവെ ന്നു കരുതുന്ന ജനം. റോമാക്കാർ ഭരണനടത്തിപ്പിനായി ഏൽപ്പിച്ച വിജാതീയരായ രാജാവിന് കീഴിൽ ജനം അസംതൃപ്തർ ആയിരുന്നു. റോമൻ ഭരണം എപ്പോൾ വേണമെ ങ്കിലും അവരെ അടിമകളാക്കുമെന്നവർ ഭയന്നു.



**മിരിയാമിൻറെ വിവാഹം നടത്തുവാൻ ദേവാലയ അധികൃതർ തീരുമാനിച്ചു. വിവാഹകാര്യത്തിൽ ഒരു തീരുമാനമെ ടുക്കുന്നത് പ്രധാന പുരോഹിതൻ ദേവാലയ ശ്രീകോവിലിൽ നടത്തുന്ന പ്രാർത്ഥനകൾക്കും പ്രവചനത്തിനും ശേഷമാണ്.**

സ്വന്തം രാജ്യം .....സ്വന്തം ഭരണം..... അതവർ മോഹിച്ചു.

ദാവീദിനെയും ശലമോനെയും പോലെയുമൊക്കെ ഒരു രാജാവുണ്ടാവുക.

അതൊക്കെയായിരുന്നു അവരുടെ ആഗ്രഹം. അതിനാണ് അവർ, തങ്ങളുടെ രക്ഷകനും രാജാവുമായി വരുന്ന മിശിഹായെ കാത്തിരിക്കുന്നത്.

മിശിഹായുടെ വരവ് ഇസ്രയേൽ ജനതയെ സംബന്ധിച്ചു ദൈവം വാഗ്ദാനം ചെയ്ത രക്ഷകനാണ്. ശത്രുക്കളിൽ നിന്നും അവരെ രക്ഷിക്കുവാനും ശാന്തിയുടെയും പുരോഗതിയുടെ യും ഒരു പുതുയുഗം സ്ഥാപിക്കാനുമുള്ള ഒരു പോരാളിയാണ് മിശിഹ..

തങ്ങൾമാത്രം ദൈവം പ്രത്യേകമായി തിരഞ്ഞെടുത്ത ജനമാണെന്നും മറ്റുള്ളവരോക്കെ ദൈവജനമല്ല, വിജാതീയരാണെന്നും അവർക്കാർക്കും സ്വർഗ്ഗം പ്രാപ്യമല്ലെന്നും ആ ജനം അന്ധമായിവിശ്വസിച്ചു. മിശിഹാ സ്ഥാപിക്കുന്ന സാമ്രാജ്യം ലോകത്തെ മുഴുവൻ ജയിക്കുമെന്ന പ്രത്യാശയാണ് അവർക്കുണ്ടായിരുന്നത്.

മിരിയാമിൻറെ വിവാഹം നടത്തുവാൻ ദേവാലയ അധികൃതർ തീരുമാനിച്ചു.

വിവാഹകാര്യത്തിൽ ഒരു തീരുമാനമെ ടുക്കുന്നത് പ്രധാന പുരോഹിതൻ ദേവാലയ ശ്രീകോവിലിൽ നടത്തുന്ന പ്രാർത്ഥനകൾക്കും പ്രവചനത്തിനും ശേഷമാണ്.

പരസഹായമില്ലാതെ നടക്കാൻ പോലും ആരോഗ്യസ്ഥിതിയില്ലാത്ത പ്രധാന പുരോഹിതൻ ശിമയോനെ , മറ്റുള്ളവർ താങ്ങിപ്പിടിച്ച് ദേവാലയത്തിലെ അതിവിശിഷ്ഠ സ്ഥലത്തു കൊണ്ടുവന്നു. ധൂപാർച്ചനയും കാഴ്ചകളും സമർപ്പിച്ചു.

ബലിപീഠത്തിലെ ബലിവസ്തുവിൽ അഗ്നിപകർന്നു. ദേവാ

ലയത്തിലെ ചുരുൾ നിവർത്തി വായിച്ചതൊടെ പുരോഹിതനായ ശിമയോന്റെ മേൽ ദൈ വീക ചൈതന്യം വഴിഞ്ഞോഴുകി അദ്ദേഹം പ്രവചനസ്വരത്തിൽ ആജ്ഞാപിച്ചു.

''ദാവീദിന്റെ വംശാവലിയിൽ പിറന്നവരും, എല്ലാ കരകളിലും ദേശത്തും പരദേശത്തും വസിക്കുന്ന വിവാഹ പ്രായമെത്തിയ എല്ലാ അവിവാഹിതരോടും, വിവാഹയോഗ്യരോടും ദേവാലയത്തിൽ എത്തിച്ചേരാൻ ആവശ്യപ്പെട്ടു കൊണ്ടു സന്ദേ ശവാഹകർ പുറപ്പെടട്ടെ '

നിശ്ചയിച്ച ദിവസം തന്നെ യുവാക്കളുടെ ഒരു വലിയ കൂട്ടം ദേ വാലയത്തിൽ എത്തിച്ചേർന്നു. അവരിൽ ആട്ടിടയർ മുതൽ പ്രഭുകുമാരന്മാർ വരെയുണ്ടായിരുന്നു. നിറം മങ്ങിയ വസ്ത്രം ധരിച്ചവർ മുതൽ പട്ടിൻറെ മേലങ്കി യണിഞ്ഞവർ വരെയെത്തിച്ചേർന്നു. അവർക്കിടയിൽ തനിയെ വന്നവരും പരിചാരക വൃന്ദങ്ങളുടെ അകമ്പടിയിൽ എത്തിയവരുമുണ്ടായിരുന്നു.

പുരോഹിതനായ ശിമയോൻ രണ്ട് സഹായികളുടെ കയ്യിൽ പിടിച്ചവിടെ യെത്തി. യുവാക്കൾ പുരോഹിതനെ വന്ദിച്ചു. ശിമയോൻ കൈകൾ വിടർത്തി എല്ലാവരെയും യഹോവയുടെ നാമത്തിൽ ആശീർവദിച്ചു. തുടർന്ന് അദ്ദേഹം തൻറെ സഹായികളിൽ ഒരാളുടെ നേർക്കു ആജ്ഞ പോലെയൊരു നോട്ടമയച്ചു. ശിമയോന്റെ നോട്ടത്തിൻറെ പൊരുളറിഞ്ഞ സഹായി പുരോഹിതനെ താണുവണങ്ങികൊണ്ടു അവിടെ നിന്നും ദേവാലയ ഇടനാഴിയിലൂടെ നടന്നകന്നു.

ശിമയോൻ എല്ലാവരോടുമായി തൻറെ ദുർബലമായ സ്വരത്തിൽ അവരെ അവിടെ വിളിപ്പിച്ചതിൻറെ സാരം ഏതാനും വാക്കുകളിലൊതുക്കി പറഞ്ഞു.

അപ്പോഴേക്കും വധുവിനെ കൊണ്ടുവരാനായി അകത്തേക്കു പോയ സഹായി തിരികെയെത്തി. അയാൾക്ക് പിന്നിലായി പെ ൺകുട്ടികളുടെ താമസസ്ഥലത്തിന്റെ ചുമതലയുള്ള കാര്യവിചാരിപ്പുകാരിയുടെയൊപ്പം കൗമാരക്കാരിയായ മിരിയാമും എത്തി. ശിരോവസ്ത്രം കൊണ്ട് തലമറച്ച അവൾ, പുരോഹിതനെ താണുവണങ്ങിയശേഷം മറ്റാരുടേയും മുഖത്ത് നോക്കാതെ തലകുനിച്ചു മാറി നിന്നു.

ഭാഗികമായി അവളുടെ മുഖം മറഞ്ഞിരുന്നെങ്കിലും ശിരോവസ്ത്രത്തിനിടയിലൂടെ അനാവൃതമായ മുഖത്തുനിന്നും ചിതറിയ വെളിച്ചത്തിന്റെ പ്രഭയിൽ എല്ലാ യുവാക്കളും മതിമറന്നു അവളെ ത്തന്നെ നോക്കി നിന്നു പോയി. അതീവ സുന്ദരിയായ ആ കന്യകയെ തനിക്കു തന്നെ കിട്ടണമെന്ന്അവിടെയുള്ള ഓരോരുത്തരും അതിയായി ആഗ്രഹിച്ചു.

**ബേത്‌ലഹേമിലെ യാക്കോബ്ഭവനത്തിലുള്ള ആറു സഹോദരരുടെ പേരുകൾ അവിടെ ചേർക്കപ്പെട്ടിരുന്നു. അക്കൂട്ടത്തിൽ വിവാഹിതനാകാൻ യോഗ്യതയുള്ളവർ അന്നേ ദിവസം ദേവാലയത്തിൽ വന്നിരുന്നുവെ ങ്കിലും അവരുടെ കൂടെ പ്പിറപ്പായ ജോസഫ്എന്ന സഹോദരൻ വന്നിരുന്നില്ലെന്നു ദേവാലയ അധികൃതർക്ക് ബോധ്യമായി. ആ സഹോദരൻ ഞാനായിരുന്നു.**

ശിമയോൻ തൻറെ സഹായികളിൽ ഒരാളുടെ നേരെ കണ്ണുകൾ തിരിച്ചു. ആ നോട്ടത്തിലെ സന്ദേശം മനസ്സിലായ അയാൾ പെൺകുട്ടികളുടെ കാര്യവിചാരിപ്പുകാരിയുടെ നേർക്കു നോക്കി ശിരസ്സു കൊണ്ട് മരിയാമിനെ തിരിച്ചുകൊണ്ടു പോകാനുള്ള ആംഗ്യം കാണിച്ചു. അവർ മിരിയാമിനെ അവിടെ നിന്നും തിരികെ കൊണ്ടു പോയി. അവർ നടന്നു മറയുന്നതുവരെ യുവാക്കൾ അവളെ തന്നെ ആവേ ശത്തോടെ നോക്കി നിന്നു.

പ്രധാന പുരോഹിതനായ ശിമയോൻ പ്രാർത്ഥനയ്ക്കായി കൈകൾ ഉയർത്തി.

''യഹോവേ ... നീയറിയാതെ ഒന്നും സംഭവിക്കുന്നില്ല. നിന്റെ തിരുഹിതം നടത്തിത്തരണമേ ... '

വരന്മാരായ യുവാക്കളും പുരോഹിതനൊപ്പം ആ പ്രാർത്ഥനയിൽ പങ്കുചേർന്നു. എല്ലാവരുടെയും മനസ്സിൽ ആ സമയം, അല്പം മുൻപ് കണ്ട സുന്ദരിയായ കന്യകയായിരുന്നു ദൈവമായി നിറഞ്ഞുനിന്നിരുന്നത്.

അൾത്താരയ്ക്കു സമീപം ദേവാലയ അങ്കണത്തിലെ ഒരു വൃക്ഷത്തിന്റെ ശാഖയിൽ നിന്നും വെട്ടിയെടുത്ത ചെറിയ കമ്പുകൾ, ഇലകൾ ഇല്ലാത്ത വടികളായി അടുക്കി വച്ചിട്ടുണ്ടായിരുന്നു. പുരോഹിതൻ അതിൽ നിന്നും ഓരോ കമ്പുകളെടുത്ത് അവിടെ നിന്നിരുന്ന യുവാക്കളുടെ കൈകളിൽ നൽകി പ്രാർത്ഥന തുടർന്നു....

പ്രാർത്ഥനയുടെ യിടയിൽ ഓരോ ശാഖയിലും അതതു യുവാക്കളുടെ പേരെഴുതി തിരിക വാങ്ങിയശേഷം അവയെല്ലാം അൾത്താരയിലെ അതിവിശുദ്ധ സ്ഥലത്തെത്തിച്ചു .. ഈ കമ്പുകളിൽ ആരുടെ പേർ എഴുതിയ കമ്പിലാണോ പൂവ് വിടർന്നു വരുന്നത്, അവനായിരിക്കും മിരിയാമിൻറെ ഭർത്താവാകുവാനായി അനാദിയിലെ നിശ്ചയിക്കപ്പെട്ടവനെന്ന് പുരോഹിതൻ പ്രവചിച്ചു.

പ്രാർത്ഥനകൾ വീണ്ടും തുടർന്നുക കൊണ്ടിരുന്നു. പിന്നെ ചെറിയ ഒരു ഇടവേളക്കായി അവർ പിരിഞ്ഞു. തനിക്ക് മിരിയാമിനെ കിട്ടണേയെന്ന് ഉള്ളിൽ പ്രാർത്ഥനയുമായി യുവാക്കൾ അവിടെ ചുറ്റിപറ്റി നിന്നു.

നിശ്ചിത ഇടവേളയുടെ സമയം കഴിഞ്ഞു പുരോഹിതൻ സഹായികളുടെ കൂടെ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിച്ചു വൃക്ഷക്കമ്പുകൾ ഓരോന്നായി എടുത്തു പരിശോധിച്ചു. അതിൽ പേരെഴുതിയവർക്ക് അത് തിരികെ നൽകി.



അക്കൂട്ടത്തിൽ ഒരെണ്ണം പോലും പൂവിട്ടിരുന്നില്ല. എല്ലാവരും നിരാശരായി.

എന്നിട്ടും അവർ വിട്ടു പോകാതെ അവിടത്തന്നെ ചുറ്റിപ്പറ്റി നിന്നു. ഒരിക്കൽ കൂടി, അവരുടെ ഹൃദയംകവർന്ന സുന്ദരിയെ ഒരു നോക്കു കാണുമോന്നറിയാൻ അകത്തെ മുറിയിലേക്ക് അവർ ഇടയ്ക്കിടെ തിരിഞ്ഞു നോക്കുന്നുണ്ടായിരുന്നു.

അവരുടെ നിരാശയ്ക്കിടയിലും തങ്ങളുടെ കൂട്ടത്തിൽ നിന്നും ആർക്കും അവളെ സ്വന്തമാക്കാനാവാത്തതിൽ അവരുടെ ഉള്ളം നിഗൂഢമായ ആനന്ദത്തിൽ മുഴുകിയിരുന്നു. അവർ തീരുമാനമറിയാൻ കാത്തിരുന്നു. ആർക്കായിരിക്കും മിരിയാമിനെ ലഭിക്കുക?

ശിമയോൻ  ആകെ ചിന്താക്കുഴപ്പത്തിലായി.

**മിരിയാം എന്ന കന്യക എൻറെ മുൻപിലേക്ക് ആനയിക്കപ്പെട്ടു. എനിക്കപ്പോൾ വലിയ വിസ്മയമായി. ഒരിക്കൽ ഒരു താപസനാകണമെ ന്ന എൻറെ ആഗ്രഹം ഇല്ലാതാക്കിയ മെൽക്കയെന്ന കന്യകയുടെ അതേ രൂപമായിരുന്നു മിരിയാമിനും.**

യുവാക്കളോട് താന്താങ്കളുടെ ഭവനത്തിലേക്ക് തിരിച്ചു പോകാനും വീണ്ടും വംശാവലി പട്ടിക തൻറെ മുൻപിൽ ഹാജരാക്കാനുമായി ശിമയോൻ ഉത്തരവിട്ടു. ദാവീദ് രാജാവിന്റെ വംശാവലിയിൽ പെട്ടവരും, ദേ വാലയത്തിലെ ചുരുളിൽ പേരുള്ളവരുടെയും മുഴുവൻ പേരുകളും വീണ്ടും പരിശോധിക്കപ്പെ ട്ടു.

ആരെയെങ്കിലും വിട്ടുറ്റു പോയിട്ടുണ്ടോ എന്നുള്ള സൂക്ഷ്മ പരിശോധനനടത്തി.

ബേത്ലഹേമിലെ യാക്കോബ്ഭവനത്തിലുള്ള ആറു സഹോദരരുടെ പേരുകൾ അവിടെ ചേർക്കപ്പെട്ടിരുന്നു. അക്കൂട്ടത്തിൽ വിവാഹിതനാകാൻ യോഗ്യതയുള്ളവർ അന്നേ ദിവസം ദേവാലയത്തിൽ വന്നിരുന്നുവെ ങ്കിലും അവരുടെ കൂടെ പ്പിറപ്പായ ജോസഫ്എന്ന സഹോദരൻ വന്നിരുന്നില്ലെന്നു ദേവാലയ അധികൃതർക്ക് ബോധ്യമായി. ആ സഹോദരൻ ഞാനായിരുന്നു.

ഞാനക്കാലത്ത്ബേത്‌ലഹേമിൽ ഉണ്ടായിരുന്നില്ലല്ലോ . ജെസ്രീൽ പട്ടണത്തിൽ ആശാരിപ്പണിയെടുത്തു ജീവിക്കുന്ന എന്നെക്കുറിച്ച് സഹോദരന്മാർക്ക്പരമ പുച്ഛമായിരുന്നു. അതുകൊണ്ട്അവരെന്നെ വിവരംഅറിയിച്ചിരുന്നില്ല,

അവിടെയാണ് യഹോവ എനിക്കായി പ്രവർത്തിച്ചത്.

അങ്ങനെയാണ്ദൂതനൊപ്പം പ്രധാന പുരോഹിതൻറെ മുൻപിൽ ഞാനിപ്പോൾ ഹാജരായിരിക്കുന്നത്. ജറുസലേം  ദേ വാലയത്തിൽ പോകുന്ന അവസരത്തിലെ ല്ലാം ഞാന ദ്ദേഹത്തെ കണ്ടു വണങ്ങുമായിരുന്നു. അദ്ദേ ഹം മെന്നെ തിരിച്ചറിഞ്ഞു ആശ്ളേ ഷിച്ചു. താൻ കാത്തിരുന്ന ഒരാളെ കണ്ടെത്തിയ സന്തോഷമായിരുന്നു അദ്ദേഹത്തിൻറെ മുഖത്തപ്പോൾ.

മിരിയാം എന്ന കന്യക എൻറെ മുൻപിലേക്ക് ആനയിക്കപ്പെട്ടു.

എനിക്കപ്പോൾ വലിയ വിസ്മയമായി. ഒരിക്കൽ ഒരു താപസനാകണമെ ന്ന എൻറെ ആഗ്രഹം ഇല്ലാതാക്കിയ മെൽക്കയെന്ന കന്യകയുടെ അതേ രൂപമായിരുന്നു മിരിയാമിനും.

ഞാനെൻറെ വസ്ത്രങ്ങളിലേക്ക് നോക്കി. യാത്ര ചെ യ്തു വല്ലാതെ മുഷിഞ്ഞു നാറിയവസ്ത്രം. മാത്രവുമല്ല, എപ്പോഴുമുടുക്കാറുള്ള

സാധാരണ വസ്ത്രമായിരുന്നു ധരിച്ചിരുന്നത്. മിരിയാമാകട്ടെ അതിമനോഹരമായി വസ്ത്രം ധരിച്ചിരുന്നു.

സുന്ദരിയായ കന്യകയുടെ മുൻപിൽ മോടിയില്ലാത്ത വസ്ത്രവുമായി ചെന്നു നിൽക്കേണ്ടി വന്നതിൽ എനിക്കൊരു കുറച്ചിൽ തോന്നി. ഇങ്ങനെയൊരു കൂടികാഴ്ചയുണ്ടാകുമെന്ന് മുന്നേയറിഞ്ഞിരുന്നെങ്കിൽ നന്നായി ഒരുങ്ങി, നല്ല വസ്ത്രങ്ങളണിഞ്ഞു വരാമായിരുന്നു. മിരിയാം തിരികെ അവളുടെ ചുമതലക്കാരിയുടെ കൂടെ അകത്തേക്ക് പോയി. അവൾ കണ്ണിൽ നിന്നും മറയുന്നത് വരെ ഞാൻ നോക്കി  നിന്നു. അവൾ മറഞ്ഞുകഴിഞ്ഞു തിരിഞ്ഞു നോക്കിയപ്പോൾ  എന്നെ നോക്കി  ചിരിച്ചുകൊണ്ടു നിൽക്കുന്ന പുരോഹിതനായ ശിമയോനെയും സഹായികളെയും കണ്ട് ഞാൻ ലജ്ജിച്ചു.

പ്രധാന പുരോഹിതനായ ശിമയോൻ അടുത്ത് വിളിച്ചു കുശലങ്ങളന്വേഷിച്ചു. അദ്ദേഹത്തിനെന്നിൽ പ്രിയം തോന്നി. മുൻകാലങ്ങളിൽ ഞാനദ്ദേഹത്തെ ദേവാലയത്തിൽ വച്ച്കണ്ടകാര്യങ്ങളെല്ലാം അദ്ദേഹം ഓർത്തെടുത്തു.

''ജോസഫ് നീ മിരിയാമിന് ചേർന്ന വരനാണെന്ന് എൻറെ ഉള്ളം പറയുന്നു. എങ്കിലും ദൈവഹിതമിനിയും വെ ളിപ്പെടേണ്ടതുണ്ട്. പ്രാർത്ഥിക്കൂ'' ഞാനും പുരോഹിതർക്കൊപ്പം  പ്രാർത്ഥനയിൽ മുഴുകി.

നിനച്ചിരിക്കാതെ ജറുസലേം ദേവാലയത്തിലെത്താനും, ബലിപീഠത്തിനടുത്തു നിന്ന് പ്രാർത്ഥനയിൽ മുഴുകുവാനും അവസരം ലഭിച്ചതിൻറെ സന്തോഷമായിരുന്നപ്പോൾ എൻറെയുള്ളിൽ.

ശിമയോൻ വെളിപാടിനാൽ പ്രവചിച്ചു പറഞ്ഞു.

''എൻറെ കർത്താവിൻറെ ഭൂമിയിലെ പിതാവിനെ കാണുവാൻ കർത്താവ് ഇന്നെനിക്കു ഭാഗ്യം നൽകിയിരിക്കുന്നു''

ഒരു സഹായി കൊണ്ടുവന്ന് എൻറെ കയ്യിൽ തന്നിരുന്ന മരക്കൊമ്പ് തിരികെ വാങ്ങിച്ചു പ്രധാനപുരോഹിതനെയേൽപ്പിച്ചു. അദ്ദേഹമതു വാങ്ങി അതിവിശുദ്ധസ്ഥലത്ത് വെച്ചു .

ഞാൻ പ്രാർത്ഥിച്ചു ബലിപീഠത്തിൻ മുമ്പാകെ സ്രാഷ്ടാംഗ പ്രണാമം നടത്തി.

മനസിൽ നിന്നും ഇങ്ങനെ പ്രാർത്ഥനയുയർന്നു 'യഹോ വേ നിന്റെ വാക്കുകൾ അനുസരിക്കാനാണടിയനിഷ്ടം. നീ വിളിച്ചു.

ഞാൻ വന്നു. നിന്റെ ഹിതമെന്തന്നറിയാൻ ഞാനിവിടെ കാത്തു നിൽക്കും.

**പെട്ടെന്നതു സംഭവിച്ചു. ദേ വാലയ മുറ്റത്ത് ഇലകൾ പൊഴിച്ചു നിന്നിരുന്ന മരങ്ങളിലാകെ പൂക്കൾ വിരിഞ്ഞുവരുന്നത്ജനൽ കാഴ്ചയിലൂടെ ഞാൻ കണ്ടു. ആ പൂവുകളിലെല്ലാം മിരിയാമിന്റെ മുഖവും പുഞ്ചിരിയുമുണ്ടെന്നു തോന്നി. എവിടെന്നോ , ആരുടേയോ  നിർദ്ദേശത്താൽ ചിത്രശലഭങ്ങളും വർണ്ണ പക്ഷികളും എന്റെ തലയ്ക്കു ചുറ്റും ചിറകടിച്ച് വട്ടമിട്ട് പാറിപ്പറക്കുന്നു....**

അതിനു വേ യെ ന്തിനും ഞാനൊരുക്കമാണ്. അങ്ങയുടെയിഷ്ടം നിറവേറട്ടെ .'

ആ സമയം മനസ്സിൽ നിറഞ്ഞു നിന്നത് മിരിയാമിൻറെ മുഖമായിരുന്നു.

അവളെയെനിക്ക് സഖിയായി ലഭിക്കണമെ ന്ന് ഞാനതിയായി ആഗ്രഹിച്ചു.

അതിനായി പ്രാർത്ഥിച്ചു. എത്ര നേരം അങ്ങിനെ പ്രാർത്ഥനയിൽ ലയിച്ചുവെന്നറിയില്ല. പുരോഹിതനെന്നെ വിളിച്ചുണർത്തി. പ്രധാന പുരോഹിതന്റെ കയ്യിൽ അതിവിശുദ്ധസ്ഥലത്തുനിന്നു പുറത്തെടുത്ത എന്റെയാ മരക്കൊമ്പുണ്ടായിരുന്നു. അതിൻറെ മുകൾ ഭാഗത്ത് കാഴ്ചയിൽ ലില്ലി പോലെ തോന്നിക്കുന്ന ഒരു പൂവ് വിടർന്നിരുന്നു. ദേവാലയ ജാലകത്തിലൂടെ കടന്നു വരുന്ന ഇളംകാറ്റിൽ ആ പൂവ് തലയാട്ടി എന്നെ നോക്കി നിൽക്കുന്നത് ഞാൻ കണ്ടു. ഏതോ ഒരു അഭൗമിക ചൈതന്യം എന്നിൽ നിറഞ്ഞു.

പെട്ടെന്നതു സംഭവിച്ചു. ദേവാലയ മുറ്റത്ത് ഇലകൾ പൊഴിച്ചു നിന്നിരുന്ന മരങ്ങളിലാകെ പൂക്കൾ വിരിഞ്ഞുവരുന്നത്ജനൽ കാഴ്ചയിലൂടെ ഞാൻ കണ്ടു.

ആ പൂവുകളിലെല്ലാം മിരിയാമിന്റെ മുഖവും പുഞ്ചിരിയുമുണ്ടെന്നു തോന്നി.

എവിടെന്നോ , ആരുടേയോ  നിർദ്ദേശത്താൽ ചിത്രശലഭങ്ങളും വർണ്ണപ്പക്ഷികളും എന്റെ തലയ്ക്കു ചുറ്റും ചിറകടിച്ച് വട്ടമിട്ട് പാറിപ്പറക്കുന്നു....

കിളിയൊച്ചകൾ എന്നോട് മന്ത്രിക്കുന്നതെന്താണ്?

ഞാൻ ദേവാലയത്തിന്റെ തറയിലേക്ക് സാഷ്ടാംഗം വീണു....

യഹോവേ , എനിക്കൊന്നും മനസിലാകുന്നില്ലല്ലോ ?'

എല്ലാവരും ദേവാലയത്തിൽ നിന്നും ഒഴിഞ്ഞു പോയിരിക്കുന്നു. എങ്കിലും ആ അന്തരീക്ഷം മുഴുവൻ പരിമളം കൊണ്ട് നിറഞ്ഞിരിക്കുന്നു..... ഒരു കൈ സ്പർശം എന്റെ തോളിൽ പതിഞ്ഞു.... ആ സ്പർശത്തിൽ എനിക്കുള്ള യഹോവയുടെ ഉത്തരമുണ്ട്.

ഞാൻ ആ സ്പർശത്തിനോട് മൊഴിഞ്ഞു.... 'ഈ അരിഷ്ട മനുഷ്യനോട് അങ്ങ് എത്ര ദയാലുവാകുന്നു. അതിനു മാത്രം ഞാനെന്തുള്ളൂ....'

വാക്കുകൾ വിതുമ്പലുകളിൽ മുങ്ങിപ്പോയി...

എന്റെ ജീവിതവും സ്വപ്നങ്ങളും ഒരോരോ  ചിറകുകളായി എവിടേയ്ക്കാണ് പറക്കുന്നത്? എനിക്കറിയില്ല ....എനിക്കു മാത്രം ഒന്നും അറിയില്ല.... പക്ഷെ ഒന്നറിയാം... എന്റെ കൂടെ അവളുണ്ട്.... മിരിയാം.

● ചെറുകഥ




# നിഷാദ പർവ്വം

വര: ദിനേശ് പി ജി

◉ സുരേന്ദ്രൻ മങ്ങാട്ട്

വനത്തിനുള്ളിൽ പടർന്നുപന്തലിച്ച ആൽമരത്തിന്റെ തണലിൽ ധ്യാനത്തിലായിരുന്നു ദ്രോണർ. അടുത്ത സൂര്യോദയത്തിൽ കുരുക്ഷേത്രത്തിൽ മഹായുദ്ധം ആരംഭിക്കുകയാണ്. യുദ്ധഭൂമിയുടെ പടിഞ്ഞാറുഭാഗത്ത് സമന്തപഞ്ചക തടാകത്തിനടുത്ത് ഏഴ് അക്ഷൗഹിണികളുമായി പാണ്ഡവരുടെ പടയൊരുക്കം. കൗരവരുടെ പതിനൊന്ന് അക്ഷൗഹിണികളെ മുന്നിൽനിന്ന് നയിക്കുന്നത് സൈന്യാധിപനായ പിതാമഹൻ ഭീഷ്മർ.



മനസ്സ് അശാന്തമാകുമ്പോൾ കുന്നിൻ ചെരുവിലെ വനപ്രദേശത്ത് ഏകാന്തതയിൽ സ്വയം വിലയം കൊള്ളാറുണ്ട് ഗുരു. പ്രകൃതി ശാന്തമായിരുന്നു. എന്നാൽ ഗുരുവിന്റെ ഉള്ളം പ്രക്ഷുബ്ധമായി തുടർന്നു. ഒരു പ്രാർത്ഥനയും ഫലപ്രാപ്തി നൽകുന്നില്ല. മനസ്സ് ഏകാഗ്രമാക്കുവാൻ വൃദ്ധബ്രാഹ്മണൻ ശ്രമിച്ചു. കരിയിലകൾ ഞെരിയുന്ന ശബ്ദം, ആരോ വരുന്നുണ്ട്. വനപ്രദേശത്തിലൂടെ കാൽനടയായി ഈ വഴി ഹസ്തിനപുര നഗരിയിലേക്ക് പോകുന്നവർ കുറവാണ്. വനവാസികളുടെ സഞ്ചാര പാതയും അല്ല. കാൽപെരുമാറ്റം അടുത്തുവന്നപ്പോൾ ദ്രോണർ കണ്ണുതുറന്നു.

മുന്നിൽ ഏതോ നിഷാദൻ തന്നെ. അർദ്ധ നഗ്നൻ, അരയിൽ മരവുരി വസ്ത്രം. വലം കയ്യിൽ മുളകൊണ്ട് നിർമ്മിച്ച, അഗ്രഭാഗങ്ങ



ളിൽ ലോഹകവചമുള്ള വില്ല്. ചുമലിൽ ചേർത്ത് കെട്ടി ഉണ്ടാക്കിയ കൂടിനുള്ളിൽ തൂവൽ അലങ്കാരമുള്ള ശരങ്ങൾ. വനവാസി ഗുരുവിനുമുന്നിൽ കുനിഞ്ഞ് വന്ദിച്ചു.

'ആരാണ് നീ..?'

വെളുത്തുനീണ്ട താടിരോമങ്ങളിൽ ശാന്തമായി വലതുകയ്യാലുഴിഞ്ഞ്, ഗുരു പ്രസന്നഭാവത്തോടെ ചോദിച്ചു. കറുത്തുമെലിഞ്ഞ മധ്യവയസ്കനായ, ദൃഢശരീരമുള്ള നിഷാദൻ നടുനിവർത്തി നിന്നു.

'ഞാൻ ഹിരണ്യധനുസ്സിന്റെ മകൻ...'

ഗുരുവിന്റെ ഹൃത്തടം തകർത്ത് ഒരു വാൾ തലപ്പിന്റെ മിന്നായം.

അവന്റെ വലതുകൈ ഉയർത്തിയപ്പോൾ വ്യക്തമായി, പെരുവിരൽ ഛേദിച്ചുപോയിരിക്കുന്നു. ആ ഭാഗം മാംസം മൂടി മുഴച്ചിരിക്കുന്നു.

'ഏകലവ്യൻ...'

ഗുരുവിന്റെ ചുണ്ടുകൾ ചലിച്ചു. നിഷാദൻ തലയാട്ടി, എന്നിട്ട് കൂട്ടിച്ചേർത്തു:

'അങ്ങയുടെ ശിഷ്യൻ...'

പൊള്ളുന്ന അംഗീകാരം...

'നീ ഇപ്പോൾ..?''

**അവന്റെ വലതുകൈ ഉയർത്തിയപ്പോൾ വ്യക്തമായി, പെരുവിരൽ ഛേദിച്ചുപോയിരിക്കുന്നു. ആ ഭാഗം മാംസം മൂടി മുഴച്ചിരിക്കുന്നു. 'ഏകലവ്യൻ...'ഗുരുവിന്റെ ചുണ്ടുകൾ ചലിച്ചു. നിഷാദൻ തലയാട്ടി, എന്നിട്ട് കൂട്ടിച്ചേർത്തു: 'അങ്ങയുടെ ശിഷ്യൻ...'പൊള്ളുന്ന അംഗീകാരം...**

ദ്രോണർ മുഖത്ത് ശാന്തത വരുത്താൻ ശ്രമിച്ചു.

'ഞങ്ങൾ കാടന്മാർ. ഇത് എന്റെ പ്രദേശം. ഉൾക്കാട്ടിൽ കുടിലിൽ കുടുംബമുണ്ട്, കൂട്ടക്കാരുണ്ട്...'

നിഷാദൻ നിശ്ശബ്ദനായി, പിന്നെ പതിയെ ചോദിച്ചു:

'അങ്ങ് ഇവിടെ...'

'നാളെ ധർമ്മയുദ്ധം ആരംഭിക്കുന്നു...'

ഗുരുവിന്റെ ഒറ്റവരിയിലെ മറുപടിയിൽ നിഷാദൻ മറ്റൊരു ചോദ്യം കൊരുത്തു:

'അധികാര വാഞ്ഛയല്ലെ അധർമ്മം നിറഞ്ഞ യുദ്ധത്തിലേക്ക് നയിക്കുന്നത്. യുദ്ധത്തിൽ ധർമ്മമുറകൾ ഉണ്ടോ, ഗുരോ..?'

അധികാരേച്ഛ മനുഷ്യരെ അധമരാക്കുന്നു. ഭൂതകാലത്തിൽ നിന്ന് ദു:ശ്ശകുനങ്ങളുടെ ഇരമ്പിയാർക്കൽ. ധൃതരാഷ്ട്രരുടെ അഗ്നിഹോത്രശാലയിൽനിന്ന് കുറുക്കന്മാരുടെ ഓരിയിടൽ.

രാജസഭയിൽ ഒറ്റ വസ്ത്രത്തിൽ മാനത്തിനായി വിലപിക്കുന്ന സ്ത്രീ. അപമാനത്താൽ താണുപോയ രാജശിരസ്സുകൾ. അധികാരം മദമാകുന്നു. ചൂത് കളിച്ചുലഭിച്ച ഖാണ്ഡവപ്രസ്ഥം ഭരിച്ചത് താൻ. ശിഷ്യരാൽ താൻ തോൽപ്പിച്ച ദ്രുപദന്റെ രാജ്യത്തിന്റെ ഒരു പാതി സ്വന്തമാക്കിയത് സമന്മാരാകട്ടെയെന്ന വാദത്തോടെ.

അധികാരത്തോടുള്ള അടങ്ങാത്ത ആസക്തി ബ്രാഹ്മണനായ തന്നെയും ബാധിച്ചിരിക്കുന്നു. ശൂരതയാണ് ബലവാന്റെ ധർമ്മം. കർമ്മം കൊണ്ടാണ് പരലോകം നേടുന്നത്. നിഷാദന്റെ ചോദ്യത്തിന് ഉത്തരം നൽകാൻ തനിക്ക് യോഗ്യതയുണ്ടോ..? ഈയിടെ തന്റെ, സ്വത്വബോധങ്ങൾക്ക് എതിരെ തന്നെ തോന്നിത്തുടങ്ങുന്ന സംശയങ്ങളാണ്.

'അധികാരം, വിദ്യ, ആഭിജാത്യം, ധനം ഇതെല്ലാം നേടുന്നത് രാജാക്കന്മാരുടെ മതമാണ്, ബലമാണ്. ബലവാനിൽ നിന്നാണ് ധർമ്മം പ്രവർത്തിക്കുന്നത്...'

താൻ പറയുന്നത് വനവാസിക്ക് മനസ്സിലാകുന്നുണ്ടോ എന്ന ശങ്കയിൽ ഒന്നുനിർത്തി അദ്ദേഹം നിഷാദന്റെ മുഖഭാവം ശ്രദ്ധിച്ചു.

'ഒരാളുടെ ധർമ്മ ചിന്ത മറ്റൊരാൾക്ക് അധർമ്മം ആകാം അല്ലേ, ഗുരോ..?'

ഏകലവ്യന്റെ ചോദ്യം. ശൂദ്രൻ വേദനിപുണനായ ഗുരുവിനോട് ചോദ്യങ്ങളുയർത്തുന്നത് തന്നെ തെറ്റ്... ധർമ്മപ്രഭാഷണങ്ങൾ പോലും കീഴ്നിലയിൽ ഉള്ള കാടർക്ക് നിഷിദ്ധമാണ്. കാട്ടുവാസിയായ

ശിഷ്യൻ പലതും തന്നെ ഓർമ്മിപ്പിക്കുന്നു. വെറും ബാലൻ ആയിരുന്നപ്പോഴും പരധർമ്മം മോഹിച്ചിട്ടില്ലായിരുന്നു അവൻ. പകരം വിദ്യ നേടാനാണ് ആഗ്രഹിച്ചത്. ബ്രാഹ്മണനായ താൻ സ്വധർമ്മമാണോ നിർവഹിച്ചത്..? കാടിന്റെ ശീതള സ്പർശം പോലും തനിക്ക് സമാധാനമേകുന്നില്ലല്ലോ.

വർണ്ണത്തിന്റെ വ്യവസ്ഥിതിയും സ്വാർത്ഥതയും അധികാരവും ബ്രാഹ്മണ്യം നൽകുന്ന മഹത്വവും എല്ലാം തന്റെ ജീവിതത്തിന്റെ ഭാഗമാകുന്നു. വരും നാളുകളിൽ താൻ ഉൾപ്പെടെ മനുഷ്യകുലങ്ങളുടെ നാശകന്മാരായി യുദ്ധത്തിനിറങ്ങുകയാണ്. യുദ്ധം തന്റെ ധർമ്മമാണോ..?

യുദ്ധം ഒരിക്കലും യജ്ഞമാകുന്നില്ല.

'ധർമ്മസംസ്ഥാപനം യുദ്ധം കൊണ്ട് നേടാൻ ആകുമോ..?'

നിഷാദന്റെ ദൃഢ ശബ്ദം ഗുരുവിന്റെ മഹാബോധ്യങ്ങളിലേക്ക് അതിവൃഷ്ടിയായി.

'യഥാർത്ഥത്തിൽ ശത്രുതയെ ശത്രുത കൊണ്ട് നേരിട്ട് കുരുക്കൾ വംശം മുടിക്കുകയാണ്. ഹിംസ എന്നാൽ നശിപ്പിക്കലാണ്. സർവ്വനാശത്തിന്റെ ധർമ്മം എന്തെന്ന് എനിക്കിനിയും മനസ്സിലാകുന്നില്ല. ഗോത്രം സംരക്ഷിക്കപ്പെടാത്ത യുദ്ധത്തിൽ ധാർമികത ഉണ്ടാകുമോ എന്ന് തോന്നുന്നില്ല. നീച ജാതി ആയതുകൊണ്ടാകാം നാഗരിക ജീവിതത്തെക്കുറിച്ച് എന്റെ അറിവ് പരിമിതമാണ്, ജ്ഞാനവും കുറവാണ്...'

**അധികാരത്തോടുള്ള അടങ്ങാത്ത ആസക്തി ബ്രാഹ്മണനായ തന്നെയും ബാധിച്ചിരിക്കുന്നു. ശൂരതയാണ് ബലവാന്റെ ധർമ്മം. കർമ്മം കൊണ്ടാണ് പരലോകം നേടുന്നത്. നിഷാദന്റെ ചോദ്യത്തിന് ഉത്തരം നൽകാൻ തനിക്ക് യോഗ്യതയുണ്ടോ..? ഈയിടെ തന്റെ, സ്വത്വബോധങ്ങൾക്ക് എതിരെ തന്നെ തോന്നിത്തുടങ്ങുന്ന സംശയങ്ങളാണ്.**

നിഷാദന്റെ വാക്കുകൾ കേട്ട് ദ്രോണർ ദീർഘമായി നിശ്വസിച്ചു. യുദ്ധത്തിന്റെ ധർമ്മരീതികൾ ഇരു സേനകളും നിശ്ചയിച്ചിരിക്കുന്നു. സമന്മാർ തമ്മിൽ ആകണം യുദ്ധം. യോദ്ധാക്കൾ രഥത്തിലേറിയതാണെങ്കിൽ രഥങ്ങൾ തമ്മിൽ, വില്ലാളികൾ തമ്മിൽ, ഗദാധാരികൾ തമ്മിൽ. യുദ്ധത്തിന് തയ്യാറല്ലെങ്കിൽ, നിരായുധനെങ്കിൽ അവർക്കെതിരെ ആയുധം പ്രയോഗിക്കരുത്. ചുമട്ടുകാർ, വാദ്യക്കാർ, സാരഥികൾ, മൃഗങ്ങൾ എന്നിവർക്കെതിരെ ആക്രമണം പാടില്ല. ധർമ്മയുദ്ധ നിയമങ്ങൾ ഇങ്ങനെ പോകുന്നു. എന്നാൽ ശത്രുസംഹാരം തുടങ്ങിയാൽ വധം തന്നെയാണ് ധർമ്മം. താൻ ചെയ്യുന്നത് തന്റെ ധർമ്മമെന്ന് ഒരായിരം തവണ സ്വന്തം മനസ്സിൽ ഉറപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ഉപബോധത്തിലെവിടെയോ വൈരുദ്ധ്യങ്ങൾ ചൂണ്ടിക്കാട്ടുന്നത് മനസാക്ഷിയാകുമോ?

സ്വന്തം നന്മയ്ക്കല്ലാതെ മറ്റുള്ളവരുടെ നന്മയ്ക്ക്, ഗോത്രത്തിന്റെ നന്മയ്ക്ക് കർമ്മം ചെയ്യുന്ന കർമ്മയോഗിയാണോ താൻ, തന്റെ ധർമ്മമാർഗം കർമ്മഫലം മോഹിക്കാത്തതാണോ?

വൃദ്ധബ്രാഹ്മണൻ ചിന്തകളുടെ നെരിപ്പോടിൽ വിയർത്തു. മുന്നിൽ നിഷ്കളങ്കമായി നിസ്സംഗനെ പോലെ നിഷാദൻ, ഗുരുദക്ഷിണ തന്ന തന്റെ ലോഭമോഹങ്ങളെ കാത്തവൻ. ഗുരു പ്രതിമയിൽ, ഗുരുപൂജ ചെയ്ത് മനസ്സിൽ തന്നെ പ്രതിഷ്ഠിച്ച് അസ്ത്രാഭ്യാസം നടത്തിയ നിഷാദബാലൻ. നായാട്ട് നായയുടെ വായിൽ തറച്ച കാഠിന്യമുള്ള ഏഴു അസ്ത്രങ്ങൾ. മൃഗം പ്രാണനും കൊണ്ട് കുറെ ദൂരം ഓടി, വീണുപിടഞ്ഞത് തന്റെയും പാണ്ഡവകുമാരന്മാരുടെയും മുന്നിൽ... കാട്ടിലൂടെ കുറേ ദൂരം അവനൊപ്പം നടന്നു അവൻ പരിശീലനം നടത്തുന്ന നദിക്കരയിൽ തന്റെ പ്രതിമ ഉണ്ടാക്കി വെച്ചിരിക്കുന്നു. ഗുരുദക്ഷിണ ചോദിക്കാനുള്ള അവകാശമുണ്ടെന്ന് ബാലനെ ഓർമ്മപ്പെടുത്തുമ്പോൾ തന്റെ മനസ്സിൽ ഇരുണ്ട ചിന്തകൾ കെട്ടുപിണഞ്ഞു വളരുകയായിരുന്നു.

'നാം ധർമ്മ തത്ത്വങ്ങളെപ്പറ്റി



ആലോചിക്കുന്നതും വിമർശിക്കുന്നതും ധർമ്മസങ്കടങ്ങളിൽ പെടുമ്പോഴാണ്...'

വെറും കാടന്റെ വാക്കുകൾ, വിപ്രന് പുതു അറിവാകുന്നു.

ദ്രോണർ ഉള്ളിൽ പെരുകുന്ന വിഷാദത്തോടെ അവന്റെ മുഖത്തേക്ക് തന്നെ നോക്കിനിന്നു. വലതുകൈ പെരുവിരൽ ഗുരുദക്ഷിണയായി ചോദിച്ചപ്പോൾ കാണപ്പെട്ട അതേ നിസ്സംഗഭാവത്തിൽ, അവൻ തന്നെ കീഴടക്കുന്നു.

അപരാജിതനാകുന്ന ശിഷ്യൻ... ആര്യാവർത്തത്തിൽ അവന് വെട്ടിപ്പിടിക്കാൻ രാജ്യങ്ങൾ ഒന്നുമില്ല, പാടിപ്പുകഴ്ത്താൻ പിറവികൊണ്ടവനുമല്ല. കീർത്തിമാനാകുന്നത് അവന്റെ ലക്ഷ്യമല്ല. വിദ്യ സമ്പാദിക്കലല്ലാതെ മോഹങ്ങളോ, ആസക്തികളോ അവനില്ല. നിഷ്കളങ്കനായ നിഷാദ ബാലൻ. അധർമ്മിയായത് താൻ തന്നെ.

അർജുനൻ തന്റെ പ്രിയ ശിഷ്യൻ, മകനേക്കാൾ താൻ സ്നേഹിച്ച മധ്യമ പാണ്ഡവൻ. വിധി ഇപ്പോൾ, വരാനിരിക്കുന്ന മഹായുദ്ധത്തിൽ തങ്ങളെ മുഖാമുഖം നിർത്തിയിരിക്കുന്നു. താൻ പഠിപ്പിച്ച ശസ്ത്രവിദ്യകൾ തനിക്കെതിരെ പ്രയോഗിക്കപ്പെടാൻ പോകുന്നു.

എത്ര നിർഭാഗ്യവാനായ ഗുരുവാണ് താൻ. ഒരു ശിഷ്യന്റെ മഹത്വത്തിനുവേണ്ടി മറ്റൊരു ശിഷ്യന്റെ പെരുവിരൽ ഗുരുദക്ഷിണയായി വാങ്ങിയ ബ്രാഹ്മണൻ. താൻ കാമമോഹങ്ങളിൽനിന്നും വിമുക്തനാകുന്നില്ല. ആസക്തികളിൽ ബന്ധിതനായ സാധാരണ മനുഷ്യൻ മാത്രം. ഈ നിഷാദൻ തന്നെക്കാൾ എത്രയോ ഉന്നതനാകുന്നു. വർണാശ്രമധർമ്മങ്ങൾക്കപ്പുറം, കീഴ് നിലയോ മേൽ നിലയോ കണക്കാക്കാൻ കഴിയാത്ത ഒരാൾ. ആത്മനിന്ദയുടെ പെരുക്കത്തിൽ ഗുരുവിന്റെ വാക്കുകൾ പിടഞ്ഞുവീണു.

'ഏകലവ്യാ, നിന്റെ വലം കൈ ഞാനൊന്ന് സ്പർശിച്ചോട്ടെ...'

നിഷാദൻ ഒരു ചുവട് പിറകിലേക്ക് മാറി.

'അരുത് ഗുരോ, എന്റെ കൈകൾ അങ്ങയുടെ പാദങ്ങൾ സ്പർശിക്കാനുള്ളതാണ്...'

അയാൾ ഗുരുവിന്റെ കാൽക്കൽ വീണു. പാദങ്ങൾ തൊട്ടുവന്ദനം. ദ്രോണരുടെ കണ്ണുകൾ നിറഞ്ഞു.

'ഉയർത്തെഴുന്നേൽക്കുന്ന കാലം വരട്ടെ...'

വരണ്ടുപോയ ചുണ്ടുകൾ ചലിച്ചു, മന്ത്രണം പോലെ. അല്പം അകലെ കുറ്റിക്കാട്ടിൽനിന്ന് ഏതോ മൃഗത്തിന്റെ മുരൾച്ച. ഏകലവ്യൻ പൊടുന്നനെ എഴുന്നേറ്റു. ഇടംകയ്യിൽ വില്ല് മുറുക്കെ പിടിച്ച്, വലം കയ്യിൽ തൂവൽ കെട്ടിയ ശരമെടുത്ത്, നടുവിരലിനും ചൂണ്ടുവിരലിനും ഇടയിൽ പിടിച്ച് വൈദഗ്ധ്യത്തോടെ നിഷാദൻ ഞാണിൽ ഉറപ്പിച്ചു. ശബ്ദം കേട്ട ദിക്കിലേക്ക് ഞൊടിയിടയിൽ അവൻ ശരം തൊടുത്തു. ഒരു മൃഗത്തിന്റെ ദീനരോദനം...

നിഷാദൻ ഗുരുവിനോട് പറഞ്ഞു:

'ഗുരോ, ഭക്ഷണത്തിനുവേണ്ടിയുള്ള വേട്ടയാടൽ എന്റെ കർമ്മമാണ്...'

ദ്രോണരുടെ മുഖത്ത് സംതൃപ്തമായ ചിരി പരന്നു...



**നിഷാദന്റെ വാക്കുകൾ കേട്ട് ദ്രോണർ ദീർഘമായി നിശ്വസിച്ചു. യുദ്ധത്തിന്റെ ധർമ്മരീതികൾ ഇരു സേനകളും നിശ്ചയിച്ചിരിക്കുന്നു. സമന്മാർ തമ്മിൽ ആകണം യുദ്ധം. യോദ്ധാക്കൾ രഥത്തിലേറിയതാണെങ്കിൽ രഥങ്ങൾ തമ്മിൽ, വില്ലാളികൾ തമ്മിൽ, ഗദാധാരികൾ തമ്മിൽ. യുദ്ധത്തിന് തയ്യാറല്ലെങ്കിൽ, നിരായുധനെങ്കിൽ അവർക്കെതിരെ ആയുധം പ്രയോഗിക്കരുത്. ചുമട്ടുകാർ, വാദ്യക്കാർ, സാരഥികൾ, മൃഗങ്ങൾ എന്നിവർക്കെതിരെ ആക്രമണം പാടില്ല. ധർമ്മയുദ്ധ നിയമങ്ങൾ ഇങ്ങനെ പോകുന്നു. എന്നാൽ ശത്രുസംഹാരം തുടങ്ങിയാൽ വധം തന്നെയാണ് ധർമ്മം. താൻ ചെയ്യുന്നത് തന്റെ ധർമ്മമെന്ന് ഒരായിരം തവണ സ്വന്തം മനസ്സിൽ ഉറപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ഉപബോധത്തിലെവിടെയോ വൈരുദ്ധ്യങ്ങൾ ചൂണ്ടിക്കാട്ടുന്നത് മനസാക്ഷിയാകുമോ?**

# മധുശാലയിൽ

എസ് സുന്ദർദാസ്



**അപരിചിതരുമായി ചങ്ങാത്തം സ്ഥാപിക്കുവാനും പരസ്പരം തുറന്നുപറയുവാനുമുള്ള ഒരു വേദികൂടിയാണ് ബാറുകൾ എന്ന് വിളിക്കുന്ന മദ്യശാലകൾ. അരണ്ട വെളിച്ചത്തിൽ, എതിരിലിരിക്കുന്ന അപരിചിതൻ ഒരു തുറന്ന പുസ്തകമായി തന്റെ ജീവിതം എന്റെ മുന്നിൽ നിവർത്തിവെക്കുന്നു; വിസ്മയത്തോടെ ഞാനത് വായിക്കുന്നു. അത്തരക്കാരിൽ ചിലരെ വീണ്ടും പതിവ് മദ്യശാലകളിൽ കണ്ടുമുട്ടുന്നു. ഒരു തുടർക്കഥപോലെ വീണ്ടും അവരുടെ ജീവിതത്തിന്റെ പുതിയ അദ്ധ്യായങ്ങൾ. കൊച്ചിയിലെയും ചെന്നൈയിലെയും മദ്യശാലകളിലെ അനുഭവങ്ങളാണ് ഇവയിലേറെയും. ചെന്നൈയിലെ തിരക്കേറിയ അനധികൃത ബാറുകളിൽപോലും (അവ മിക്കതും രാഷ്ട്രീയക്കാർ നടത്തുന്നവയോ അവരുടെ ഒത്താശയോടെ നടത്തപ്പെടുന്നവയോ ആണ്) ഇത്തരം 'അഭിമുഖങ്ങൾ' സാധ്യമായിട്ടുണ്ട്. അത്തരം മദ്യശാലകളുടെ പുറത്ത് കുടിയന്മാരെ ഉദ്ദേശിച്ച് ചെറിയ കടകൾ നടത്തുന്നവരിൽ ചിലരും ഈ കുറിപ്പുകളിലെ കഥാപാത്രങ്ങളാണ്. അവയിൽ ചിലതാണ് ഇവിടെ പങ്കുവെയ്ക്കുന്നത്....**

## ചുവന്ന ജമന്തിപ്പൂക്കളും മുനിയമ്മയും

'സാർ ചുവന്ന ജമന്തിപ്പൂക്കൾ കണ്ടിട്ടുണ്ടോ?'; മുനിയമ്മയുടെ ചോദ്യം എന്നെ അമ്പരപ്പിച്ചു. ഉച്ചനേരത്ത് ബസ്സിറങ്ങിയപ്പോൾ മുനിയമ്മയുടെ ഒരു ഇളനീർ കുടിക്കാമെന്നുകരുതി. ഒരു ചെറിയ കൈവണ്ടിയാണ് മുനിയമ്മയുടെ കട. ചെന്നൈയിൽ എം ജി ആർ നഗറിനെയും കെ കെ നഗറിനെയും മുറിച്ച് വശങ്ങളിലാക്കിക്കൊണ്ട് നീണ്ടുപോകുന്ന റോഡിന്റെ ബസ്സ്റ്റോപ്പിലാണ് ഈ കട. തൊട്ടടുത്ത് ഒരു ഭാഗത്ത് ഒരു ചെറിയ കോവിലും എതിരിൽ അല്പം അകന്ന് ഒരു മദ്യഷാപ്പും. ബഹുമുഖമാണ് മുനിയമ്മയുടെ കച്ചവടം. അതിരാവിലെ കോവിലിൽവരുന്നവരെ കരുതി പൂക്കച്ചവടം. ജമന്തിയും മുല്ലയോ ഒക്കെ ഉണ്ടാകും. പുലർച്ചെ ദൂരെയുള്ള പൂമാർക്കറ്റിൽ പോയി വാങ്ങിവരുന്ന പൂക്കളാണ്. മുനിയമ്മയുടെ കറുപ്പുനിറവും ചേലയുടെ ചുവപ്പും കൂമ്പാരമായി ഉള്ള ജമന്തിപ്പൂക്കളുടെ മഞ്ഞയും എല്ലാം ചേർന്ന് കബന്ധമുള്ള കാഴ്ചയാണ്.

രാവിലെ എട്ടുമണികഴിഞ്ഞാൽ സ്കൂളിൽ പോകാൻ ഒരുങ്ങിവരുന്ന മകളെ കടയിലിരുത്തി മുനിയമ്മ ഒന്നുരണ്ടിടങ്ങളിലെ വീട്ടുപണികൾ കഴിഞ്ഞ് പത്തുമണിയോടെ മടങ്ങിയെത്തും. &◌39;അമ്മ തിരിച്ചെത്തിയാൽ മകൾ സ്കൂളിലേക്ക് ഒരോട്ടമാണ്. പതിനൊന്നു മണി കഴിഞ്ഞാൽ ബാക്കിയുള്ള പൂക്കളൊക്കെ ഒരു ഓരത്തേക്ക് മാറ്റി നനഞ്ഞ തുണികൊണ്ട് മൂടി



വര:
പി ആർ രാജൻ

വെക്കും. പിന്നെ വീട്ടിൽ പോയി കഞ്ഞിയുണ്ടാക്കി അരമണിക്കൂറിൽ തിരിച്ചുവരും. പിന്നെ വൈകുന്നേരം വരെ ഇളനീർ വില്പന. വണ്ടിക്കുതാഴെ കുട്ടയിൽ ഇളനീർ. അതിൽ കുറെ എടുത്ത് മുകളിൽവയ്ക്കും. അതിനരികിൽ ഒരു നീണ്ട വാക്കത്തി. വാക്കത്തികൊണ്ട് ഇളനീരിന്റെ അറ്റം വീശിത്തെറുപ്പിച്ച് അതിന്റെ കൂർത്ത മുനകൊണ്ട് ഒന്ന് തുറന്ന് ആവശ്യക്കാരനുനേരെ മുനിയമ്മ ഇളനീർ നീട്ടുന്നത് നോക്കി നിൽക്കാൻ തോന്നുന്ന കാഴ്ചയാണ്.

വൈകുന്നേരം സ്കൂൾ വിട്ടു മകൾ എത്തിയാൽ പൂ-ഇളനീർ കച്ചവടം മകളെ ഏൽപ്പിച്ച് മുനിയമ്മ അപ്രത്യക്ഷയാകും .ഏഴുമണിയോടെ തിരിച്ചെത്തുമ്പോൾ ഒരു പരന്ന ചട്ടിയിൽ കൂമ്പാരമായി കടല ചൂണ്ടൽ ഉണ്ടാകും. അത് ചൂടായിത്തന്നെ ഇരിക്കാൻ കൈവണ്ടിക്കുമേൽ ഒരു സ്റ്റോവ് കത്തിച്ചുവെച്ചിരിക്കും . ചൂണ്ടൽ പാത്രത്തിന്റെ അരികിൽ തക്കാളി കഷണങ്ങളും നെടുകെ കീറിയ പച്ചമുളകുകളും അലങ്കരിച്ചുവെച്ചിരിക്കും. ഈ കച്ചവടം എത്രവശത്തുള്ള മദ്യഷാപ്പിന്റെ പതിവുകാരെ കരുതിയാണ്.

കാൽനൂറ്റാണ്ടിനപ്പുറമുള്ള സംഭവങ്ങളാണ് ഇതെല്ലാം. ഞാൻ മുനിയമ്മയെ പരിചയപ്പെടുന്നത് അവരുടെ ഭർത്താവ് ഷണ്മുഖത്തിലൂടെയാണ്. . സന്ധ്യകളിൽ ഇടയ്ക്കൊക്കെആ മദ്യഷാപ്പ് സന്ദർശിക്കുമ്പോൾ എപ്പോഴും ഷൺമുഖം അവിടെയുണ്ടാകും. ചുണ്ടലും ബീഡിയും സിഗറ്റുമെല്ലാം മദ്യപന്മാർക്ക് വാങ്ങിക്കൊണ്ടുവന്നുകൊടുക്കുന്ന 'ജോലി'യിൽ അയാൾ വ്യാപൃതനായിരിക്കും.

ബീഡിക്കും സിഗററ്റിനുമുള്ള ഓഫറുകൾ ഞാൻ നിരസിച്ചപ്പോൾ ഷൺമുഖം റോഡിന്റെ എതിർവശത്തേക്ക് ചൂണ്ടി അയാൾ ചോദിച്ചു';ചൂണ്ടൽ വാങ്ങി വരട്ടുമാ?' ആ ചൂണ്ടുവിരലിന്റെ ദിശയിലാണ് ഞാൻ ആദ്യമായി മുനിയമ്മയെ കാണുന്നത്. തന്റെ ഒത്താശകൾക്ക് മദ്യപന്മാർ നൽകുന്ന തുക ഒരു കാൽ കുപ്പിക്ക് ഒത്താൽ ഷൺമുഖം അതുവാങ്ങി ഒറ്റയടിയാണ്. ഒരു ദിവസം ഞാൻ ആ ഷാപ്പിൽ ചെല്ലുമ്പോൾ അതിന്റെ മുന്നിൽ ഷൺമുഖം കിടക്കുകയോ ഇരിക്കുകയോ അല്ലാത്ത ഒരു പോസിൽ. 'ചൂണ്ടൽ വാങ്ങി വരട്ടുമാ?' എന്ന് ഇടക്കിടെ ചോദിക്കുന്നുണ്ടെങ്കിലും അയാൾക്ക് എഴുനേൽക്കാൻ വയ്യ. രണ്ട് പെഗ് കഴിച്ചപ്പോൾ ഞാൻ കൂടെയുള്ള സുഹൃത്തിനോട് പറഞ്ഞു: വാ, നമുക്ക് അവിടെപ്പോയി ഓരോ ചൂണ്ടൽ കഴിക്കാം.''

ആവി പറക്കുന്ന ആ ചൂണ്ടൽ എന്റെ സുഹൃത്തിനും വളരെ ഇഷ്ടമായി. ആ ചുണ്ടലിന്റെ രുചിയിൽ ഞാൻ മുനിയമ്മയെ പരിചയപ്പെട്ടു. അവരുടെ പുരുഷൻ എനിക്ക് പതിവായി ചൂണ്ടൽ വാങ്ങിക്കൊണ്ടുവരാറുള്ള കാര്യം ഞാൻ പറഞ്ഞു. അപ്പോൾ മുനിയമ്മ ചിര പരിചിതനോട് എന്നപോലെ പരാതിയുടെ കെട്ടഴിച്ചു. ഷൺമുഖം ചൂണ്ടൽ വാങ്ങിക്കൊണ്ടുപോകുമ്പോൾ പലപ്പോഴും കാശ് അവൾക്ക് നൽകില്ല. ചിലപ്പോൾ പകുതി വില നൽകും.

കിട്ടിയതൊക്കെ കുടിച്ച് കളയും. അതുകൊണ്ട് സാർ ഇനി ഇവിടെ വന്ന് ചൂണ്ടൽ വാങ്ങിയാൽ മതി എന്ന് മുനിയമ്മ.

അതിനുശേഷം ഞാൻ ഇടക്കൊക്കെ മുനിയമ്മയുടെ കൈയിൽനിന്ന് നേരിട്ട് ചുണ്ടൽ വാങ്ങാൻ തുടങ്ങി. അപ്പോഴൊക്കെ അവർ തന്റെ പുരുഷനെക്കുറിച്ചുള്ള പരാതികൾ നിരത്തും. പതിനാല് വർഷങ്ങളായി കല്യാണം കഴിഞ്ഞിട്ട്. ആദ്യമൊക്കെ ഷൺമുഖം പണിക്കുപോയി നേടിയ കൂലികൊണ്ടാണ് കുടുംബം കഴിഞ്ഞത്. പിന്നീട് മദ്യപാനം കൂടിയതോടെ വീട്ടിൽ ചിലവിന് പണമൊന്നും തരാതായി. അങ്ങനെയാണ് ചില വീടുകളിൽ പണിക്കുപോയിരുന്ന മുനിയമ്മ ഈ കച്ചവടം തുടങ്ങിയത്. തുടക്കത്തിൽ പുലർച്ചെ പൂമാർക്കറ്റിൽ പോയി പൂ കൊണ്ടുവരാൻ ഷൺമുഖം സഹായിച്ചിരുന്നു. മാർക്കറ്റിൽ നിന്ന് ഇളനീർ വാങ്ങിവരുന്നതും അയാളായിരുന്നു.

മദ്യപാനം കൂടിയതോടെ അതൊക്കെ നിന്നു. അയാൾ പണിക്കൊന്നും പോകാതായി.മുനിയമ്മയ്ക്ക് കിട്ടുന്ന കാശിന്റെ നല്ലൊരുപങ്കും അയാൾ മദ്യത്തിനായി ചെലവഴിച്ചു. പിന്നീട് പകലന്തിയോളം ആ മദ്യഷാപ്പിനെ ചുറ്റിയായി അയാളുടെ ജീവിതം. വിശക്കുമ്പോൾ വീട്ടിൽ വന്നു ഉള്ളത് കഴിക്കും.

മറ്റുള്ളവരെപ്പറ്റി, മകളെപറ്റിപ്പോലും അന്വേഷണമില്ല. ഇടക്കിടെ മുനിയമ്മയുടെ കടയിൽവന്ന് അവൾ മടിക്കുത്തിൽ തിരുകിയ തുണിസഞ്ചി വലിച്ചെടുത്ത് അതിലെ പണം എടുത്തുകൊണ്ടുപോകും. പണം കൊടുത്തില്ലെങ്കിൽ അയാൾ ബഹളം വെക്കും, മർദ്ദിക്കും. മകൾക്കു പോലും സുരക്ഷിതമല്ലാത്തവിധം അയാൾ പെരുമാറുന്നതിനെപ്പറ്റി ഒരിക്കൽ മുനിയമ്മ പറഞ്ഞതോർക്കുന്നു.

ഞാൻ നഗരത്തിന്റെ മറ്റൊരുഭാഗത്തുള്ള വാടകവീട്ടിലേക്ക് താമസം മാറ്റിയതോടെ മുനിയമ്മയെ മറന്നു.ഷണ്മുഖത്തെയും. ഏതാനും മാസങ്ങൾക്ക് ശേഷം ഒരാവശ്യത്തിനായി ആവഴി വന്നപ്പോഴാണ് ഞാൻ ഉച്ചവെയിലിൽ തളർന്ന് ഇളനീർ കുടിക്കാൻ എത്തുന്നതും ചുമന്ന ജമന്തിപ്പൂക്കളെക്കുറിച്ച് മുനിയമ്മ പറയുന്നതും. ഷണ്മുഖനെപ്പറ്റി ചോദിച്ചപ്പോൾ മുനിയമ്മ രോഷംകൊണ്ട് വിറച്ചു. 'കല്ലാനാലും കണവൻ, പുല്ലാനാലും പരുഷൻ' എന്ന പഴയഭാവമൊന്നും ഷണ്മുഖനെപ്പറ്റി പറയുമ്പോൾ മുനിയമ്മക്കില്ല. ഇപ്പോൾ അയാൾ വീട്ടിൽ വരാറില്ലെന്നും ഇടക്ക് കടയിൽവന്ന് പണം തട്ടിയുടുക്കാൻ ശ്രമിച്ചാൽ താൻ വാക്കത്തി എടുക്കുമെന്നും മുനിയമ്മ. വാക്കത്തികൊണ്ട് ഒരു ഇളനീർവെട്ടി എനിക്കു നൽകിക്കൊണ്ട്, ആ വാക്കത്തി ഉയർത്തിപ്പിടിച്ചുകൊണ്ട് മുനിയമ്മ പറഞ്ഞു: ഇനിയും അയാൾ വന്ന് ഉപദ്രവിച്ചാൽ ഈ വാക്കത്തികൊണ്ട്....അപ്പോൾ സാർ ഈ വഴിയെങ്ങാനും വന്നാൽ ചുവന്ന ജമന്തിപ്പൂക്കൾ കാണാം...

മുനിയമ്മ ഉറക്കെച്ചിരിച്ചു. പിന്നെ വായ് പൊത്തിപ്പിടിച്ച് കുലുങ്ങി കരഞ്ഞു. അവിടെ അങ്ങനെ നിൽക്കുന്നത് പന്തികേടാകുമെന്ന് കരുതി ഞാൻ ഇളനീരിന്റെ വില അവൾക്കുമുന്നിൽ കൈവണ്ടിയിൽ വെച്ചു. അല്പം മുന്നോട്ടുനടന്ന് അടുത്ത ബസ് സ്റ്റോപ്പിൽനിന്ന് ബസ് കയറി.

പിന്നീടൊരിക്കലും ഞാൻ മുനിയമ്മയുടെ ഇളനീർ കുടിച്ചിട്ടില്ല, ചുണ്ടൽ കഴിച്ചിട്ടില്ല. അവരെ കണ്ടിട്ടില്ല. എന്നാൽ ഇപ്പോഴും എന്റെ ചില പാതിരാസ്വപ്നങ്ങളിൽ ചോരച്ചുവപ്പാർന്ന ജമന്തിപ്പൂക്കളുടെ ഒരു കൂമ്പാരം ഉയർന്നുവരും.

ചെറുകഥ



വര : അമീൻ ഖലീൽ

*മിക്സെഡ് മീഡിയം (ഡിജിറ്റലി ട്രാൻസ്ഫെഡ് ഇമേജ്സ് ,പിഗ്മെന്റ്സ് ആൻഡ് അക്രിലിക് ഓൺ പേപ്പർ)*

# പ്രണയം റീ ചാർജിങ്

ജെസ്മോൾ കെ ജോസ്



പത്തിൽ എട്ടു പൊരുത്തമുണ്ടായിരുന്നു അവളുടെയും അയാളുടേയും ജാതകങ്ങൾ തമ്മിൽ. എന്നിട്ടും പൊരുത്തക്കേടുകൾ പൊട്ടി മുളച്ച വിരസമായ ദിനരാത്രങ്ങളുടെ തനിയാവർത്തനം നിർവികാരത സമ്മാനിച്ച ഒരു മഴക്കാലത്ത് അവൾ അവനെ ഓർത്തു.

സൗഹൃദമോ പ്രണയമോ എന്ന് നിർവചിക്കാനാവാതെ, അതിനിടയിലെ നൂൽപാലത്തിൽ നഷ്ടപ്പെട്ട ആ മുഖം.

താലി ചരട് തീർത്ത ലക്ഷ്മണരേഖക്കപ്പുറമുള്ള അവളുടെ സ്വപ്നങ്ങളിലവൻ അദൃശ്യനായിരുന്നു എങ്കിലും പ്രണയമെന്നോ, ജീവിതമെന്നോ കേൾക്കുമ്പോഴെല്ലാം എന്തോ അവനെയാണ് ഓർക്കുക!

**താലി ചരട് തീർത്ത ലക്ഷ്മണരേഖക്കപ്പുറമുള്ള അവളുടെ സ്വപ്നങ്ങളിലവൻ അദൃശ്യനായിരുന്നു എങ്കിലും പ്രണയമെന്നോ, ജീവിതമെന്നോ കേൾക്കുമ്പോഴെല്ലാം എന്തോ അവനെയാണ് ഓർക്കുക! ദൂരെയാകുമ്പോഴും നഷ്ടപ്പെടുമ്പോഴും മാത്രം തിരിച്ചറിയുന്ന ഇഷ്ടങ്ങളുമുണ്ടത്രേ.**

ദൂരെയാകുമ്പോഴും നഷ്ടപ്പെടുമ്പോഴും മാത്രം തിരിച്ചറിയുന്ന ഇഷ്ടങ്ങളുമുണ്ടത്രേ. അതൊരു കള്ള കർക്കിടകമായിരുന്നു.

മഴയുടെ കുളിർ നൂലിഴകളിലൂടെ ഊർന്നിറങ്ങിയ പ്രണയ വൈറസ് ഇന്ദ്രിയങ്ങളെ തൊട്ടപ്പോൾ, ഒരിക്കലും മറക്കാത്ത ആ ലാൻഡ് ഫോൺ നമ്പർ അവൾ ഡയൽ ചെയ്തു.

അവന്റെ മൊബൈൽ നമ്പർ സേവ് ചെയ്യാൻ അവൾ ഒരിക്കലും ശ്രമിച്ചിരുന്നില്ല . ചങ്ങാതിമാരുടെ വാട്സ്ആപ്പ് ഗ്രൂപ്പിൽ അതുണ്ടെന്ന് അവൾക്കറിയാം.

എങ്കിലും അവളുടെ കോൺടാക്ട് ലിസ്റ്റിലെ ഇപ്പോഴും മരിക്കാത്ത ചുരുക്കം ചില ലാൻഡ് ഫോൺ നമ്പറുകളൊന്നിൽ, ആ പരിചിത

**പിറ്റേന്ന്, കർകിടകത്തിലും കത്തുന്ന വെയിൽ. ഹാഫ് ഡേ ലീവ് കൊടുത്തു ഓഫിസിൽ നിന്ന് നേരെ സ്റ്റേഷനിലേക്ക്. വല്ലാത്തൊരു ചങ്കിടിപ്പ്. എങ്കിലും ആത്മ ഹർഷത്തിന്റെ ചാറ്റൽ ഉള്ളിൽ പെയ്തു തുടങ്ങിയത് അവളറിഞ്ഞു. പകച്ച കണ്ണുകളോടെ അവൻ ട്രെയിനിൽ നിന്നിറങ്ങി. പ്രതീക്ഷിച്ചത് പോലെ പഴയ ഹിഗ്ഗിൻ ബോതംസ് പുസ്തകശാല ഉണ്ടായിരുന്നിടത്ത് അവൾ!**

ശബ്ദം ഉണ്ടാവുമെന്ന ഉറപ്പ് എന്തോ അവൾക്കുണ്ടായിരുന്നു. ഒരു കാലത്ത് തനിച്ചായെന്ന് തോന്നുമ്പോഴൊക്കെ എത്ര വട്ടം മൗനമായി ആ നിശ്വാസത്തിന്റെ താളത്തിന് ചെവിയോർത്തിരിക്കുന്നു.

'ഒന്നു കാണണം.. നാളെ പരശുറാം ആലുവായിലെത്തുമ്പോൾ സ്റ്റേഷനിൽ ഞാനുണ്ടാവും'

തിരിച്ചെന്തെങ്കിലും പറയാൻ അവൻ വാ തുറക്കുന്നതിന് മുമ്പ്, ഒറ്റ ശ്വാസത്തിൽ ഇത്രയും പറഞ്ഞ്, ആകാംക്ഷയുടെ ഒറ്റ തുരുത്തിൽ അവനെ തനിച്ചാക്കി,

അവൾ ഫോൺ കട്ട് ചെയ്തു.

പിറ്റേന്ന്, കർകിടകത്തിലും കത്തുന്ന വെയിൽ. ഹാഫ് ഡേ ലീവ് കൊടുത്തു ഓഫിസിൽ നിന്ന് നേരെ സ്റ്റേഷനിലേക്ക്.

വല്ലാത്തൊരു ചങ്കിടിപ്പ്. എങ്കിലും ആത്മ ഹർഷത്തിന്റെ ചാറ്റൽ ഉള്ളിൽ പെയ്തു തുടങ്ങിയത് അവളറിഞ്ഞു.

പകച്ച കണ്ണുകളോടെ അവൻ ട്രെയിനിൽ നിന്നിറങ്ങി. പ്രതീക്ഷിച്ചത് പോലെ പഴയ ഹിഗ്ഗിൻ ബോതംസ് പുസ്തകശാല ഉണ്ടായിരുന്നിടത്ത് അവൾ!

അവനെ കണ്ടപ്പോൾ, എന്നും കാണുന്ന സഹപാഠിയോടെന്ന പോലെ ,''വരൂ.. ഒരിടം വരെ പോകാനുണ്ട്'' എന്ന് ചിരിച്ചു.

കർക്കിടകചൂടിൽ വഴി തെറ്റിയ യാത്രികനെ പോലെ അവൻ.

അവൾ കൈകാണിച്ചു നിർത്തിയ ഓട്ടോയിൽ അപരിചിതരെ പോലെ അവർ ഇരുന്നു. മൗനം കനത്തു. അവളുടെ ചങ്ക് പടപടാന്നിടിച്ചു.

മഹാഗണികൾ നിറഞ്ഞ ക്യാമ്പസിന് മുന്നിൽ ഓട്ടോ നിന്നു.

ദിവസവും ക്ലാസിലേക്ക് വരുന്ന വിദ്യാർത്ഥിനിയുടെ ലാഘവത്തോടെ അവൾ പടികൾ ധൃതിയിൽ കയറി തുടങ്ങി.

ലേഡിസ് വെയ്റ്റിങ് റൂമും കച്ചേരി മാളികയും കടന്ന് കോളേജ് ചാപ്പലിലേക്ക്. അവൾ എന്തെങ്കിലും ഒന്നു മിണ്ടിയിരുന്നെങ്കിൽ.. അവൻ ആശിച്ചു.

പണ്ടേ മൗനം അപഹരിച്ച അവരുടെ പ്രണയം..

പള്ളിയിൽ മുട്ടു കുത്തി അവൾ കണ്ണടച്ചു. അവൻ അവളെ കാണുകയായിരുന്നു. പല വട്ടം ചുംബിക്കാനാശിച്ച അവളുടെ ചുണ്ടുകൾ. ധ്യാനം കഴിഞ്ഞു അവർ പുറത്തേക്കിറങ്ങി. ബാസ്കറ്റ് ബാൾ കോർട്ടിൽ അവൾ അവന്റെ അടുത്തിരുന്നു..

അവന്റെ സഞ്ചിയിലേക്ക് കുസൃതിയോടെ കണ്ണോടിച്ചു അവൾ ചോദിച്ചു

'' ഈയാഴ്ച പുറത്തിറങ്ങിയ വാരികകളെല്ലാം അതിലുണ്ടോ? '

' വാരികകളൊക്കെ എന്നേ മാഗ്സ്റ്റർ അപഹരിച്ചു''

അവന്റെ മറുമൊഴി.

''പട്ടുനൂൽ പുഴുവും, തപോമയിയുടെ അച്ഛനും വാങ്ങിയില്ലെന്നോ?'

അവൾ നെറ്റി ചുളിച്ചു.

''നീയിപ്പോ വായിക്കുന്നത് റോസാ റിറ്റയോ അതോ ദി വുമണോ?''

അവന്റെ മറുചോദ്യം

താൻ ഒരു പുസ്തകം തുറന്നു നോക്കിയിട്ട് എത്ര നാളായെന്ന് അവൾ നിശബ്ദം നെടുവീർപ്പിട്ടു.

''ഈയടുത്ത് യാത്രകൾ ഒന്നും പോയില്ലേ?''

അവളുടെ മറുപടി ചോദ്യം

താൻ ആവേശത്തോടെ പോയിരുന്ന യാത്രകളെക്കുറിച്ചും, അതിന്റെ വർത്തമാനങ്ങൾ ചൂടാറും മുമ്പേ ചോദിച്ചറിഞ്ഞിരുന്ന അവളെയും ഏറെ നാളുകൾക്കു ശേഷം അവൻ ഓർത്തെടുത്തു.

പതിയെ പതിയെ മൗനത്തിന്റെ പുറന്തോട് പൊട്ടിച്ച് വാക്കുകൾ പുറത്തു വരാൻ തുടങ്ങി.

മറന്നു തുടങ്ങിയ അക്ഷരങ്ങളുടെ, രാഗങ്ങളുടെ, സിനിമകളുടെ, യാത്രകളുടെ വിശേഷങ്ങൾ കാലത്തെ വകഞ്ഞു മാറ്റി പുറത്ത് ചാടി.

അവർ പഴയ ഓർമകളിൽ അലിഞ്ഞു. കൗമാരത്തിന്റെ കുതൂഹലവും മിഴിവും തിരിച്ചു പിടിച്ചു. പഴയതു പോലെ, പ്രണയത്തെ കുറിച്ചൊഴികെ മറ്റെല്ലാത്തിനെ കുറിച്ചും വാചാലരായി.

**"ഈയടുത്ത് യാത്രകൾ ഒന്നും പോയില്ലേ?" അവളുടെ മറുപടി ചോദ്യം താൻ ആവേശത്തോടെ പോയിരുന്ന യാത്രകളെക്കുറിച്ചും, അതിന്റെ വർത്തമാനങ്ങൾ ചൂടാറും മുമ്പേ ചോദിച്ചറിഞ്ഞിരുന്ന അവളെയും ഏറെ നാളുകൾക്കു ശേഷം അവൻ ഓർത്തെടുത്തു.**

പൊടുന്നനെ ഘടികാരം ശബ്ദിച്ചു. ഞെട്ടി എണീറ്റ് അവളവനെയും വലിച്ചു പുറത്തിറങ്ങി. അന്തരീക്ഷം ആകെ മാറി പോയിരുന്നു. കാറ്റും മഴക്കാറും.

ആ വഴി വന്ന വയസ്സൻ ഓട്ടോയിൽ അവർ ചാടി കയറിയതും മഴ തല്ലിയലച്ചു പെയ്യാൻ തുടങ്ങി.

മൗനം മുറിച്ചൊഴുകിയ പെരുമഴയുടെ കാറ്റടിയിൽ നനയാതിരിക്കാൻ അവർ തൊട്ടുതൊട്ടിരുന്നു. കാലം ഒറ്റപ്പെടുത്തിയ രണ്ടുപേർ!

ഓട്ടോ അടുത്ത സിഗ്നലിൽ



എത്തിയപ്പോൾ അവളതിനെ ഒരു ഇടവഴിയിലൂടെ തിരിച്ചു വിട്ടു. അവൻ പുറത്തേക്കു നോക്കി. വിജനമായ മണൽപ്പുറം. നിറഞ്ഞൊഴുകുന്ന പുഴ. ബലിതർപ്പണം ബാക്കി വെച്ച കാൽപ്പാടുകളെ മഴ ചാറ്റൽ മായ്ച്ചു തുടങ്ങിയിരുന്നു.

'' ക്യാമ്പസ് ജീവിതം ശിവരാത്രി കാലത്തെ മണപ്പുറം പോലെയായിരുന്നു..ആളും ബഹളവും വെളിച്ചവും വെച്ചുവാണിഭക്കാരും യന്ത്ര ഊഞ്ഞാലുകളും.. ആ ഉത്സവത്തിൽ അലഞ്ഞും അലിഞ്ഞും അങ്ങനെ..

''ഇപ്പോഴത്തെ ദിവസങ്ങൾ വാവ് കഴിഞ്ഞ മണൽതിട്ട പോലെയാ. കടമകളുടെ പുഴയൊഴുക്കിനരികെ വെയിലും, മഴയും ,കാറ്റും ഗൗനിക്കാതെ നിശ്ചലം. കൈകൊട്ടി വിളിക്കുമ്പോൾ പറന്നെത്തുന്ന

**പൊടുന്നനെ ഘടികാരം ശബ്ദിച്ചു. ഞെട്ടി എണീറ്റ അവളവനെയും വലിച്ചു പുറത്തിറങ്ങി. അന്തരീക്ഷം ആകെ മാറി പോയിരുന്നു. കാറ്റും മഴക്കാറും. ആ വഴി വന്ന വയസ്സൻ ഓട്ടോയിൽ അവർ ചാടി കയറിയതും മഴ തല്ലിയലച്ചു പെയ്യാൻ തുടങ്ങി. മൗനം മുറിച്ചൊഴുകിയ പെരുമഴയുടെ കാറ്റടിയിൽ നനയാതിരിക്കാൻ അവർ തൊട്ടുതൊട്ടിരുന്നു. കാലം ഒറ്റപ്പെടുത്തിയ രണ്ടുപേർ!**

പിതൃക്കളെപ്പോലെ ഓർമകൾ''

അവൾ പറഞ്ഞു നിർത്തി.

ഓട്ടോ റെയിൽവെ സ്റ്റേഷനിൽ ചെന്ന് നിന്നു. അവളോടി ചെന്നു ടിക്കറ്റെടുത്തു. അവനുള്ള മടക്ക ടിക്കറ്റ്.

അത് അവന്റെ കയ്യിൽ വച്ചു കണ്ണിലേക്ക് ഉറ്റു നോക്കി കൊണ്ട് അവൾ ചോദിച്ചു..

'നമുക്കൊരു ചായ കുടിച്ചാലോ'

ആളൊഴിഞ്ഞ സ്റ്റേഷനിൽ കനത്ത മഴയിൽ ചൂടുള്ള ചായയിൽ അവർ ജീവിതം നുണഞ്ഞു. ചെയ്യാൻ മറന്നുപോയതോ മാറ്റിവച്ചതോ ആയ ഇഷ്ടങ്ങളെ പറ്റി വെറുതെ സംസാരിച്ചു.

എന്നോ കാലിയായി പോയ ജീവിതത്തോടുള്ള മമതയുടെ സെല്ലുകൾ റീചാർജ് ചെയ്തു.

അപ്പോൾ അവനു തിരിച്ചു പോകാനുള്ള വേണാട് എക്സ്പ്രസ് പ്ലാറ്റ്ഫോമിലേക്കു കടന്നു വരികയായിരുന്നു.


India Press Club of North America
IPCNA
India Press Club of North America
SHERATON
11th
INTERNATIONAL
MEDIA
CONFERENCE
2025
'The largest bulb on the planet - located in Edison, NJ'
PLATINUM SPONSOR
SAJAN & MINI SAJAN
SAJ GROUP
HOTELS & RESORTS
OCTOBER 09 10 11
At SHERATON, Edison, New Jersey
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Raju Pallath President Elect 2026-27
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
India Press Club of North America
www.indiapressclub.org | indiapressclubofna@gmail.com
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374

● ചെറുകഥ

# ഭൂമിയിലെ പൂക്കൾ



എം.ടി.ഉണ്ണിക്കണ്ണൻ



വര: പി ജി ദിനേശ്

സബ് ജയിലിൻറെ അടഞ്ഞ വാതിലിന് പുറത്ത് അത്തുണ്ണി കാത്തുനിന്നു. സൂപ്രണ്ട് അനിരുദ്ധൻ നമ്പൂതിരി നാട്ടുകാരനാണ്. കോടതിയിലേയ്ക്ക് പോയ അദ്ദേഹത്തെ കാത്തിരിക്കാനാണ് കാവൽ ഡ്യൂട്ടിയിലുള്ള ചെറുപ്പക്കാരൻ ഉപദേശിച്ചത്. നമ്പൂരിക്ക് കൊടുക്കാനായി കൊണ്ടുവന്ന വെറ്റിലക്കെട്ടിൽ നിന്ന് നനവുപടർന്ന് അയാളുടെ കക്ഷം കുതിർന്നിരുന്നു.

കാത്തിരിപ്പിൽ നടത്തവും ഉൾപ്പെടുമെന്ന് അത്തുണ്ണിയ്ക്ക് തോന്നി. റോഡിൻറെ കവലയിലെത്തിയപ്പോൾ അയാൾക്കുവേണ്ടി ഒരു തണൽ ഒഴിഞ്ഞു കിടന്നിരുന്നു. പൂ കൊഴിഞ്ഞ തുമ്പക്കഴുത്തുപോലുള്ള ട്രാഫിക് സിഗ്നലിന് താഴെ വെറുതെ നിൽക്കുകയായിരുന്നു പോലീസുകാരനപ്പോൾ. മകനെ കാണണം. സെൻട്രൽ ജയിലിൽ

നിന്നും ചെറുപ്പക്കാരായ കുറച്ചു തടവുകാരെ പുതിയ കെട്ടിടത്തിൻറെ പണികൾക്കായി കൊണ്ടുവരുന്നുണ്ടെന്ന് അനി നമ്പൂരി പറഞ്ഞിരുന്നു. തൻറെ മകൻ മുത്തുവും അക്കൂട്ടത്തിലുണ്ടാവും. പണി നടക്കുന്നത് ദൂരെയാണ്.

വീണ്ടും ഗേറ്റിൽ മുട്ടിയപ്പോൾ ചെറുപ്പക്കാരൻ ചോദിച്ചു: ''നിങ്ങളിതുവരെ പോയില്ലേ? ' 'ഇല്യ അനി നമ്പൂരിയെ കാണേണ്ട അത്യാവശ്യണ്ട്.'

മുറുക്കുകാരനായ സാറിന് അത്തുണ്ണിയോടുള്ള അടുപ്പത്തെ സാക്ഷ്യപ്പെടുത്താനായി വെറ്റിലക്കെട്ട് അയാളുടെ കയ്യിലേക്ക് ഊർന്നിറങ്ങിയത് ചെറുപ്പക്കാരൻ ശ്രദ്ധിച്ചു.

അയാൾ അറിയിച്ചു: ''സാറ് പോകുമ്പോ വെറ്റിലച്ചെല്ലം കൊണ്ടായിട്ടില്യ. അതുകൊണ്ട് ഇനിയും വൈകില്യ .

കൂടെക്കൂടെ വാതിലിൽ മുട്ടുന്നതിൽ അത്തുണ്ണിയ്ക്ക് മടുപ്പുതോന്നി, വെറ്റില കൈമാറിക്കൊണ്ട് അയാൾ പറഞ്ഞു: ''ഞാൻ പിന്നെ വന്ന് കണ്ടോളാം''

വാതിൽ വീണ്ടും അടഞ്ഞപ്പോൾ അയാളുടെ നിഴൽ വേർപെട്ട് ജയിലിനകത്ത് കുടുങ്ങിപ്പോയി.

മകൻ പോയതിനു ശേഷം അയാളുടെ കോഴിക്കച്ചവടം നിന്നുപോയിരുന്നു. നാടൻകോഴികളെ വാങ്ങാനായി മകൻറെ കൂടെ അലഞ്ഞു നടക്കാൻ എന്തുരസമായിരു ന്നു! ചെക്കന് താൽപര്യമുണ്ടായിട്ടല്ല. ''കോയിണ്ടോ ... കോയ്' എന്ന് അത്തുണ്ണി വിളിച്ചുചോദിക്കുമ്പോൾ പിറകെ നടക്കുന്ന മുത്തു ബാപ്പ കാണാതെ വാ പൊത്തി ചിരിക്കും. സ്കൂളിൻറെ മുന്നിലൂടെ പോകുമ്പോൾ അവൻ അകലം പാലിക്കാറുണ്ട്. ബാപ്പയുടെ ചോദ്യം അവസാനിച്ച ഉടനെ കുട്ടികൾ സംഘം ചേർന്ന് ഉത്തരം തരും: ''കോഴി തൂറാൻ പോയ്...'അന്നേരം കൈകൊണ്ട് തല്ലിക്കെടുത്താനാവാതെ മുത്തുവിൻറെ ചിരി ബാപ്പയുടെ



മുന്നിലേക്ക് ചാടും. എല്ലാ കുട്ടികൾക്കും വേണ്ടി അവൻ വേദനയില്ലാത്ത അടി ഏറ്റുവാങ്ങുന്നതപ്പോഴാണ്. സ്കൂളിനടുത്ത ചായക്കടയിൽ വെച്ചാണ് ഒത്തുതീർപ്പ്.??

നാടൻ കോഴികളെ കിട്ടുന്ന വീടുകളെല്ലാം അത്തുണ്ണിക്ക് പരിചിതമാണ്. ഓരോ ദിവസം ഓരോ വഴിക്ക്. ശനിയാഴ്ചയായാൽ അയാളുടെ കൂട്ടിൽ കോഴികൾ നിറഞ്ഞു കൂവും.

അന്നാണ് ആഴ്ചച്ചന്ത. ക്ഷണിക്കാതെ തന്നെ മുത്തുവും കൂട്ടുപോകും, കോഴികളുടെ കനം ചുമന്ന് ബാപ്പയെ സഹായിക്കാൻ. കോഴികളുടെ തൂക്കം അവൻ കൂട്ടിപ്പറയുന്നത് തന്നെ സന്തോഷിപ്പിക്കാനാണെന്ന് അത്തുണ്ണിയ്ക്കറിയാം. അതുകേൾക്കാൻ ഒരു രസമാണ് അയാൾക്ക്.

## 2

''ബാപ്പാ, നമ്മടെ പെരേന്ന് ചന്ത വരെ എത്ര പാലണ്ട്ന്ന് ങ്ങക്കറിയോ?'' ആർക്കറിയാം. ഒഴിഞ്ഞകുട്ടയുമായി മടങ്ങുമ്പോൾ മുത്തു ചോദിച്ചു. ''ന്ത് പാലോ?'

ലാഭനഷ്ടങ്ങളുടെ മനക്കണക്ക് മുറിഞ്ഞപ്പോൾ അയാൾക്ക് ദേഷ്യം വന്നു. അവൻ പറഞ്ഞു: ''അല്ല ബാപ്പാ പാല... പാലമരം'' ''അനക്കെന്താനൊസ്സുണ്ടോ?''

അത്തുണ്ണിയ്ക്ക് നിയന്ത്രണം വിട്ടു. ''ഞാൻ മരങ്ങളെണ്ണി നടക്കില്ല. യ്യ് കാല് നോക്കി നടന്നോ പാലകളുടെ കണക്കെടുത്തുതന്നെയാണ് അവൻ നടന്നത്. മുത്തുവിന് ബാപ്പയുടെ ലാഭനഷ്ടങ്ങൾ ഒരുവിഷയമേയല്ല.

തുലാക്കാറ്റിൽ പാലകൾ ഉണരുകയായി.

ധനു ആയാൽ പൂക്കളെകൊണ്ട് ഭ്രാന്ത് പിടിച്ച് അവ കൂട്ടത്തോടെ അവനെ അന്വേഷിച്ചെത്തും. കിടപ്പുമുറിയ്ക്ക് വാതിലില്ലാതിരുന്നിട്ടും തട്ടിയും മുട്ടിയും വരവറിയിക്കും. പുറത്തെ നിലാവു നോക്കി മുത്തു കരയുന്നതപ്പോഴാണ്.

''അനക്കെന്തുപറ്റി മുത്തേ, ഇയ്യ് ഉമ്മാനെ കിനാക്കണ്ടോ?'; അത്തുണ്ണി സങ്കടപ്പെട്ടു.

അവൻറെ ഉമ്മയ്ക്കും പാലപ്പൂക്കളെ ഏറെ പ്രിയമായിരുന്നു. ആ ഓർമ്മയിൽ അയാൾ കൂടെക്കൂടെ പിറകോട്ടുപോകും.

അനി നമ്പൂരിയുടെ ഇല്ലത്തേയ്ക്ക് 10 മിനിറ്റ് ദൂരമേയുള്ളൂ. അത്തുണ്ണി ഇല്ലത്തെത്തിയപ്പോൾ അകത്ത് കാര്യമായ എന്തോ തർക്കം നടക്കുകയായിരുന്നു. പല പ്രായക്കാരായ നാലഞ്ചുപേരുണ്ട്. അയാൾ പുറംകോലായിലിരുന്നു. ഇല്ലത്തിനും മുറ്റത്തിനും എവിടെയോ കണ്ടപോലുള്ള മുഖഛായ. ആലോചിച്ചപ്പോൾ മനസ്സിലായി, അത് ജയിലിൻറെ തന്നെ ഛായയാണെന്ന്. വലിയ പരിചരണം ആവശ്യമില്ലാത്ത പൂച്ചെടികൾ പോലും രക്തയോട്ടമില്ലാതെ കാലാവധി കാത്ത് വിളറിനിൽക്കുന്നു.

മുറുക്കി തുപ്പാനായി പുറത്തുവന്ന നമ്പൂ രിയോട് അത്തുണ്ണി വിനയം നടിച്ചു: ''അനി നമ്പൂയെ കാണാൻ വന്നതാ.

''താനറിഞ്ഞില്ലേ... ?' ചോദ്യം കേട്ടപ്പോൾ അകത്തളത്തിലെ ഉയർന്ന ശബ്ദക്കാരനെ അയാൾ തിരിച്ചറിഞ്ഞു. നമ്പൂരി തുടർന്നു. ''അനിരുദ്ധനെ വള്ളത്തോള് ജയിലിലാക്കീത്! താൻ കേട്ടിട്ടില്യാന്നുണ്ടോ, ബന്ധനസ്ഥനായ വള്ളത്തോളെന്നൊക്കെ ? ഞങ്ങളിപ്പോ അത് പറഞ്ഞോണ്ടിരിക്ക്വാ... നമ്പൂരിയുടെ ചിരി ശബ്ദത്തെക്കാൾ വേഗത്തിൽ അകത്തേയ്ക്ക് കയറിപ്പോയി.

അത്തുണ്ണിയ്ക്ക് ഒന്നും മനസ്സിലായില്ല. ബഹളത്തിൻറെ പഴുതിലേയ്ക്ക് ഒന്നു ചുമച്ചു നോക്കിയാലോ? പക്ഷെ, തർക്കം പഴുതുകളെ നികത്തിക്കൊണ്ട് ഉരുകിയൊലിച്ചു കൊണ്ടിരുന്നു. കാത്തിരുന്നേ പറ്റൂ.

**പാലകളുടെ കണക്കെടുത്തുതന്നെയാണ് അവൻ നടന്നത്. മുത്തുവിന് ബാപ്പയുടെ ലാഭനഷ്ടങ്ങൾ ഒരുവിഷയമേയല്ല. തുലാക്കാറ്റിൽ പാലകൾ ഉണരുകയായി. ധനു ആയാൽ പൂക്കളെകൊണ്ട് ഭ്രാന്ത് പിടിച്ച് അവ കൂട്ടത്തോടെ അവനെ അന്വേഷിച്ചെത്തും. കിടപ്പുമുറിയ്ക്ക് വാതിലില്ലാതിരുന്നിട്ടും തട്ടിയും മുട്ടിയും വരവറിയിക്കും. പുറത്തെ നിലാവു നോക്കി മുത്തു കരയുന്നതപ്പോഴാണ്.**

അകത്തളത്തിൽ വെടിവട്ടം കത്തിക്കയറിയ നേരത്താണ് അയാൾ ഇല്ലത്തെത്തിയത്.

സബ് ജയിൽ സൂപ്രണ്ടായ അനി നമ്പൂരി പൊട്ടനോ സമർത്ഥനോ എന്നതായിരുന്നു വിഷയം. അവതാരകൻ വെടിമരുന്നിന് തീ കൊടുത്ത് കൗശലം നടിച്ചിരുന്നു.

ബ്രാഹ്മണ്യത്തിൻറെ ഔന്നത്യവും' തൊഴിൽപരമായ അധമത്വവും' ഇഴകീറി വിശകലനം ചെയ്യപ്പെട്ടപ്പോൾ പൊട്ടത്തരത്തിൻറെ ആരോഹണാന്ത്യമായി മാത്രമേ സാമർത്ഥ്യത്തെ കാണാനൊക്കും എന്നും പൊട്ടൻ വിഡ്ഢി, മണ്ടൻ, മഠയൻ തുടങ്ങിയ മാറ്റപ്പദങ്ങളു ണ്ടെന്നും അർത്ഥവ്യാപനത്തിനിടെ സദസ്സ് കണ്ടെത്തി. പൊട്ടൻ എന്ന വാക്കിൻറെ പച്ചയായ ശൂദ്രപ്രകൃതവും പരാമർശവിധേയമായി.

''മൂഢൻ ഇതിൽ പെടോ'' ? ചർച്ചയിൽ തൻറെ ശബ്ദം ഉൾപ്പെടുത്താനായി ഒരാൾ ചോദിച്ചു. ഉടൻതന്നെ ഉത്തരമുണ്ടായി. ' ഇല്യ താൻ വെറെ ഗണത്തിലാ'വെറുമൊരു പ്രജയായി ഒതുങ്ങിയിരുന്നു അനി നമ്പൂരി. താനിപ്പോൾ പരീക്ഷണശാലയിലെ തവളയാണല്ലോ.

3

പരാതിയില്ല. കൂട്ടത്തിലെ മറ്റൊരാൾ വേറൊരു വിഷയത്തിലാകും തവളയാകുന്നത്. വിദ്യ തീണ്ടാത്ത ഒരു ഇളമുറക്കാരൻറെ പെട്ടന്നുള്ള കണ്ടെത്തലിൽ കളിയായി തുടങ്ങിയ അന്നത്തെ വെടിവട്ടം വല്ലാതെ ഉലഞ്ഞുപോയി. അയാൾ ചോദിച്ചു: ' അല്ല നമ്പൂരാരേ, എന്തുകൊണ്ടാണ് പൊട്ടനും പര്യായങ്ങൾക്കുമെല്ലാം ' വർഗ്ഗം?' ചോദ്യത്തിലെ ബുദ്ധിയുടെ ലാഞ്ചന കണ്ട് വെടിവട്ടം കോരിത്തരിച്ചു.

പുനരന്വേഷണത്തിനായി പൊട്ടൻ, മണ്ടൻ, വിഡ്ഢി, മഠയൻ എന്നീ പദങ്ങളിലൂടെ വിധി കർത്താക്കൾക്ക് വീണ്ടും സഞ്ചരിക്കേണ്ടിവന്നു. തന്നെ അഛൻ നമ്പൂരി ഓമനിക്കാറുള്ള 'മഠയൻ'എന്നതിലെ പ്രാമാണികഭാവമുള്ള ചക്രത്തെ തനിക്ക് ഏറെ പത്ഥ്യമാണെന്നും ഇളമുറക്കാരൻ സത്യബോധപ്പെടുത്തിയപ്പോൾ അനി നമ്പൂരി ചെറിയൊരു പ്രതികാരത്തിനായി ചർച്ചയിലേക്ക് വലതുകാൽ വെച്ചു: ''എന്നാ നമ്പൂരിക്കുട്ടിയ്ക്ക് കേക്കണോ?'അയാൾ ചോദിച്ചു: ''മഠയൻറകത്ത് ശ്രീചക്രോ, ശ്രീവിദ്യയോ ഒന്വല്ല. വട്ടാണ്, വട്ട്! മഠയനെന്നാൽ വട്ടനെന്നും അർത്ഥം.

കോരിത്തരിപ്പിൽ നിന്നും മുക്തരാവാത്തതിനാൽ ആർക്കും ഇതുകേട്ട് ഞെട്ടലുണ്ടായില്ല.

'മടയൻ' എന്നായാലും മതി, ചക്രത്തെ നമുക്ക് പഞ്ചറാക്കാം എന്ന ഭേദഗതിക്ക് പൊതുവെ സ്വീകാര്യതയുണ്ടായില്ല. ''പ്രയോഗത്താൽ സാധു'; എന്ന വ്യവസ്ഥയിൽ നമ്പൂരിക്കുട്ടിയ്ക്ക് 'മഠയ'ദം തന്നെ പതിച്ചുനൽകി അന്നത്തെ വെടിവട്ടം പിരിഞ്ഞു.

അനിരുദ്ധൻ നമ്പൂരിയ്ക്ക് ജയിൽ വകുപ്പിൽ ജോലി കിട്ടിയപ്പോൾ സ്വന്തക്കാർക്കെല്ലാം എതിർപ്പായിരുന്നു. അതും ഒരു ശിക്ഷ തന്നെയാണെന്നായിരുന്നു തീർപ്പ്. '

വർഗ്ഗത്തിലായാലും അഷ്ടിക്ക് മുട്ടില്ലല്ലോ എന്നായിരുന്നു അയാളുടെ ശരി.

വെടിവട്ടം കത്തിയമർന്ന തളത്തിലേയ്ക്ക് മരയഴികൾക്കിടയിലൂടെ അത്തുണ്ണി എത്തിനോക്കി. തർക്കത്തിൻറെ പൊട്ടും പൊടിയും കളയാൻ ഉടുമുണ്ടഴിച്ച് കുടഞ്ഞ് എല്ലാവരും എഴുന്നേറ്റിരുന്നു. അത്തുണ്ണിയ്ക്ക് ഒന്നുമാത്രമേ മനസ്സിലായുള്ളൂ.

ഇവരിതുവരെ തർക്കിച്ചത് തൻറെ കാര്യത്തിലല്ല. അനി നമ്പൂതിരി ചോദിച്ചു: ''താൻ വന്നിട്ട് ശ്ശി നേരായോ ... ? വിളിക്കാർന്നിലേ?'

''ങ്ങള് കാര്യായിട്ട് കുടുംബക്കാര്യങ്ങള് പറേണേൻറെടേല് വിളിക്കണ്ടാന്ന് വെച്ചു'

കുടുംബകാര്യം ! ജയിലിൽപ്പോയ ഏക മകനെയോർത്ത് ആധി മൂത്ത പിതാവിന് എന്ത് സ്വര-വ്യഞ്ജനങ്ങൾ! ട, ഠ, ഡ, ഢ, ണ എന്നത് വെടിവട്ടത്തിലെ തർക്കങ്ങളിൽ അഭിരമിക്കുന്നവരുടെ കുടുംബ കാര്യം മാത്രം. ദിവസവും നിരവധി റിമാൻഡ് പ്രതികളെ കൈകാര്യം ചെയ്യുന്ന അനി നമ്പൂരിക്ക് തോന്നി അത്തുണ്ണിയാണ് ശരി. നമ്പൂരി അന്വേഷിച്ചു: ''സബ് ജയിലില് വന്നീർന്നു, ലേ ?'

''വന്നീർന്നു, കുറച്ച് കാത്തിരിക്കേം ചെയ്തു.' അറിഞ്ഞു.... അറിഞ്ഞു. ഞാനിത്തിരി തെരക്കിലേർന്ന്. നമ്പൂരി തുടർന്നു: ''എടോ തൻറെ മകൻ ന്തിനാ ജയിലിൽ പോയത്?. കണ്ടാ ഒരു സാധുവാണല്ലോ'

അത്തുണ്ണിയുടെ മൗനത്തിൽ തട്ടി ചോദ്യം അയാളിലേയ്ക്ക് തന്നെ തിരിച്ചു പോയി.

കച്ചവടത്തിനായി ഊരു തെണ്ടിയിരുന്ന കാലം അത് പഴയതല്ല. കുട്ട ചുമന്ന് കൂടെ നടന്ന മകൻറെ ശ്രദ്ധ എപ്പോഴും വഴിയോരത്തെ മരങ്ങളിലാണ്. അപ്പോഴെല്ലാം താനവനെ ശാസിക്കാറുണ്ടായിരുന്നു. അവൻ ചോദിച്ച ഒരു കുസൃതി ഓർമ്മ വരുന്നു.

''ബാപ്പാ ങ്ങള് ചൂടാവിലെങ്കില്

**'മടയൻ' എന്നായാലും മതി, ചക്രത്തെ നമുക്ക് പഞ്ചറാക്കാം എന്ന ഭേദഗതിക്ക് പൊതുവെ സ്വീകാര്യതയുണ്ടായില്ല. "പ്രയോഗത്താൽ സാധു'; എന്ന വ്യവസ്ഥയിൽ നമ്പൂരിക്കുട്ടിയ്ക്ക് 'മഠയ'ദം തന്നെ പതിച്ചുനൽകി അന്നത്തെ വെടിവട്ടം പിരിഞ്ഞു. അനിരുദ്ധൻ നമ്പൂരിയ്ക്ക് ജയിൽ വകുപ്പിൽ ജോലി കിട്ടിയപ്പോൾ സ്വന്തക്കാർക്കെല്ലാം എതിർപ്പായിരുന്നു. അതും ഒരു ശിക്ഷ തന്നെയാണെന്നായിരുന്നു തീർപ്പ്. ' വർഗ്ഗത്തിലായാലും അഷ്ടിക്ക് മുട്ടില്ലല്ലോ എന്നായിരുന്നു അയാളുടെ ശരി.**

ഒരു കാര്യം ചോയ്ക്കട്ടെ? ങ്ങളെ കണ്ടാല് കോയ്യോളൊക്കെ ഓടിയൊളിക്കുംന്ന് പറയണത് ശര്യാ'' ?

## 4

മകനായാൽപ്പോലും തൊഴിലിനെക്കുറിച്ചുള്ള തമാശ ഇഷ്ടപ്പെടാതെ അയാൾ പറഞ്ഞു: ''അത് ആ പറഞ്ഞോൻറെ ബപ്പാനെ കണ്ടാലാവും''.

അത് ശരിയാണെന്ന് കൊട്ടയിലെ കോഴികൾ കലപിലകൂട്ടി. മുത്തു ഏന്തിവലിഞ്ഞ് പുറത്തേക്ക് തല നീട്ടിയ പൂവ്വന് ഒരു കിഴുക്ക് കൊടുത്ത് തൃപ്തനായി.

ചില പ്രത്യേക സ്ഥലങ്ങളിൽ കോഴികൾക്കായി അത്തുണ്ണി കൂവുന്നത് യാന്തികമായിട്ടാണ്. ''കോയിണ്ടാ... കോയ്'' സ്കൂളെത്തിയപ്പോൾ അതുപോലൊരു കൂവലാണുണ്ടായത്. അവധി ദിവസമായതിനാൽ സ്കൂൾ മറുപടി പറയാതെ നില കൊണ്ടു. പകരം മുത്തു മനസ്സിൽ പറഞ്ഞു: ''കോയി തൂറാൻ പോയ്, അതുകേട്ടപോലെ അത്തുണ്ണിയ്ക്ക് ദേഷ്യം വന്നു. ''ചെക്കാ, ഇയ്യ് മുമ്പില് നടന്നോ''.

അവൻ ചിരിയമർത്തി പറഞ്ഞു: ''ങ്ങ ളെന്നെ നടന്നോളീ''.

തർക്കത്തിനിടയിൽ കുട്ടയിലെ കനം കൊണ്ട് അവൻ തടഞ്ഞുവീണതും രക്ഷപ്പെടാൻ ശ്രമിച്ച കോഴികൾക്ക് മേലേ അത്തുണ്ണി പറന്നിറങ്ങി. മുത്തുവിന് ചിരിയ്ക്കാതിരിയ്ക്കാനായില്ല. ''എടാ ബലാലെ, ആ പൂവനെ പിടിക്കെടാ''. അയാൾ ആക്രോശിച്ചു. പക്ഷെ അവൻറെ ന്യായീകരണം മറ്റൊന്നാണ്. കൊട്ടയിലേയ്ക്ക് തന്നെ മടങ്ങിവരാൻ കോഴികൾക്കും ബാധ്യതയില്ലേ?.

കടലിനോട് സന്ധി ചെയ്താണ് നബീസുവും, ഉമ്മയും, കുറെ കോഴികളും വീട്ടിൽ കഴിയുന്നത്. തെങ്ങോലകൊണ്ടുള്ള വേലിയ്ക്ക് പുറത്ത് മുത്തുവിനെ കണ്ടാൽ ബാപ്പ കാണാതെ അവൾ കളിയാക്കാറുണ്ട്. ''കോയി....

അവളുടെ പറമ്പിലെ പാലമരം വെട്ടിമാറ്റിയിരുന്നു. ആ ശൂന്യതയിലേയ്ക്ക് കടൽച്ചൂരുള്ള ആകാശം തൂങ്ങിനിന്നു. മുത്തു സങ്കടപ്പെട്ടു: ''ന്ത് രസേർന്ന്''!

നബീസു അന്വേഷിച്ചു, ';ന്ത്?'

മുത്തു ചോദിച്ചു: ''പാലപ്പൂ അനക്ക് ഇഷ്ടം ല്യേ ? ക്ക് പെരുത്തിഷ്ടാ അവൾ കളിയാക്കി: ''അൻറെ മേല് വല്ല ജിന്നും കൂടീട്ടുണ്ടാവും. ൻറെ ഇക്ക സൗദീന്ന് വര്ണ്ണ്ട് കല്യാണത്തിന്. അനക്ക് ഞാൻ അറബികൾ പൂശ്ണ് അത്തറ് തരണ്ട്. ഭൂമീലെ എല്ലാ പൂക്കൾടെ ചൂരും ള്ള അത്തറ്'

അവൻ വിട്ടുകൊടുത്തില്ല. ''ക്ക് സുവർക്കത്തിലെ പാലപ്പൂവിൻറെ അത്തറ് മതി. നമ്പൂരി അത്തുണ്ണിയെ ഉണർത്തി ആട്ടെ, താനൊന്നും പറഞ്ഞില്യ. മോനെ ഞാൻ കണ്ടീർന്നു.

അവനെ എല്ലാർക്കും വല്യ ഇഷ്ടാ. നല്ലോം പണിയെടുക്കും. അതുകഴിഞ്ഞാ ഒരു ഭാഗത്ത് മിണ്ടാണ്ടിരിക്കും. പാവം! അയാൾ തുടർന്നു. കയ്യിൻറെ മസിലൊക്കെണ്ടല്ലോ അയാൾ ഉണക്കകമ്പുപോലുള്ള കൈകൾ മടക്കി നിവർത്തി. മുത്തു ഇതുപോലെ ചെയ്താല് പൂച്ചക്കുട്ടികള് ഉരുണ്ടുകളിക്കും. മിടുക്കൻ!

'ൻറെ മോൻ പാവന്ന്യാ നമ്പൂരിശ്ശാ', അത്തുണ്ണി പറഞ്ഞു: 'വഴീല് ഒരു പൂവ് കണ്ടാല് അതന്നെ നോക്കി നിക്കും. അവ്ട്ന്ന് മാറണെങ്കി ആരെങ്കിലും വന്ന് ഉന്തണം. ചെക്കന് പാലപ്പൂവ് വല്യ ഇഷ്ടാർന്ന്. ഓൻറെ ഉമ്മാക്കും അതെ' പറഞ്ഞുതീർന്നതും അയാൾ തേങ്ങി. ';ക്ക് ൻറെ മോനെ ഒന്ന് കാട്ടി തര്വോ?'. നമ്പൂരി പറഞ്ഞു:'കാണാം. വഴീണ്ടാക്കാം. കൊറച്ചീസം അവൻ തന്നെണ്ടാവും';

'കണ്ടാൽ പോര നമ്പൂരിശ്ശാ, ഒരു രാത്ര്യങ്കിലും ക്ക് ൻറെ കുട്ട്യോടൊപ്പം കയിയണം' പരമാവധി നിയന്ത്രിച്ചുകൊണ്ട് നമ്പൂരി പറഞ്ഞു:';എന്താ താൻ പറേണ്. ഇത് ജയിലാ.

വീടും ഹോട്ടലും ഒന്നല്ല. അത്തുണ്ണി അതു കേട്ടില്ലെന്നുതോന്നുന്നു.

5

ഇല്ല്യെങ്കി ന്ത് ചെയ്യണന്ന് ഇക്കറിയാം. കൊല്ലം രണ്ടാവാറായി ൻറെ കുട്ടീനെ പെരേന്ന് പിടിച്ചോണ്ടുപോയിട്ട്. ജയിലീന്ന് പൊറത്തെറങ്ങാനല്ലേ പറ്റാണ്ടുള്ളൂ. അകത്താവാൻ ഈ അത്തുണ്ണി വിചാരിച്ചാലും പറ്റും' നമ്പൂരിക്ക് പ്രയാസമായി. ';ഇത് പറയാനാ താൻ ഇല്ലത്ത് വന്നത്?. സമാധാനിക്കെടോ.

ഇത്രയോക്കെ ആയില്ല്യേ ?. അന്വേഷിച്ച് വേണ്ടത് ചെയ്യാം';. അയാൾ തുടർന്നു: താൻ ഇക്കാര്യത്തിന് നടന്ന് ബുദ്ധിമുട്ടണ്ട. ഞാൻ തൻറെ വീട്ടില് വരാം. അത്ര ദൂരൊന്നുല്യല്ലോ.

അങ്ങാടീടെ ഏത് ഭാഗത്തോ വീട്?' 'അങ്ങാടീല് വന്ന് ആരോട് ചോയ്ച്ചാലും കാണിച്ചുതരും'. ഒന്നു നിർത്തി അത്തുണ്ണി തുടർന്നു: ഇല്ല്യെങ്കീ വേണ്ട, കോയിവളം വിക്കണ ൻറെ ഷെഡ് അവടെണ്ട്. അതിൻറെ മുമ്പില്.'അത്തുണ്ണ്യോട് ചോയിക്കാതെ കോയിക്കാട്ടം എടുക്കരുത്' ന്ന് എയ്ത്യെ വല്യ പലകണ്ട്. തൊട്ട് പെറകിലാണ് പെര. ങ്ങള് വരാണെങ്കില് ഇമ്മിണി വൈകണ്ട.



**ക്ക് ൻറെ മോനെ ഒന്ന് കാട്ടി തര്വോ?'. നമ്പൂരി പറഞ്ഞു:'കാണാം. വഴീണ്ടാക്കാം. കൊറച്ചീസം അവൻ തന്നെണ്ടാവും'. 'കണ്ടാൽ പോര നമ്പൂരിശ്ശാ, ഒരുരാത്ര്യങ്കിലും ക്ക് ൻറെ കുട്ട്യോടൊപ്പം കയിയണം' പരമാവധി നിയന്ത്രിച്ചുകൊണ്ട് നമ്പൂരി പറഞ്ഞു:';എന്താ താൻ പറേണ്. ഇത് ജയിലാ. വീടും ഹോട്ടലും ഒന്നല്ല. അത്തുണ്ണി അതു കേട്ടില്ലെന്നുതോന്നുന്നു.**

ഇതിനേക്കാൾ കൃത്യമായ ഒരു ദിശാ സൂത്രമുണ്ടാകില്ലെന്ന് നമ്പൂരി പുഞ്ചിരിച്ചു.

ഇല്ലത്തു നിന്ന് മടങ്ങുമ്പോൾ അത്തുണ്ണിയ്ക്കൊരു സംശയം: പാലകളെ തിരയുന്നത് തനിക്കും ഒരു ശീലമാകുന്നുണ്ടോ? മുത്തുവിന് കൊടുക്കാറുള്ള ശാസന സ്വയമൊന്ന് നടത്തിനോക്കി: കാൽക്കല് നോക്കി നടക്ക് മനിശാ!

'ആരെയാ ങ്ങള് ചീത്ത പറേണ് ? ആരേം കാണാല്യല്ലോ'. നബീസുവാണ്. തൻറെ കോഴിക്കച്ചവടം നിന്നുപോയതിനാൽ അവളുടെ കോഴികൾ ചിക്കിയും ചിനക്കിയും ദീർഘായുസ്സ് ആഘോഷിക്കുവാൻ തുടങ്ങിയിരുന്നു. അവൾ ചോദിച്ചു: 'അത്തുണ്ണി മുത്തു വന്നാ?' അനക്ക് തോന്നുമ്പോ വരാൻ ഓൻ കൊച്ചീലും കൊയിലാണ്ടീലും ഒന്വല്ലല്ലോ എന്ന് പറയാനാണ് ആദ്യം വിചാരിച്ചത്. നബീസു തുടർന്നു: 'ക്ക് ങ്ങളോടൊരുകാര്യം പറയാണ്ട്. ൻറെ ഒരു സമാധാനത്തിന്.'

അയാൾ നിന്നു. അവൾക്ക് സമാധാനം വേണം. അത് അനുവദിക്കാനായി താൻ പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ടതില്ല. വെറുതെ കേട്ടുനിന്നാൽ

മതിയാവും. കൊടുക്കുന്തോറും കുറയാൻ തൻറെയടുത്ത് അതില്ലാത്തത് എത്ര ഭാഗ്യം!

നബീസു കിതച്ചു. ';ൻറെ പെരെന്ന് പൊന്ന് കട്ട ആളെ പിടിച്ചു, അത്തുണ്ണിക്കാ';ത്, അതിന് ഞാനെന്തുവേണം?' സമാധാനത്തിലേക്കുള്ള അവളുടെ പ്രവേശന വഴി അത്തുണ്ണിയ്ക്ക് പിടിച്ചില്ല. അത് കാര്യമാക്കാതെ അവൾ തുടർന്നു: ';നിക്കാഹിൻറെ തലേന്ന് മോന്തിക്ക് അത്തറ് വാങ്ങാനാണ് മുത്തു ൻറെ പേരെല് വന്നത്. ഞാൻ പറ ഞ്ഞിട്ട്. അപ്പോത്തന്നെ പോവും ചെയ്തു. അവൾ സങ്കടത്തോടെ തുടർന്നു: 'ഓനെ ആരോ ചതിച്ചതാ';.

ഇത്തവണ അയാൾക്ക് മനസ്സിനെ ശാസിക്കേണ്ടി വന്നില്ല.

കാര്യകാരണങ്ങളെക്കുറിച്ചുള്ള ചിന്ത കാലഹരണപ്പെട്ടുകഴിഞ്ഞതിനാൽ. യാത്ര പറയാനായി പെട്ടെന്നു തന്നെ അയാൾക്കൊരു ചോദ്യം കിട്ടി: 'ന്ന്ട്ട് മൂത്തൂന് മോള് അത്തറ് കൊടുത്തീർന്നോ ? കൊടുത്തെന്ന് അവൾ തലയാട്ടി.

വീടെത്തി. മുത്തുവിൻറെ മുറിയിലേയ്ക്കാണ് അയാൾ ആദ്യം പോയത്. ചെന്നയുടൻ മുത്തു കിടന്നിരുന്ന പായയെടുത്ത് ചുരുൾ നിവർത്തി. ക്ഷീണമുണ്ടെങ്കിലും ഉറക്കം വരുന്നില്ല. മുറിയുടെ മൂലയിൽ അവൻറെ തകരപ്പെട്ടിയിരിക്കുന്നു. തുറക്കുമ്പോൾ തകരത്തിൻറേതായ മുരൾച്ചയൊന്നുമില്ലാത്ത പാവം പെട്ടി. അത് സമ്മാനിച്ച ഉറുമാലുമായി

6

അയാൾ എഴുന്നേറ്റിരുന്നു. ഉറുമാലിൻറെ കെട്ടിലെ മുറുക്കത്തിൽ മോൻ കാത്തുവെച്ച മണമിരിക്കുന്നു! ആ മണത്തിലും, അവൻറെ മനസ്സിലും തൊട്ടു കൊണ്ട് അയാൾ കുറച്ചു നേരം കണ്ണടച്ചിരുന്നു.

അത്തുണ്ണിയുടെ വലിയ പരസ്യപ്പലക അങ്ങാടിയെ ചെറുതാക്കിക്കൊണ്ട് ഉയർന്നു നിൽക്കുന്നത് നമ്പൂരി എളുപ്പത്തിൽ കണ്ടുപിടിച്ചു. കരിക്കട്ടയിലുള്ള അക്ഷരത്തെറ്റുകൾ അയാളുടെ കച്ചവടത്തെ നന്നായി പരസ്യപ്പെടുത്തുന്നുണ്ടാവും.

തെറ്റുകൾക്കുവേണ്ടി കരിക്കട്ട തന്നെ തെരഞ്ഞെടുത്തതും നന്നായി. മൂന്നാം ക്ലാസ്സുവരെ അത്തുണ്ണി തൻറെ സതീർത്ഥ്യനായിരുന്നു. രാജ്യത്തിൻറെ നാലതിരുകൾ ഏതെന്ന് സാമൂഹ്യപാഠത്തിൻറെ മാഷ് ചോദിച്ചപ്പോഴൊക്കെ ഒരതിർ മാത്രമേ അയാൾ പറയുമായിരുന്നുള്ളൂ-പടിഞ്ഞാറ് അറബിക്കടൽ. അടികൊണ്ടാലും പടിഞ്ഞാറിൽ ഉറച്ചുനിന്ന് മറ്റതിരുകളെ തൻറെ ജ്ഞാനത്തിൽ നിന്നും അകറ്റിനിർത്താൻ അയാൾ

> **ഇല്ലത്തു നിന്ന് മടങ്ങുമ്പോൾ അത്തുണ്ണിയ്ക്കൊരു സംശയം: പാലകളെ തിരയുന്നത് തനിക്കും ഒരു ശീലമാകുന്നുണ്ടോ? മുത്തുവിന് കൊടുക്കാറുള്ള ശാസന സ്വയമൊന്ന് നടത്തിനോക്കി: കാൽക്കല് നോക്കി നടക്ക് മനിശാ!**

ക്ക് വാശിയുള്ളപോലെ! പിന്നീടെപ്പോഴോ സ്കൂളുപേക്ഷിച്ച് നാലിലേതോ അതിരിലൂടെ അയാൾ ജീവിതത്തിലേക്ക് ഒളിച്ചു കടക്കുകയാണുണ്ടായത്. നമ്പൂരി കയറിച്ചെന്നപ്പോൾ വലിച്ചുകൊണ്ടിരുന്ന ബീഡിയുടെ ചോർച്ചയിൽ തുപ്പല് തേച്ച്, പുകയുടെ സ്രോതസ്സ് ഭദ്രമാക്കുകയായിരുന്നു അത്തുണ്ണി, ബീഡി കമ്പനിയെ ശപിച്ചുകൊണ്ട്.

'ഇന്ന് പൊറത്തൊന്നും പോയില്യേ?' വിനയത്തോടെ എഴുന്നേറ്റു നിന്ന അയാളോട് നമ്പൂരി ചോദിച്ചു.

'ഇല്യ. പഴയപോലെ ഊരുതെണ്ടാനൊന്നും വയ്യ';.

'മകൻറെ പേര് മുസ്തഫ. മുത്തൂന്ന് വിളിക്കും. ഇപ്പോ വയസ്സ് ഇരുപത്. കുറ്റം-മോഷണം.

ശര്യല്ലേ?. ഉറപ്പുവരുത്തിയ ശേഷം നമ്പൂരി തുടർന്നു; അവനോട് ഞാൻ സംസാരിച്ചു.

ഇല്ലത്തൊക്കെ വന്നിട്ട്ണ്ട്ന്ന് പറഞ്ഞു. കാലാവധി തീരാൻ ഇനി അധികല്യല്ലോ, അത്തുണ്യേ.';

'ക്ക് ഇനി അതൊന്നും കേക്കണ്ട, നമ്പൂരിശ്ശാ';, അയാളുടെ വാക്കുകൾ കരച്ചിലിന് സമീപമെത്തി മുറിഞ്ഞു പോയി. അത്തുണ്ണിയുടെ നരച്ച് ഇടതൂർന്ന കൺപീലികൾ ആദ്യമായിട്ടെന്നപോലെ നമ്പൂരിയുടെ ശ്രദ്ധയിൽ പെട്ടു. അതിൽ നിന്നും വാർദ്ധക്യം ചോർന്നിറങ്ങി അയാളുടെ കണ്ണുകൾ കലങ്ങിയിട്ടുണ്ട്. പിന്നീടൊരു തേങ്ങലാണ്.'; ൻറെ കുട്ടീടെ ചെല്ലപ്പേര് മുഴുവനും വിളിച്ചു തീർന്നിട്ടില്ല. നമ്പൂരിശ്ശാ';

അയാളുടെ തോളിൽ നിന്നും കയ്യെടുത്ത് നമ്പൂരി ആശ്വസിപ്പിച്ചു. തന്നെ കരയിക്കാനല്ല ഞാൻ വന്നത്. വൈന്നേരം വന്നോളൂ. ഞാനവിടെ ണ്ടാവാം.'

അക്ഷരത്തെറ്റുകളെ നോക്കാതെ തിരിച്ചുനടക്കുമ്പോൾ അയാൾ സ്വയം ചോദിച്ചു: അത്തുണ്ണി വിളിച്ചു തീരാത്ത ചെല്ലപ്പേരുകളിൽ ഒരു പൂവുണ്ടോ ? ഉണ്ടെങ്കിൽ അതിന്

പാലപ്പൂവിൻറെ മണമായിരിക്കട്ടെ. വെയിലാറിയിട്ടും സബ്ജയിലിൻറെ വരാന്തയിലെ ചൂട് കുറഞ്ഞിട്ടില്ല. ഓഫീസിനു പുറത്ത് നമ്പൂരി കൊടുത്ത ഡെറിയിൽ അത്തുണ്ണി ഇരുന്നു, ഉറുമാലും അതിലെ അത്തറു സൂക്ഷിച്ച കുരുക്കും കീശയിൽ ഭദ്രമാണെന്ന തൃപ്തിയോടെ. അയാളുടെ മുഖത്തെ ശാന്തത കണ്ടപ്പോൾ മുറുക്കാൻ വായിലിട്ടുകൊണ്ട് നമ്പൂരി അടഞ്ഞുകിടന്നിരുന്ന ജനൽ തുറന്നു. പടിഞ്ഞാറ് അറബിക്കടൽ.


7

'കടൽ അലറുന്നത് കേട്ടീലേ? കടലിന് മൂത്ത പിരാന്താണേ' പാടുന്നത് അത്തുണ്ണിയാണ്, മലയാളം ക്ലാസ്സിൽ. ഇരുട്ടിന് കനം പെരുത്തു. ഗന്ധതന്മാത്രകൾക്ക് പൊട്ടിയൊഴുകാനായി പൂക്കളുടെ നിശാഗ്രന്ഥികൾ പരുവപ്പെടുന്ന നേരമായി. മെല്ലെ അതിൻറെ ഉറവയിലേയ്ക്ക് അത്തുണ്ണി ചാഞ്ഞു









# മനുഷ്യൻ ഇ-കുടിലിൽ...

## ബോബ് ഹണ്ടർ അന്നേ പറഞ്ഞത് ഇന്ന് യാഥാർത്ഥ്യം

◉ സനൂബ് ശശീധരൻ

ബോബ് ഹണ്ടർ, അത്രയൊന്നും ഒരുപക്ഷെ നമ്മളിൽ പലർക്കും പരിചയമുള്ള പേരല്ല ഇത്. ബ്രിട്ടീഷ് കൊളംബിയയിലെ അയോകോ നിവാസി. കനേഡിയൻ മാധ്യമപ്രവർത്തകൻ. തീരുന്നില്ല പരിസ്ഥിതി സംരക്ഷണയജ്ഞങ്ങളുടെ കനേഡിയൻ ഹീറോ കൂടിയാണ് അദ്ദേഹം. ലോകപ്രശസ്ത പരിസ്ഥിതി സംഘടനയായ ഗ്രീൻ പീസ് മൂവ്മെൻറിൻറെ സ്ഥാപകനും ആദ്യ പ്രസിഡൻറായിരുന്നു റോബർട്ട് ലോൺ ഹണ്ടർ എന്ന ബോബ് ഹണ്ടർ. വാരിയേഴ്സ് ഓഫ് റെയിൻബോ എന്നതടക്കമുള്ള പല പുസ്തകങ്ങളുടേയും രചയിതാവ്. തൻറെ ഇരുപതാം വയസിൽ എറിബസ് എന്ന നോവൽ രചിച്ച് എഴുത്തിൻറെ ലോകത്തേക്ക് കടന്ന എഴുത്തുകാരൻ.

ഈയിടെ യാദൃശ്ചികമായി ഒരു മാഗസിനിൽ അദ്ദേഹത്തിൻറെ ഒരു ആർട്ടിക്കിൾ കണ്ടു. 1985 ഓഗസ്റ്റിൽ ഇറങ്ങിയ ഡിസ്കവറി (VOLUME 13, NO 8) എന്ന ഇംഗ്ലീഷ് മാഗസിനിൽ അദ്ദേഹം എഴുതിയ COPING WITH COMMUNICATION BREAKDOWN, TELEPORTS, THE SPACE AGE ANSWER TO COMMUNICATION PROBLEMS എന്ന ലേഖനം ഇപ്പോൾ വായിക്കുമ്പോൾ വലിയ അത്ഭുതവും വിജ്ഞാനപ്രദവുമാണ്. പ്രത്യേകിച്ചും ഒരു മാധ്യമപ്രവർത്തകനെന്ന നിലയിൽ.

ലോകത്ത് മാറിവരുന്ന ആശയസംവേദന സാങ്കേതികമേഖലയെ കുറിച്ചായിരുന്നു ആ ലേഖനം.

ടെലിപോർട്ടുകൾ ന്യൂയോർക്ക് നഗരത്തിൽ ആദ്യഘട്ട സ്ട്രീം ചെയ്യുന്നതിന് ഏകദേശം ഒരു വർഷം മുമ്പായാണ് ബോബ് ഈ ലേഖനം എഴുതിയത്. തല്സമയ ആശയസംവേദനത്തിനുള്ള മാർഗമായി വരുന്ന ടെലിപോർട്ടുകൾ ഈ രംഗത്തിന് വേഗത പകരുമെന്ന് ബോബ് അന്നേ പറഞ്ഞു. ഇതിലെന്താണ് ഇത്ര അത്ഭുതപ്പെടാൻ എന്നാവും ചിന്ത.

ഇതിലെ ഒരു പരാമർശവും അതിനെന്ത് ഭാവിയിൽ സംഭവിച്ചുവെന്നതുമാണ് പറയാൻ വരുന്നത്. ലേഖനത്തിൽ ന്യൂയോർക്ക് ഡെപ്യൂട്ടി മേയറായിരുന്ന കെന്നത് ലിപ്പറിൻറെ പരാമർശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. അതിങ്ങനെയാണ്. നാളെ ലോകത്തിലെ എല്ലാ നഗരത്തിലും ടെലിപോർട്ടർ എത്തും. എയർപോർട്ടില്ലാത്ത എല്ലാ ഒരു നഗരവും ഇല്ലാത്തത്പോലെ. എന്നാൽ ഇത് ഭാവിയിൽ വ്യവസായാനന്തര ഇലക്ട്രോണിക്ക് കുടിൽ (POST INDUSTRIAL ELECTRONIC AGE) കാലത്തേക്ക് മനുഷ്യനെ കൊണ്ടുപോകില്ല. മനുഷ്യൻ അപ്പോഴും പണിസ്ഥലത്തെത്തിതന്നെ പണിയെടുക്കും. അല്ലാതെ കംപ്യൂട്ടർ ഓഫീസുമായി ബന്ധപ്പെടുത്തി വീട്ടിലിരുന്ന് അവരുടെ ജോലിചെയ്യുക എന്നത് സംഭവിക്കില്ല എന്ന്.

ഈ അഭിപ്രായത്തോട് ഹണ്ടർ അനുകൂലിച്ചിരുന്നില്ല എന്നത് വ്യക്തമാണ്. ബോബ് ഹണ്ടർ ലേഖനം അവസാനിപ്പിച്ചത് ഇപ്രകാരമാണ്.

ഭാവിയുടെ വ്യാപാരരീതി ഇത് തന്നെയായിരിക്കും എന്നുറപ്പാണ്. കാത്തിരുന്നുകണ്ടോളൂ.

അന്നേ ഹണ്ടർ മുൻകൂട്ടി കണ്ടിരുന്നു ലോകം എങ്ങോട്ടാണ് സഞ്ചരിക്കുന്നതെന്ന്. ദീർഘവീക്ഷണത്തോടെയുള്ള ആ ലേഖനം ഇന്ന് യാഥാർത്ഥ്യമായി എനിക്ക് മുന്നിൽ തുറന്നിരിക്കുന്നു.

നോക്കു, നാല് പതിറ്റാണ്ടിനിപ്പുറം മനുഷ്യൻ വീട്ടിലിരുന്ന വർക്ക് ഫ്രം ഹോമായും ഹൈബ്രിഡ് മോഡലിലുമെല്ലാം പണിയെടുക്കുന്നു. ടെലിപോർട്ടറിൽ നിന്ന് ഇൻറർനെറ്റിലേക്കും വിപിഎന്നിലേക്കുമെല്ലാം വളർന്ന ആശയസാങ്കേതിക വിദ്യ മനുഷ്യരെ എവിടെയെത്തിച്ചുവെന്ന് നോക്കുക.

അന്ന് പ്രവചിച്ചത് യാഥാർത്ഥ്യമാവുന്നത് കാണാൻ അദ്ദേഹം പക്ഷെ ഉണ്ടായില്ല. 2005 ൽ അദ്ദേഹം നിരന്തരമായ പാരിസ്ഥിതിക പോരാട്ടങ്ങളുടെ ഭൂമികയിൽ നിന്ന് വിടവാങ്ങി. അതിനും പതിനഞ്ച് വർഷങ്ങൾക്കിപ്പുറം 2020 ൽ മഹാമാരിയുടെ കാലത്ത് , അദ്ദേഹം പ്രവചിച്ചത് പോലെ, ലോകം വീട്ടിലിരുന്നു പണിയെടുത്തു.


LAWSON
travel
Enjoy Your
Vacations
With Us
214-631-2458
www.LawsonTravel.com

● ചെറുകഥ



വര :
പി ആർ രാജൻ

# വരൂ, നമുക്ക് സബർമതിയിലേക്ക് പോകാം

◉ ബിജു മേലുപുരത്ത്

തന്നെ റഹീമെന്നോ രമേഷെന്നോ പത്രോസെന്നോ വിളിച്ചോളാൻ ഫർസാനയോട് അയാൾ പറഞ്ഞു. അമിതമായി മദ്യപിച്ച അന്ന്, കാലുകൾ ഭൂമിയിൽ ഉറപ്പിച്ചു നിറുത്തുവാൻ പാടുപെടുന്ന അയാളുടെ ദയനീയാവസ്ഥ കണ്ട് കോപം സഹിക്കാനാവാതെ വന്നപ്പോഴാണ് ഫർസാന പേര് മറന്നുപോയത്. അയാളുടെ സിരകളിലൊഴുകുന്ന ലഹരിയുടെ ഇരട്ടി കലിപ്പിലായിരുന്നു അപ്പോൾ ഫർസാന. ചെരിഞ്ഞ് തൂങ്ങിയ തോളിൽ കലുക്കി അവൾ പറഞ്ഞു.

''പേര് ഞാൻ ചിലപ്പോഴൊക്കെ മറന്ന് പോകുന്നത് നിന്റെ വൃത്തികെട്ട ഈ സ്വഭാവം കാരണമാണ്. നീയിനി ഒരു പക്ഷേ മുത്തുനബിയുടെ വിശ്വസ്ഥനായ തങ്ങളോ, ബദറിൻ ഷെഹീദായ ശുഹദാക്കളോ ഒക്കെയാകട്ടെ, അതൊന്നുമല്ലല്ലോ ഇവിടത്തെ കാര്യം ...'



ദേഷ്യം അടക്കാനാവാതെ ഫർസാന നിന്നു വിറച്ചു. വിളക്കുകാലിനരികിലൂടെ ഒരു ലക്ഷ്യവുമില്ലാതെ മനുഷ്യർ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. മറന്നു പോയ വീടും നാടും ഭോജനശാലകളും, ശൗചാലയങ്ങളുമന്വേഷിച്ച് തെക്ക് വടക്ക് നടക്കുന്നുവെന്നാണ് അവരെ കണ്ടാൽ തോന്നുക. നിരത്തിലേക്ക് വീണ ഇരുൾ പുറമ്പോക്ക് ഭൂമി കണ്ടെത്തിയ പോലെ അയാളുടെ മുഖത്തെ പാതിയും മറച്ചു.

''നിനക്കപ്പോൾ അയാളോട് പറയാമായിരുന്നില്ലേ, ഇത് യു.പി.

**"നിനക്കപ്പോൾ അയാളോട് പറയാമായിരുന്നില്ലേ, ഇത് യു.പി.യൊന്നുമല്ലെന്ന്...! കസ്റ്റമറാണെന്ന് പറഞ്ഞാലും എല്ലാത്തിനും ഒരു പരിധിയില്ലേ..?" ഫർസാനയുടെ രോഷം നെരിപ്പോടുപോലെ എരിഞ്ഞു കൊണ്ടിരിക്കുകയാണ്. അവൾക്കതിൽ അതിയായ വേദനയുണ്ട്.**

യൊന്നുമല്ലെന്ന് ...! കസ്റ്റമറാണെന്ന് പറഞ്ഞാലും എല്ലാത്തിനും ഒരു പരിധിയില്ലേ..?'' ഫർസാനയുടെ രോഷം നെരിപ്പോടുപോലെ എരിഞ്ഞു കൊണ്ടിരിക്കുകയാണ്. അവൾക്കതിൽ അതിയായ വേദനയുണ്ട്.

വിളക്കുകാലിൽ ഊർന്ന് അയാൾ നടപ്പാതയിലെ സിമന്റ് തറയിലിരുന്നു. കുറച്ചപ്പുറത്ത് വസൂരിക്കാലത്ത് ശവപറമ്പിൽ കൊണ്ടിട്ട



അനാഥശവങ്ങളെ പോലെ കുറേപേർ മൂടി പുതച്ച് കിടന്നുറങ്ങുന്നു. നഗരത്തിൽ അങ്ങനെ കുറേ പേരുണ്ട്. നേരം വെളുത്തുടനെ തന്നെ വേഗം ഇരുട്ടാകണേ എന്ന് പ്രാർത്ഥിച്ച് നടക്കുന്നവർ. പകലിനെ വെറുക്കുന്നവർ. അണിഞ്ഞ മുഖംമൂടികൾ അഴിച്ചുവക്കുന്നത് ഇരുട്ടിലാണ്. ഇരുട്ടിനെ ചുമക്കുകയും, പ്രണയിക്കുകയും, സ്വപ്നം കാണുകയും ചെയ്യുന്നവരുടെ അഭയസ്ഥാനമാണ് നഗരങ്ങൾ. എത്ര പെട്ടന്നാണ്

**'...സായുധരായ പട്ടാളക്കാരുടെ മുന്നിൽ നിരായുധനായി നിന്ന ആ സാധു മനുഷ്യൻ ലക്ഷക്കണക്കിനാളുടെ സ്വാതന്ത്ര്യാഭിവാഞ്ചയെ ഉണർത്തിയത് അഹിംസയെന്ന മന്ത്രം ചൊല്ലിയാണ്. അല്ലാതെ ... ഇവരിന്ന് ചെയ്യും പോലെയൊന്നും സ്പർധ വളർത്തിയല്ല. തീർച്ചയായും അദ്ദേഹം മാത്രമാകും വിഭജനം നടക്കുമ്പോൾ കരഞ്ഞു കാണുക."**

ഇവിടെ ഓരോന്നും മാറിക്കൊണ്ടിരിക്കുന്നത്. ഒരു മജീഷ്യന്റെ റോളാണ് നഗരത്തിനെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. പ്രത്യേകിച്ചും രാത്രികളിൽ. കണ്ണുകൾക്കെന്നും വിസ്മയ കാഴ്ചകളൊരുക്കുന്ന തിരക്കിലാവും നഗരമെപ്പോഴും.

ഷഫി ഇനി എണീൽക്കില്ല. ഫർസാനക്ക് ഭയമായി. നേരും നെറിവും ഡിസംബറിലെ ഏതോ




**നഗരത്തിൽ അങ്ങനെ കുറേ പേരുണ്ട്. നേരം വെളുത്തുടനെ തന്നെ വേഗം ഇരുട്ടാകണേ എന്ന് പ്രാർത്ഥിച്ച് നടക്കുന്നവർ. പകലിനെ വെറുക്കുന്നവർ. അണിഞ്ഞ മുഖംമൂടികൾ അഴിച്ചുവക്കുന്നത് ഇരുട്ടിലാണ്. ഇരുട്ടിനെ ചുമക്കുകയും, പ്രണയിക്കുകയും, സ്വപ്നം കാണുകയും ചെയ്യുന്നവരുടെ അഭയസ്ഥാനമാണ് നഗരങ്ങൾ. എത്ര പെട്ടന്നാണ് ഇവിടെ ഓരോന്നും മാറിക്കൊണ്ടിരിക്കുന്നത്. ഒരു മജീഷ്യന്റെ റോളാണ് നഗരത്തിനെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. പ്രത്യേകിച്ചും രാത്രികളിൽ. കണ്ണുകൾക്കെന്നും വിസ്മയ കാഴ്ചകളൊരുക്കുന്ന തിരക്കിലാവും നഗരമെപ്പോഴും.**

രാവിൽ ലഹരിക്കു അടിയറവു വച്ച ഇവന്റെ വാക്ക് വിശ്വസിച്ച് ഇക്കണ്ട ദൂരമത്രയും ഓട്ടോ പിടിച്ചു വന്ന തന്നെ പറഞ്ഞാൽ മതിയല്ലോ എന്ന് പരിതപിച്ച് ഫർസാന നിരത്തിലേക്കിറങ്ങി.

മഞ്ഞണിഞ്ഞ ഒരു ഡിസംബറിലെ ആറാം രാവിലാണ് ഷഫി മദ്യപാനം ആരംഭിച്ചതെന്ന് ഫർസാനക്കറിയാം. ആ ദിവസം അങ്ങനെ യാർക്കും മറക്കാൻ പറ്റില്ലല്ലോ..!

ഒട്ടേറെ വിശേഷണങ്ങൾ സമ്മാനിക്കുന്ന മാസമാണല്ലോ ഡിസംബർ. ലോകത്ത് പലയിടത്തും മൈനസ് സീറോയിലേക്ക് താപനില മാറുന്നു എന്നതാണ് ഡിസംബറിലെ ഏറ്റവും വലിയ പ്രത്യേകത.

വർഷങ്ങൾക്ക് മുൻപ് കാനഡയിൽ പോയപ്പോഴാണ് ഡിസംബറിനെ ഇത്രയും സുന്ദരിയായി താൻ കണ്ടത്. ഫർസാന ഓർത്തു. കനേഡിയൻ പ്ലാസയിൽ, ശീതീകരിച്ച ഇരുപത്തിമൂന്നാം നിലയിലെ തുറന്ന വിന്റോക്കരുകിലിരുന്നു കൊണ്ട് ശിശിരത്തിന്റെ ചുംബനമേറ്റ് ഇലപൊഴിഞ്ഞ് നിൽക്കുന്ന മേപ്പിൾ മരങ്ങൾ കണ്ട ഓർമ്മ മറക്കാനാകില്ല. അതിനു താഴെ പ്രണയത്തിന്റെ സ്പർശനം കൊതിച്ചു കിടക്കുന്ന മര ബെഞ്ചുകളുണ്ട്. അതിനുമീതേക്ക് താണിറങ്ങുന്ന മഞ്ഞിൻ ശകലങ്ങൾ ചെറു ചിറകുകൾ വിടർത്തി ആരുടെയൊക്കയോ നിശ്വാസം പോലെ പാറി പറന്നു നടക്കുന്നു.

അതിനുമപുറത്ത് ബീച്ച്, വിപ്പിങ്ങ് വില്ലോ , മേപ്പിൾ, പൈൻ മരങ്ങൾ വെള്ളപുതച്ചു നിൽക്കുന്ന കാഴ്ചയുമുണ്ട്. മുടിയഴിച്ചു നിൽക്കുന്ന മെലിഞ്ഞ സ്ത്രീയെ പോലെയാണ് വീപ്പിങ്ങ് വില്ലോകൾ. അവിടെ നിന്നു പോന്നതിൽ പശ്ചാതാപമുണ്ട്. വിരഹ ദുഃഖമാണ് ഏറ്റവും വലിയ വേദനയെന്ന് തോന്നിയപ്പോൾ ആരോടുമൊന്നും പറയാതെ തിരിച്ചു പോന്നു.

എന്നാൽ ഷഫിയെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊക്കെയുള്ള ഡിസംബർ വളരെ വെറുക്കപ്പെട്ട ഒന്നാണ്..! അവന്റെ വാക്കുകൾ കടമെടുത്താൽ, 'നൂറ്റാണ്ടുകൾ പഴക്കമുള്ള മിനാരങ്ങൾ സ്മൃതിപഥങ്ങളി




ഇടങ്ങളിലേക്ക് പാലായനം ചെയ്യപ്പെടേണ്ടി വരികയും ചെയ്യുന്ന മനുഷ്യരെക്കുറിച്ചോർത്തു നോക്കിയിട്ടുണ്ടോ.. അവരെപ്പോഴും ന്യൂനപക്ഷമായിരിക്കും. അവരെല്ലായ്പ്പോഴും വേട്ടയാടപ്പെട്ടുകൊണ്ടേയിരിക്കും. ലോകത്ത് പലയിടത്തും ഇന്നും ഇതെല്ലാം നടക്കുന്നുണ്ട്. ഉറ്റവരും ഉടയവരും എന്നു വേണ്ട, സ്വത്തും , ജീവനും വായുവും, വെള്ളവും സംസ്കാരവും മറ്റാർക്കോ വേണ്ടി നഷ്ടപ്പെടുത്തേണ്ടി വരുന്ന ഒരു ജനതയുടെ നൊമ്പരം ആരറിയാൻ. അതിനിടയിൽ അക്രമവും ലഹളയും കൂടിയായാലോ. പരസ്പരം വാളെടുത്ത് പൊരുതിയതും, മരിച്ചു വീണതും, ചുടുരക്തം കൊണ്ട് ഭൂമിയെ കണ്ണീരണിയിച്ചതുമെല്ലാം ഒന്നിനു വേണ്ടി മാത്രം. മതത്തിനു വേണ്ടി മാത്രം. സായുധരായ പട്ടാളക്കാരുടെ മുന്നിൽ നിരായുധനായി നിന്ന ആ സാധു മനുഷ്യൻ ലക്ഷക്കണക്കിനാളുടെ സ്വാതന്ത്ര്യാഭിവാഞ്ഛയെ ഉണർത്തിയത് അഹിംസയെന്ന മന്ത്രം  ചൊല്ലിയാണ്. അല്ലാതെ ... ഇവരിന്ന് ചെയ്യും പോലെയൊന്നും സ്പർധ വളർത്തിയല്ല. തീർച്ചയായും അദ്ദേഹം മാത്രമാകും വിഭജനം നടക്കുമ്പോൾ കരഞ്ഞു കാണുക.''

**എന്നാൽ ഷഫിയെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊക്കെയുള്ള ഡിസംബർ വളരെ വെറുക്കപ്പെട്ട ഒന്നാണ്..! അവന്റെ വാക്കുകൾ കടമെടുത്താൽ, 'നൂറ്റാണ്ടുകൾ പഴക്കമുള്ള മിനാരങ്ങൾ സ്മൃതിപഥങ്ങളിലേക്ക് മറിച്ചിട്ട മാസമാണീ കറുത്ത ഡിസംബർ..!'**

ലേക്ക് മറിച്ചിട്ട മാസമാണീ കറുത്ത ഡിസംബർ..!'

പേന മാത്രം ഏന്താറുള്ള കൈകളിലന്ന് വിദേശമദ്യത്തിന്റെ കാലിയാകാറായ ഒരു കുപ്പിയുണ്ടായിരുന്നു. മസ്ജിദ് തകർക്കപ്പെട്ടതിൽ അവന് അതിയായ സങ്കടമുണ്ടെന്ന് വ്യക്തം. പ്രതീക്ഷകളുടെ സിംബലുകളാണ് തകർക്കപ്പെടുന്നത്.

ഇന്ത്യാവിഭജനത്തിന്റെ പൊള്ളുന്ന യാഥാർത്ഥ്യങ്ങളാണ് ഷഫിയുടെ മനസിൽ പിന്നീടെപ്പോഴും. എത്ര തന്നെ തിരുത്താൻ ശ്രമിച്ചാലും മാഞ്ഞു പോകാത്ത ചിലത് ചരിത്രത്തിലവശേഷിക്കും. അവൻ പറയും.

''അതുവരെ ഉറ്റവരെന്നു കരുതിയവർ ഒരു രാത്രി കൊണ്ട് വർഗ്ഗശത്രുക്കളായി മാറിയത് ഒരേയൊരു ചിന്ത കൊണ്ടു മാത്രമല്ലേ...?'' വേച്ച് ഒപ്പം നടന്ന അവൻ പറഞ്ഞു കൊണ്ടേയിരുന്നു.

''അതിരുകളില്ലാതിരുന്നിടത്ത് പെട്ടന്ന് അതിരിടുകയും തായ് വേര് വരെ പറിച്ചെടുത്ത് കൽപിക്കപ്പെട്ട

ഷഫിയെ ഇത്രയധികം വികാരാധീനനായി അന്നു മാത്രമേ കണ്ടിട്ടുള്ളൂ. അവനൊപ്പംകുറേ നേരം നടന്നു. സമയം വല്ലാതായപ്പോൾ പോരേണ്ടി വന്നു. എന്നോടൊപ്പം വരാൻ അവൻ തയ്യാറായില്ല. ഈ

രാത്രി എന്നെ തനിച്ച് വിടൂ എന്നവൻ കെഞ്ചി. മിനാരങ്ങളിൽ വീണ ആയുധങ്ങളുടെ ആക്രോശങ്ങളും, ആളുകളുടെ അട്ടഹാസങ്ങളും മാത്രമേ അവന്റെ കാതുകളിലുള്ളൂ. അവനൊരു പക്ഷേ, ആ നിരത്തിൽ തന്നെ അന്ന് കിടന്നുറങ്ങി കാണണം. പിന്നീടതൊരു ശീലവുമായി.

ഞങ്ങളുടെ ഓഫിസിന് രണ്ട് കെട്ടിടങ്ങൾക്കപ്പുറത്താണ് പള്ളി സ്ഥിതി ചെയ്യുന്നത്. വളരെ പഴക്കമുള്ള പള്ളിയാണ്. പഴക്കമെന്ന വാക്ക് പോലും ഭീഷണിക്കിരയാകുന്ന കാലം.

അന്ന് പതിവുപോലെ അസർ ബാങ്ക് വിളി ഉതിർന്ന നേരം...

ഓഫീസിൽ കുറികൾ നടക്കുന്നതും ഇതേ നേരത്താണ്. പണമിടപാടുകളൊക്കെ കഴിഞ്ഞിട്ട്. ഷഫിയുടെ തൊട്ടുമുന്നിലിരുന്ന സുകുമാരവർണ്ണൻ ബാങ്ക് വിളി കേട്ടതും കലി തുള്ളിക്കൊണ്ട് എണീറ്റതും ഒന്നിച്ചായിരുന്നു. എന്താണ് സംഭവിച്ചതെന്നറിയാതെ ഫർസാനയും ഷഫിയും മറ്റ് രണ്ട് ജീവനക്കാരും പരസ്പരം നോക്കി.

അപ്പോൾ സബർമതിയുടെ തീരങ്ങളിൽ വെയിൽ ചാഞ്ഞു കിടന്നിരുന്നു. തന്റെ അനുയായികളുടെ സംശയനിവാര ണങ്ങൾക്ക് മറുപടി പറയാനായി ബാപ്പു ഇരിക്കാറുള്ള ആശ്രമത്തിനുമുന്നിലെ കരിങ്കൽ പടവ് അത് കേട്ട് വേദനിച്ചാകണം ഒന്നിളകി.

എല്ലാവരുടേയും കൺമുന്നിലൂടെയാണ് അരക്ഷിതാവസ്ഥയിലകപ്പെട്ട നിരാലംബയായ കൊറ്റിയെപോലെ ആ ബാങ്ക് വിളി പേടിച്ചരണ്ട് കടന്നുപോയത്. അയാളാണെങ്കിൽ പീന്തവയറും കലുക്കി ക്ഷോഭത്തോടെ അതിനു പിന്നാലെ പായുകയും ചെയ്യുന്നു.

''ഇതിനെയൊന്ന് പിടിച്ചുകെട്ടാൻ ഇവിടാരുമില്ലേ..?'' കോപം അടക്കാനാവാതെ സുകുമാരവർണ്ണൻ നിന്നു വിറച്ചു.രോമകൂപങ്ങൾ എഴുന്നേറ്റു. മൂക്കിൻ തുമ്പ് ചുവന്നുതുടുത്തു. അയാൾ അടുത്ത് കണ്ട ഇടപാടുകാരോടായി പറഞ്ഞു.

''ഇവിടായതു കൊണ്ടാ ഇതൊക്കെ നടക്കുന്നേ. ഇവിടം വിട്ടാ വിവരമറിയും. അല്ലാ, എന്ത് തെമ്മാടിത്തരാന്ന് നോക്ക്യേ. ഇവർടെ ഒച്ചേം ബഹളോം നമ്മ സഹിക്കണംന്നോ...? ക്രിസ്ത്യാനികള് ചെയ്യണപോലെ പള്ളിക്കുള്ളില് തന്നെ ഇതൊക്കെ കേൾപ്പിച്ചാ പോരെ...?''

ആരും ഒന്നും പറഞ്ഞില്ല. കേട്ടുനിന്നവരൊക്കെ തല കുമ്പിട്ടു. രാജവാഴ്ചയിൽ പ്രജകൾ നിശ്ശബ്ദരായതുപോലെ.

ഷഫി ഫർസാനയോട് പറഞ്ഞു.'' എന്റെ കയ്യിലൊന്ന് നുള്ളാമോ...'

'എന്തിനാ...?'' ഫർസാന ചോദിച്ചു.

''ഞാൻ യു.പി.യിലൊന്നുമല്ല ഇരിക്കുന്നതെന്ന് വിശ്വസിക്കാനാ..!''

''കഷ്ടം..! അയാളോട് രണ്ട് വർത്തമാനം പറയാൻ നിനക്കു കഴിയുന്നില്ലല്ലോ..'' അയാളുടെ വർത്തമാനം കേട്ട് ഫർസാനക്ക് ദേഷ്യമായി.

'' അയാൾ നമ്മുടെ നല്ലൊരു കസ്റ്റമറല്ലേ...?''

ഷഫിക്ക് അങ്ങനെ പറയാനേ അപ്പോൾ കഴിഞ്ഞുള്ളൂ.

''കസ്റ്റമറാണെന്ന് കരുതി എന്ത് പറഞ്ഞാലും നിശ്ശബ്ദരായിരിക്കണോ..?'' ഫർസാന വിടുന്നമട്ടില്ല.

''നിശബ്ദതക്ക് പലവിധമുള്ള അർത്ഥങ്ങളുണ്ട്...!'' ഷഫി ന്യായീകരിച്ചു.

' പിന്നെ, നിശ്ശബ്ദതക്ക് ഒരേയൊരു അർത്ഥമേയുള്ളൂ. സറണ്ടറിങ്ങ്...' ഷഫിയുടെ കഴിവുകേടിനെ പരിഹാസ്യപ്പെടുത്തും വിധം ഫർസാന പറഞ്ഞു. ഷഫി നിശ്ശബ്ദതയുടെ താഴ്വരയിലേക്ക് വീണ്ടും മടങ്ങി.

വൈകുന്നേരങ്ങളിൽ ഷഫിയെ വിളിച്ചിട്ട് കാര്യമില്ലെന്നറിയാം. മിക്കവാറും അവൻ ടൗണിൽ അടിച്ചു പൂസായി അലഞ്ഞുനടക്കുന്നുണ്ടാകും. ഉച്ചതിരിഞ്ഞു നടന്ന സംഭവങ്ങൾ ചില്ലറ അമർഷമൊന്നുമല്ല ഫർസാനയിൽ വരുത്തിയത്. ഓർക്കുന്തോറും വിഷമവും വിങ്ങലും മനസിനകത്ത് കൂടുകൂട്ടുന്നു. എന്തൊരു ആഭാസനാണയാൾ, പിടിച്ചു നിറുത്തി കരണത്ത് രണ്ട് പൊട്ടിക്കാണ് വേണ്ടത്. ഇരിപ്പുറക്കാതായപ്പോഴാണ് ഷഫിയെ വിളിച്ചത്. ഷഫി അപ്പോൾ നോർമ്മലായിരുന്നുവെന്ന് തോന്നി. അവൻ പറഞ്ഞു.

''നീയതു വിട്ടില്ലല്ലേ.. ഏതായാലും വിളിച്ചത് നന്നായി. ഞാൻ പട്ടണത്തിലുണ്ട്. അയാളിപ്പോൾ ബാറിനകത്തേക്ക് കയറി പോകുന്നത് കണ്ടു. എന്തെങ്കിലുമൊരു ഓട്ടോ പിടിച്ച് നീയിങ്ങ് പോര്. ഇവിടെ വച്ച് നമുക്കയാളോട് സംസാരിക്കാം..''

അതുകേട്ടപ്പോൾ ഫർസാനക്ക് സന്തോഷമായി. അയാളോട് കടുപ്പത്തിൽ രണ്ട് വർത്തമാനം പറഞ്ഞാൽ മനസിന്റെ ഭാരം ഒഴിഞ്ഞ് കിട്ടും. പിന്നെ അമാന്തിച്ചില്ല. അറിയാവുന്ന ഓട്ടോക്കാരനെ വിളിച്ചു വരുത്തി പട്ടണത്തിലേക്കിറങ്ങി.

ഷഫിയെ കണ്ടുപിടിക്കാൻ കുറച്ചു ബുദ്ധിമുട്ടി. കാണാൻ സാധ്യതയുള്ള പലയിടത്തും ചെന്നു നോക്കി. ബാറുകളായ ബാറുകൾക്കു മുന്നിലും, പാർക്കിലും സിനിമാശാ

**നീണ്ടു മെലിഞ്ഞ ഫർസാനയുടെ വലതുകരം അപ്പോൾ ഏതോ കാന്തികവലയത്തിലകപ്പെട്ടപോലെ ഷഫിയുടെ ഇടത്തേ കൈത്തലത്തിനുള്ളിലൊളിച്ചു. സ്നേഹം കൂടുമ്പോൾ അവളവനിലേക്ക് ചായുന്നത് ആദ്യമായല്ല. അവൾ പറഞ്ഞു." ബാപ്പുവിനെ പഠിക്കുകയെന്നു പറഞ്ഞാൽ ഒരു സമുദ്രത്തിലേക്കിറങ്ങുന്നതു പോലെയാണ്. ദൈവത്തെ മതത്തിൽ നിന്നും മോചിപ്പിക്കാനല്ലേ അദ്ദേഹം ശ്രമിച്ചത്."**

ലകൾക്കു മുന്നിലുമെല്ലാം. രക്ഷയില്ല. ഒടുവിൽ തിരിച്ചുപോരുമ്പോൾ കണ്ടു. വിളക്കുകാലിൽ തൂങ്ങി... വിശ്വസിക്കാൻ പ്രയാസം തോന്നി.!

ഒരു ദിവസം വൈകീട്ട് ബീച്ചിലെ പൂഴിമണലിൽ പാദങ്ങൾ പൂഴ്ത്തി നടക്കുന്നതിനിടയിൽ ഷഫി ഫർസാനയോട് ചോദിച്ചു.'' ബാപ്പൂനെ ക്കുറിച്ചുള്ള പഠനമെന്തായി ...?''

കഴിഞ്ഞ ആഴ്ചയിലാണ് പുസ്തകവില്പനക്കാരൻ പ്രസാദണ്ണൻ ഉച്ചതിരിഞ്ഞ് ഓഫീസിലെത്തിയത്. ഷഫി നന്നായി വായിക്കുന്ന കൂട്ടത്തിലായതുകൊണ്ട് അയാൾ എല്ലാ മാസവും വരും. മാസത്തിൽ കുറച്ചു കാശ് കൊടുക്കും. ഓരോ മാസവും

**"അയാളെ കാണണ്ടേ...?" "നിനക്കിതെന്തിന്റെ സൂക്കേടാ ഷഫീ. അയാളെ വീട്ടിൽ കയറി തല്ലിയാൽ ആ നിമിഷം നമ്മളകത്താകില്ലേ. ഇനി അതുകൊണ്ടെന്തെങ്കിലും പ്രയോജനമുണ്ടോ. അന്ന് അയാളുടെ വർത്തമാനം കേട്ട് ആരെങ്കിലും എതിർത്തൊരു വാക്ക് പറഞ്ഞോ. നീയുൾപ്പെടെ...' ഷഫിക്ക് മറുപടിയുണ്ടായില്ല. ഫർസാനയും അകലേക്ക് വെറുതെ നോക്കി നിന്നു. "ഭയമാണ് എല്ലാവർക്കും." ഫർസാന പറഞ്ഞു. "അവരുടെ സംസാരത്തിൽ ഭയപ്പെടുത്തലിന്റെ വകഭേദമുണ്ട്..!"**

മൂന്നും നാലും പുസ്തകങ്ങളെടുക്കും. അന്ന് ഷഫി ഒരു പുസ്തകം മാത്രമാണ് എടുത്തത്. അതപ്പോൾ തന്നെ ഫർസാനക്ക് കൈമാറി കൊണ്ട് പറഞ്ഞു.

''ഇതു വായിക്കൂ. ഇപ്പോൾ വായിച്ചിരിക്കേണ്ട പുസ്തകം ഇതാണ്.!''

എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ അങ്ങനെയാണ് ഫർസാന വായിക്കാൻ തുടങ്ങിയത്.

''അടുക്കുന്തോറും വളർച്ച പ്രാപിക്കുന്ന പ്രതിഭാസമാണ് ബാപ്പു.'' ഫർസാന പറഞ്ഞു.

''അദ്ദേഹത്തിന്റെ പ്രാർത്ഥനാ വേദികൾ ശ്രദ്ധിച്ചില്ലേ...?''

''അതിനെക്കുറിച്ച് ആലോചിക്കുമ്പോഴാണ് മറ്റൊന്ന് കണ്ടെത്താനാവുന്നത്. ബാപ്പുവിന്റെ രാമരാജ്യം എന്താണെന്ന് എത്ര പേർക്കറിയാം. രാമൻ, ദൈവം, ഹിന്ദു രാജ്യം ഇതൊക്കെ എന്താണെന്ന് ചർച്ച ചെയ്യപ്പെടേണ്ട സമയമാണിപ്പോൾ.''

ഫർസാന ഉത്സാഹത്തിലായി. ഷഫിയെ ഇങ്ങനെയൊക്കെ കിട്ടുന്നത് അപൂർവ്വം ചില അവസരങ്ങളിൽ മാത്രമാണ്. മദ്യപിച്ചില്ലെങ്കിൽ ഷഫിയെപോലെ ഡീസന്റായൊരു മനുഷ്യൻ ഈ ലോകത്തുണ്ടാവില്ലെന്ന് ഫർസാനക്കറിയാം.

ഷഫിപറഞ്ഞു.

''അതെ. ദൈവം സത്യമാണെന്നല്ല ബാപ്പു പറഞ്ഞത്. സത്യം ദൈവമാണെന്നാ... ദൈവം സത്യമാണെന്ന് പറഞ്ഞാ ദൈവം ഉണ്ടെന്നാവില്ലേ...?''

നീണ്ടു മെലിഞ്ഞ ഫർസാനയുടെ വലതുകരം അപ്പോൾ ഏതോ കാന്തികവലയത്തിലകപ്പെട്ടപോലെ ഷഫിയുടെ ഇടത്തേ കൈത്തലത്തിനുള്ളിലൊളിച്ചു. സ്നേഹം കൂടുമ്പോൾ അവളവനിലേക്ക് ചായുന്നത് ആദ്യമായല്ല.

അവൾ പറഞ്ഞു.'' ബാപ്പുവിനെ പഠിക്കുകയെന്നു പറഞ്ഞാൽ ഒരു സമുദ്രത്തിലേക്കിറങ്ങുന്നതു പോലെയാണ്. ദൈവത്തെ മതത്തിൽ നിന്നും മോചിപ്പിക്കാനല്ലേ അദ്ദേഹം ശ്രമിച്ചത്.''

''മതം അവിശ്വാസിയെ വേറിട്ടു നിറുത്തി അപരത്വം നിർമ്മിക്കുമ്പോൾ ബാപ്പുവിന്റെ പ്രാർത്ഥനാ വേദികൾ അപരത്വത്തെ അപനിർമ്മിക്കാൻ ശ്രമിക്കുന്നു.'' ഷഫി ഫർസാനയെ ചേർത്തുപിടിച്ചുകൊണ്ട് ഓർമ്മിപ്പിച്ചു.

അസ്തമയത്തിന്റെ ചുമപ്പ് അവിടെയാകെ പരന്നപ്പോഴാണ് അവർ തിരിച്ചു പോന്നത്. കടലിന്റെ മറുതലക്കൽ നിന്നും പറന്നു വരുന്ന അരണ്ടകളെ കണ്ട് ഷഫി പറഞ്ഞു.

''നീയതു കണ്ടോ... എത്ര ദൂരെ നിന്നാണവർ വരുന്നത്. ഒരു പക്ഷേ വൻകരകൾക്കപ്പുറത്തു നിന്നാകാം. ഒരു വലിയ കൂട്ടമാണവർ. നാമിന്ന് അവരെ പോലെയാണെന്നാണല്ലോ പലരും പറയുന്നത്. നുഴഞ്ഞുകയറി, പെറ്റുപെരുകി, ആൾബലം കൂട്ടുന്ന രാജ്യദ്രോഹികൾ...!''

ഷഫിയെ അന്ന് മദ്യത്തിനു വിട്ടുകൊടുക്കില്ലെന്ന് ഫർസാന തീരുമാനിച്ചിരുന്നു. ഒരു ബാറിനു മുന്നിലെത്തിയപ്പോൾ അവൻ സ്കൂട്ടറ് നിറുത്തി.

'എന്തിനാണ് നിറുത്തിയത്...?'' അവൾ അവന്റെ അരയിൽ മുറുകെപിടിച്ചു.

അവനൊന്നും പറഞ്ഞില്ല.

''വേണ്ട..''

അവളവനെ വിട്ടില്ല. ഷഫിക്ക് അവളെ അനുസരിക്കേണ്ടിവന്നു. നഗരത്തിലെ ഈർപ്പമുള്ള ഇരുൾ ഫർസാനയെ നോക്കി പല്ലിറുമി. ഇരുവശത്തും ഓക്ക് മരങ്ങളെ പോലെ വളർന്നു നിന്ന കെട്ടിടങ്ങളുടെ ഡിജിറ്റൽ ലൈറ്റ് ബോർഡുകളിൽ നിന്നും ചൊരിയുന്ന കണ്ണഞ്ചിപ്പിക്കുന്ന നിറങ്ങളിൽ കണ്ണുനട്ട് ഫർസാന ഷഫിയുടെ ചുമലിൽ കിടന്നു.

പിറ്റേന്ന് രാവിലെ ഓഫീസിൽ വച്ച് ഫർസാന ഷഫിയോട് ചോദിച്ചു.

''ബാപ്പുവിനെ വരക്കാനെളുപ്പമാണ്. ബാപ്പുവിന്റെ ദർശനങ്ങളെ സിംബലൈസ് ചെയ്യാനാവുമോ...?''

''പിന്നെയെന്താ. ഇന്ത്യൻ സ്വതന്ത്ര്യ സമരത്തെ നയിച്ച പ്രധാന സിംബൽ തന്നെ ചർക്കയല്ലേ. മത ചിന്തയൊന്നും ഏശാത്ത ചർക്ക. ഇന്നിപ്പോഴെന്താ സ്ഥിതി...?''

ഓഫീസിലപ്പോൾ ആളൊഴിഞ്ഞ നേരമായിരുന്നു. അപ്രതീക്ഷിതമായാണ് ഷഫിയിൽ നിന്നും മറ്റൊരു ചോദ്യമുയർന്നത്.

''നമ്മളെന്നാ വിവാഹിതരാകുന്നത്...?''

ഫർസാന അത് കേട്ട് അമ്പരന്നു. അവളവനെ ആദ്യമായി കാണും പോലെ തുറിച്ചു നോക്കി. അവൾ പറഞ്ഞു.

''നിന്നെ കെട്ടാൻ മാത്രം ഞാനെന്താ അത്ര മന്ദബുദ്ധിയാണോ. എത് നേരവും മദ്യപിച്ചു നടക്കുന്ന നിന്നെ നിക്കാഹ് ചെയ്യാൻ എത് പെണ്ണാടാ വരാ.  കുടിച്ച് കുടിച്ച് പ്രതികരിക്കാനുള്ള ശേഷിയും കൂടി ചെക്കന് നഷ്ടമായി...?''

''ഓ... നീയാ സുകുമാര വർണ്ണനെ ഇതുവരെ വിട്ടില്ലേ..?'' ഷഫി പോകാൻ ബാഗെടുത്തു കഴിഞ്ഞു.

''ഇല്ല..! അത്രമാത്രം ഞാനന്ന് വേദന അനുഭവിച്ചിട്ടുണ്ട്.''  ഫർസാനയും കമ്പ്യൂട്ടർ ഓഫ് ചെയ്ത് എന്നീറ്റു.

''ശരി. എങ്കിൽ വാ. അയാളെ കണ്ടിട്ടേ ഇനി മറ്റെങ്ങോട്ടും പോകുന്നുള്ളൂ. നേരെ അയാളുടെ വീട്ടിലേക്ക് പോകാം. വിളിച്ചിറക്കി കരണത്ത് രണ്ട് കൊടുത്തിട്ട് തന്നെ ബാക്കി കാര്യം.''

ഷഫി എന്തിനും തയ്യാറായാണ് നിൽക്കുന്നതെന്ന് ഫർസാനക്കപ്പോൾ തോന്നി. ഓഫീസിന്റെ ഡോറ് പൂട്ടി സ്കൂട്ടറിനടുത്തേക്ക് നടന്നു പോകുന്ന അവന്റെ തിടുക്കം കണ്ടാൽ ആ തയ്യാറെടുപ്പ് മനസിലാക്കാം. അവൻ സ്കൂട്ടറ് സ്റ്റാർട്ട് ചെയ്ത് അവളെ വിളിച്ചു.

''വേഗം വാ..''

ഫർസാന ചോദിച്ചു.

''എങ്ങോട്ടാ..?''

''അയാളെ കാണണ്ടേ...?''

''നിനക്കിതെന്തിന്റെ സൂക്കേടാ ഷഫീ. അയാളെ വീട്ടിൽ കയറി തല്ലിയാൽ ആ നിമിഷം നമ്മളകത്താകില്ലേ. ഇനി അതുകൊണ്ടെന്തെങ്കിലും പ്രയോജനമുണ്ടോ. അന്ന് അയാളുടെ വർത്തമാനം കേട്ട് ആരെങ്കിലും എതിർത്തൊരു വാക്ക് പറഞ്ഞോ. നീയുൾപ്പെടെ...'

ഷഫിക്ക് മറുപടിയുണ്ടായില്ല.



ഫർസാനയും അകലേക്ക് വെറുതെ നോക്കി നിന്നു.

''ഭയമാണ് എല്ലാവർക്കും.'' ഫർസാന പറഞ്ഞു. ''അവരുടെ സംസാരത്തിൽ ഭയപ്പെടുത്തലിന്റെ വകഭേദമുണ്ട്..!''

''പിന്നെന്താണ് ചെയ്യേണ്ടത്...?''

നാട്ടിലേയും നഗരത്തിലേയും നിരത്തുകളിൽ മറവി രോഗം ബാധിച്ച് സ്വന്തം ഊരും പേരും തേടി  നടക്കുന്ന മനുഷ്യരുടെ പ്രതിനിധിയെ പോലെ ഷഫി ചോദിച്ചു.

ഫർസാന കൊച്ചുകുട്ടിയെ പോലെ മന്ദഹസിച്ചു. അവൾ പറഞ്ഞു.

''നമുക്ക് സബർമതിയിലേക്ക് പോകാം. ബാപ്പുവിനെ കാണണം. ആശ്രമത്തിലെ പഞ്ചാര മണലിൽ അംബയെ പോലെ ബാപ്പുവിന്റെ വാക്കുകൾക്കായി കാതോർത്തിരിക്കണം....!''

ഉറക്കച്ചടവ് മാറി നിന്ന ഷഫിയുടെ മുഖം അപ്പോൾ പ്രസന്നമായി. അവൻ അവളെ പ്രേമപൂർവ്വം വിളിച്ചു.

'' വരൂ. നമുക്ക് സബർമതിയിലേക്ക് പോകാം...'

# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see
How much you can save with
Allstate's New Car Discount*

Allstate®
You're in good hands.



CALL
**718 831 6500**

**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years
in Insurance
Business

**We Offer 6 Hours Defensive Driving Course in NY/NJ**



● സംഗീതം /ഓർമ്മക്കുറിപ്പുകൾ

**മലയാളത്തിലെ പിന്നണി സംഗീതത്തിലെ മാറ്റങ്ങൾ കാണുകയും താരങ്ങളുമായി പ്രവർത്തിക്കുകയും വീഴ്ചകളും ഉയർച്ചകളും കാണുകയും ചെയ്ത സംഗീതകാരൻ എസ് രാജേന്ദ്ര ബാബു പാട്ടിൻറെ കാലം ഓർക്കുന്നു**

എന്റെ സംഗീത വഴികൾ – 6

# ആലാപനത്തിൽ ട്രാക്ക് സമ്പ്രദായം പിറക്കുന്നു

**എസ്. രാജേന്ദ്ര ബാബു**

എഴുപതുകളിലും എൺപതുകളിലും കോടമ്പാക്കത്ത് പ്രൊഡക്ഷൻ മാനേജർ എന്ന പേരിൽ പ്രശസ്തനായിരുന്നു കുട്ടമത്ത് കുറുപ്പ്. നിരവധി ചിത്രങ്ങളുടെ പ്രൊഡ ക്ഷൻ മാനേജരായി പ്രവർത്തിച്ചിട്ടുള്ള കുറുപ്പ് 1977–ൽ സ്വന്തമായി ഒരു ചിത്രം നിർമ്മിക്കാനുള്ള പ്രവർത്തനത്തിനു തുടക്കമിട്ടു. ഫൈവ് സ്റ്റാർ മൂവി മേക്കേഴ്സ് എന്നായിരുന്നു കമ്പനിയുടെ പേര്. കെജി ജോർജിൻറെ സംവിധാന സഹായിയായി പ്രവർത്തിച്ചിട്ടുള്ള കൃഷ്ണൻ മുന്നാടിനെ സംവിധായകനായി ചുമതലപ്പെടുത്തി.

**ട്രാക്ക് സമ്പ്രദായത്തെപ്പറ്റി ആദ്യമായാണ് എല്ലാവരും കേൾക്കുന്നത്. ഒരു പകരക്കാരൻ ഓർക്കസ്ട്രയോടൊപ്പം പാടുക. റെക്കോഡിംഗ് കഴിഞ്ഞ് സൗകര്യം പോലെ പകരക്കാരൻറെ ശബ്ദം ഒഴിവാക്കി യഥാർത്ഥ ഗായകൻറെ ശബ്ദം കൂട്ടിച്ചേർക്കുക. അത്ഭുതത്തോടെ എല്ലാവരും സൗണ്ട് എഞ്ചനീയറുടെ നിർദ്ദേശം സ്വീകരിച്ചു. അങ്ങനെ വോയ്സ് റൂമിൽ ദാസേട്ടനു പകരം ഞാൻ പാടി – കാലം ഒരു ഹിമവാഹിനി... ആദ്യത്തെ ട്രാക്ക് റെക്കോഡിംഗ്.**

നിർമ്മാണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമെന്ന നിലയിൽ മദിരാശിയിലെ തരംഗിണി സ്റ്റുഡിയോയിൽ റെക്കോഡിംഗ് തീരുമാനിച്ചു. മങ്കൊമ്പ് ഗോപാലകൃഷ്ണൻ ഗാനങ്ങൾ എഴുതി. കണ്ണൂർ രാജനാണ് സംഗീത സംവിധായകൻ.

ആദ്യദിവസം നയൻ ടു ഫൈവ് കോൾഷീറ്റിൽ (രാവിലെ ഒമ്പതു മുതൽ വൈകിട്ട് അഞ്ചു മണി വരെ) രണ്ടു ഗാനങ്ങൾ റെക്കോഡ് ചെയ്യണം. രാവിലെയുള്ള പൂജ കഴിഞ്ഞതു മുതൽ റെക്കോഡിംഗിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. കണ്ണൂർ രാജൻറെ അസിസ്റ്റൻറ് ജയശേഖർ ഓർക്കസ്ട്രയ്ക്ക് നൊട്ടേഷനും നിർദ്ദേശങ്ങ

**ഇന്ത്യയിലെ ആദ്യത്തെ ഈ പുതിയ മെഷീൻ പ്രവർത്തിപ്പിക്കാനറിയുന്ന ഏക സൗണ്ട് എഞ്ചനീയറാണ് മജീദ്. ആധുനിക ട്രാക്ക് സമ്പ്രദായത്തിൻറെ സാങ്കേതികവിദ്യ ആദ്യമായി പ്രാവർത്തികമാക്കിയ സൗണ്ട് എഞ്ചനീയറായി അദ്ദേഹം അറിയപ്പെടുന്നു. അങ്ങനെ ആദ്യത്തെ ട്രാക്ക് ഗായകനാകാനുള്ള അവസരം എനിക്കും കൈവന്നു.**

ളും നൽകിക്കൊണ്ടിരിക്കുന്നു.

കമ്പോസിംഗ് അസിസ്റ്റൻറ് ആയ ഞാൻ ഓർക്കസ്ട്രയുടെ റിഹേഴ്സലിനായി പാടിക്കൊണ്ടിരിക്കുന്നു. ഒരു അശരീരി ഗാനമാണ് ആദ്യത്തെ പാട്ട്.

കാലം ഒരു ഹിമവാഹിനി
അതിൽ ഞാനോ വെറുമൊരു
കളിത്തോണി എങ്ങോട്ടെന്നറിയില്ലൊഴുകുന്നു ഏതോ തിരകളിൽ
തലതല്ലി...

യേശുദാസാണ് പാട്ട് പാടേണ്ടത്. റിഹേഴ്സൽ പൂർത്തിയാകുമ്പോഴേക്കും അദ്ദേഹം എത്തിച്ചേരും. അതാണ് പതിവ്. സമയം കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്.

ഉച്ചയ്ക്ക് മുമ്പ് ഒരു പാട്ട് തീർക്കണം. റിഹേഴ്സൽ പൂർത്തിയാക്കി എല്ലാവരും കാത്തിരിപ്പാണ്.


നടേശനും യേശുദാസും

ദാസേട്ടനെ കാണാനില്ല. സമയം അതിക്രമിച്ചപ്പോൾ സൗണ്ട് എഞ്ചിനീയർ മജീദ് പറഞ്ഞു'; നമുക്ക് ട്രാക്ക് എടുക്കാം. റെക്കോഡിംഗ് കഴിഞ്ഞ് സൗകര്യം പോലെ യേശുവിൻറെ (ദാസേട്ടൻറെ) ശബ്ദം മിക്സ് ചെയ്യാം. ഇപ്പോൾ ബാബു ട്രാക്ക് പാടട്ടെ.'' എല്ലാവരും ഇതുകേട്ട് അമ്പരന്നു. ട്രാക്ക് സമ്പ്രദായത്തെപ്പറ്റി ആദ്യമായാണ് എല്ലാവരും കേൾക്കുന്നത്. ഒരു പകരക്കാരൻ ഓർക്കസ്ട്രയോടൊപ്പം പാടുക. റെക്കോഡിംഗ് കഴിഞ്ഞ് സൗകര്യം പോലെ പകരക്കാരൻറെ ശബ്ദം ഒഴിവാക്കി യഥാർത്ഥ ഗായകൻറെ ശബ്ദം കൂട്ടിച്ചേർക്കുക. അത്ഭുതത്തോടെ എല്ലാവരും സൗണ്ട് എഞ്ചനീയറുടെ നിർദ്ദേശം സ്വീകരിച്ചു. അങ്ങനെ വോയ്സ് റൂമിൽ ദാസേട്ടനു പകരം ഞാൻ
പാടി – കാലം ഒരു ഹിമവാഹിനി...
ആദ്യത്തെ ട്രാക്ക് റെക്കോഡിംഗ്. എട്ട് ട്രാക്കും പതിനാറ് ചാനലുകളുമുള്ള ഏറ്റവും ആധുനികമായ ടിയാക്ക് റെക്കോഡിംഗ് മിക്സർ തരംഗിണിക്കു വേണ്ടി യേശുദാസ് വിദേശത്തു നിന്ന് ഇറക്കുമതി ചെയ്തിരിക്കുകയാണ്.


ശ്യാമും രാജേന്ദ്ര ബാബുവും

ഇന്ത്യയിലെ ആദ്യത്തെ ഈ പുതിയ മെഷീൻ പ്രവർത്തിപ്പിക്കാനറിയുന്ന ഏക സൗണ്ട് എഞ്ചനീയറാണ് മജീദ്. ആധുനിക ട്രാക്ക് സമ്പ്രദായത്തിൻറെ സാങ്കേതിക വിദ്യ ആദ്യമായി പ്രാവർത്തികമാക്കിയ സൗണ്ട് എഞ്ചനീയറായി അദ്ദേഹം അറിയപ്പെടുന്നു.

അങ്ങനെ ആദ്യത്തെ ട്രാക്ക് ഗായകനാകാനുള്ള അവസരം എനിക്കും കൈവന്നു.

ഉച്ചയ്ക്കു ശേഷം റെക്കോഡ് ചെയ്ത ഗാനത്തിൻറെ ട്രാക്കും ഞാൻ തന്നെ പാടി.

വൈകുന്നേരത്തോടെ റെക്കോഡിംഗ് അവസാനിച്ചു. ഒരു ചിത്രത്തിൽ രണ്ടു ഗാനങ്ങൾ പാടാൻ അവസരം ലഭിച്ച പുതുമുഖ ഗായകൻ എന്ന് സ്റ്റുഡിയോക്കു പുറത്തു നിന്നവർ എന്നെ തെറ്റിദ്ധരിച്ചു. ഞാൻ വെറും പകരക്കാരനാണെന്നും ഇത് പുതിയ സാങ്കേതികവിദ്യയായ ട്രാക്ക് സമ്പ്രദായത്തിൽ പാടിയണെന്നും ദാസേട്ടൻ പിന്നീട് ഇത് മാറ്റിപ്പാടുമെന്നും ഞാൻ വിശദീകരിച്ചപ്പോൾ സ്റ്റുഡിയോയിൽ ഉണ്ടായിരുന്ന ഫിലിം ജേർണലിസ്റ്റ് ഹരി നീണ്ടകരയ്ക്ക് വിശ്വസിക്കാൻ പ്രയാസം. കൂടിനിന്ന മറ്റുള്ളവർക്കും കാര്യം വ്യക്തമായില്ല. പിന്നണിഗാന രംഗത്ത് അതുവരെ രംഗപ്രവേശം ചെയ്യാത്ത ഒരു ഗായകനും കൂട്ടത്തിലുണ്ടായിരുന്നു - ഉണ്ണി മേനോൻ. തികഞ്ഞ അത്ഭുതത്തോടെയാണ് ഉണ്ണി മേനോൻ ട്രാക്ക് സമ്പ്രദായത്തെ കുറിച്ച് എന്നോട് വിശദമായി ആരാഞ്ഞത്. പിൽക്കാലത്ത് അദ്ദേഹം തിരക്കേറിയ ട്രാക്ക് ഗായകനായതും തുടർന്ന് പിന്നണി ഗായകനായതും കോടമ്പാക്കത്തെ സിനിമാ ചരിത്രത്തിൽ എഴുതി ച്ചേർത്ത സുവർണ അധ്യായങ്ങൾ.



**കണ്ണൂർ രാജനും കെ ജി ജോർജും കൃഷ്ണൻ മുന്നാടും**

**അതോടെ സിനിമാ തിയേറ്റർ പോലെ വലിപ്പമുള്ള റെക്കോഡിംഗ് സ്റ്റുഡിയോകളുടെ കാലം അവസാനിച്ചു. ഒരു സിംഗിൾ ബെഡ്റൂം ഫ്ളാറ്റിൽ എല്ലാം റെക്കോഡ് ചെയ്യാനുള്ള സൗകര്യം നിലവിൽ വന്നു. ഗായകരുൾപ്പെടെ കലാകാരന്മാരെല്ലാം ഒരുമിച്ചിരുന്നു റെക്കോഡ് ചെയ്തിരുന്നപ്പോഴുണ്ടായിരുന്ന ആത്മാവുള്ള സംഗീതവും അതോടെ അസ്തമിച്ചു. മെക്കാനിക്കൽ സംഗീതത്തിന് പഴയ സംഗീതം വഴിമാറി.**

ട്രാക്ക് സൗകര്യം നിലവിൽ വന്നതോടെ സ്റ്റുഡിയോയിൽ ഗായകർക്കുവേണ്ടിയുള്ള കാത്തിരിപ്പ് അവസാനിച്ചു. വൈകിവരുന്ന ഗായകരെ കാത്തിരുന്ന് അടുത്ത റെക്കോഡിംഗിന് പോകാൻ വൈകിയിരുന്ന വാദ്യോപകരണ കലാകാര?ാർക്ക് ഇത് വലിയ ആശ്വാസമായി. ഗായകനായി ഒരു പകരക്കാരനുണ്ടെങ്കിൽ റെക്കോഡിംഗ് പൂർത്തിയാക്കാം. തുടർന്ന് വീണ, സിത്താർ, ഫ്ളൂട്ട്, ചെണ്ട, മൃദംഗം തുടങ്ങി വളരെ തിരക്കേറിയ കലാകാര?ാർക്കും ട്രാക്ക് സൗകര്യം വളരെ പ്രയോജനമായി. കംപ്യൂട്ടർ സംവിധാനം വന്നതോടെ എത്ര ട്രാക്കുകൾ വേണമെങ്കിലും ഉപയോഗപ്പെടുത്താമെന്നായി. അങ്ങനെ ഗായകർക്കു മാത്രമല്ല, ഓരോ ഉപകരണവും കൈകാര്യം ചെയ്യുന്നവർക്കും തനിയെ റെക്കോഡിംഗിൽ പങ്കെടുക്കാമെന്ന സ്ഥിതി സംജാതമായി.

അതോടെ സിനിമാ തിയേറ്റർ പോലെ വലിപ്പമുള്ള റെക്കോഡിംഗ് സ്റ്റുഡിയോകളുടെ കാലം അവസാനിച്ചു. അവയൊക്കെ ഇന്ന് കോടമ്പാക്കത്തെ ഗോഡൗണുകളോ കല്യാണ മണ്ഡപങ്ങളോ ആശുപത്രികളോ ഫ്ളാറ്റുകളോ ഒക്കെയായി പരിണമിച്ചു. ഒരു സിംഗിൾ ബെഡ്റൂം ഫ്ളാറ്റിൽ എല്ലാം റെക്കോഡ് ചെയ്യാനുള്ള സൗകര്യം നിലവിൽ വന്നു. ഗായകരുൾപ്പെടെ കലാകാരന്മാരെല്ലാം ഒരുമിച്ചിരുന്നു റെക്കോഡ് ചെയ്തിരുന്നപ്പോഴുണ്ടായിരുന്ന ആത്മാവുള്ള സംഗീതവും അതോടെ അസ്തമിച്ചു. മെക്കാനിക്കൽ സംഗീതത്തിന് പഴയ സംഗീതം

വഴിമാറി. കണ്ണൂർ രാജൻറെ തുടർന്നുള്ള പല ചിത്രങ്ങൾക്കും ഞാൻ ട്രാക്ക് ഗായകനായി.

ശ്യാം, രവീന്ദ്രൻ തുടങ്ങിയവരുടെ ഗാനങ്ങളും ദാസേട്ടനു വേണ്ടി ഞാൻ ട്രാക്ക് പാടിയിട്ടുണ്ട്. കണ്ണൂർ രാജൻ സംഗീതസംവിധാനം നിർവഹിച്ച 'ഒരു ജാതി ഒരു മതം' പാടിക്കൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് മൈക്കും ഓർക്കസ്ട്രയും നിലച്ചു.


കാര്യമറിയാതെ ഞാൻ പാട്ട് നിർത്തി. ദാസേട്ടൻ പെട്ടെന്ന് സ്റ്റുഡിയോയിൽ കടന്നു വന്നപ്പോൾ എല്ലാം നിലച്ചുപോയതാണ്. അദ്ദേഹം എത്തിയ സാഹചര്യത്തിൽ ഇനി ട്രാക്ക് പാടേണ്ടെന്ന് കണ്ണൂർ രാജൻ പറഞ്ഞെങ്കിലും ദാസേട്ടൻ എന്നെ തുടരാൻ അനുവദിച്ചു 'ഞാനൊന്ന് കേൾക്കട്ടെ, നീ പാട്.'' ദാസേട്ടൻറെ ഗംഭീര ശബ്ദം.

എനിക്കാണെങ്കിൽ ദാസേട്ടൻറെ സാന്നിധ്യത്തിൽ പാടാൻ ഒരു ചമ്മലും. പക്ഷെ അദ്ദേഹം വിട്ടില്ല. പാട്ട് പൂർണമായും എൻറെ ശബ്ദത്തിൽ തന്നെ റെക്കോഡ് ചെയ്തു.

റെക്കോഡിംഗ് കഴിഞ്ഞ് ഓർക്കസ്ട്ര പിരിഞ്ഞു പോയശേഷം ദാസേട്ടൻ പാട്ട് പാടി മിക്സ് ചെയ്തു – മംഗല്യം ചാർത്തിയ തമ്പുരാട്ടി, മധുമൊഴി തൂകുന്ന മദിരാക്ഷി...

യേശുദാസിനു മുമ്പ് പിന്നണിഗാന രംഗത്തെത്തിയ ഗായകനാണ് സീറോ ബാബു.

പക്ഷെ വേണ്ടത്ര വിജയിക്കാൻ കഴിയാതെ വന്നപ്പോൾ അദ്ദേഹം സംഗീത സംവിധാനരംഗത്ത് പ്രവേശിച്ചു. ഫാസിൽ, സത്യൻ അന്തിക്കാട് എന്നിവരുടെ ചിത്രങ്ങൾക്കു വേണ്ടി അദ്ദേഹം ഒരുക്കിയ പാട്ടുകൾ മികച്ചതായിരുന്നു. എങ്കിലും ഭാഗ്യം അദ്ദേഹത്തെ തുണച്ചില്ല. സത്യൻ അന്തിക്കാടിൻറെ 'കുറുക്കൻറെ കല്യാണം' എന്ന ചിത്രത്തിലെ 'പൊന്നോണത്തുമ്പികളും...' എന്ന ഗാനത്തിൻറെ റെക്കോഡിംഗ് നടക്കുമ്പോൾ ഞാൻ



കണ്ണൂർ രാജനും രാജേന്ദ്ര ബാബുവും

**യേശുദാസ് എത്തിയ സാഹചര്യത്തിൽ ഇനി ട്രാക്ക് പാടേണ്ടെന്ന് കണ്ണൂർ രാജൻ പറഞ്ഞെങ്കിലും ദാസേട്ടൻ എന്നെ തുടരാൻ അനുവദിച്ചു 'ഞാനൊന്ന് കേൾക്കട്ടെ, നീ പാട്." ദാസേട്ടൻറെ ഗംഭീര ശബ്ദം. എനിക്കാണെങ്കിൽ ദാസേട്ടൻറെ സാന്നിധ്യത്തിൽ പാടാൻ ഒരു ചമ്മലും. പക്ഷെഅദ്ദേഹം വിട്ടില്ല. പാട്ട് പൂർണമായും എൻറെ ശബ്ദത്തിൽ തന്നെ റെക്കോഡ് ചെയ്തു. റെക്കോഡിംഗ് കഴിഞ്ഞ് ഓർക്കസ്ട്ര പിരിഞ്ഞു പോയശേഷം ദാസേട്ടൻ പാട്ട് പാടി**

തരംഗിണിയിൽ ഉണ്ടായിരുന്നു. പി ജയചന്ദ്രനാണ് ഗായകൻ.

പക്ഷെ അദ്ദേഹം എത്തിയില്ല. എന്നാൽ ട്രാക്ക് എടുക്കാമെന്നായി. സീറോ ബാബുക്ക എന്നെ പാട്ട് പഠിപ്പിച്ചു. ഒന്നു രണ്ടു റിഹേഴ്സലിനു ശേഷം ടേക്ക് ഓകെ ആയി. മറ്റൊരു ദിവസം ജയചന്ദ്രൻറെ പാട്ട് മിക്സിംഗിനായി എല്ലാവരും സ്റ്റുഡിയോയിലെത്തി. അന്നും അദ്ദേഹം എത്തിയില്ല. സംഗീത സംവിധായകൻ വല്ലാത്ത നിരാശയിലും കോപത്തിലും ഇരിക്കുമ്പോൾ മറ്റൊരു പാട്ടിൻറെ മിക്സിംഗിനായി ദാസേട്ടൻ തരംഗിണിയിലെത്തി.

ജയചന്ദ്രൻ വന്നില്ലെന്നും പകരം യേശുദാസ് ആ പാട്ട് പാടിത്തരണമെന്നും സീറോ ബാബു അഭ്യർത്ഥിച്ചു.

ജയചന്ദ്രനു മാറ്റിവച്ച പാട്ട് താൻ പാടുന്നത് അനൗചിത്യമാണെന്നു പറഞ്ഞ് ദാസേട്ടൻ ഒഴിഞ്ഞുമാറാൻ ശ്രമിച്ചെങ്കിലും സംഗീത സംവിധായകൻറെ നിരാശയും സങ്കടവും കണ്ട് ഒടുവിൽ

ദാസേട്ടൻ വഴങ്ങി. തനിക്കു മുമ്പെ പിന്നണിഗാന രംഗത്തെത്തിയ കലാകാരനാണല്ലോ സീറോ ബാബു. ഞാൻ നേരത്തെ പാടിവച്ച ട്രാക്ക് കേട്ടാണ് ദാസേട്ടൻ പാട്ട് പഠിച്ചത്.

അദ്ദേഹം മൈക്കിനു മുന്നിൽ നിന്ന് പാടിയപ്പോൾ പാട്ടിൻറെ ഒരു ഭാഗത്ത് സംഭവിച്ച നേരിയ വ്യത്യാസം സീറോ ബാബു ചൂണ്ടിക്കാട്ടി തിരുത്താൻ ശ്രമിച്ചു. എടോ ' എന്നും 'താൻ' 'എന്നുമൊക്കെ ദാസേട്ടനെ വിളിക്കാനുള്ള സ്വാതന്ത്ര്യം സീറോ ബാബുവിനുണ്ട്. ദാസേട്ടൻറെ സീനിയർ ആണല്ലോ അദ്ദേഹം. രണ്ടുപേരും കൊച്ചിക്കാരുമാണ്. തിരുത്തൽ ശ്രമം തുടർന്നപ്പോൾ ദാസേട്ടനു പെട്ടെന്ന് ദേഷ്യമായി. അദ്ദേഹം പാട്ട് നിർത്തി വോയിസ് റൂമിൽ നിന്ന് പുറത്തിറങ്ങി. ആകെ ശോകമൂകമായ അന്തരീക്ഷം. അപ്പോഴാണ് സംഗീത സംവിധായകൻ എന്നെ കണ്ടത്. 'ദേ, ഇവനാണ് ട്രാക്ക് പാടിയത്. താൻ പാടിയത് ശരിയാണോ എന്ന് ഇവനോട് ചോദിക്ക്' സീറോ ബാബുവിൻറെ അരിശവും ദേഷ്യവും കണ്ട് ദാസേട്ടൻ ചിരിച്ചുപോയി.

ഭൂമിയും പാതാളവും പിളർന്ന് ഞാൻ താഴേക്കും പോയി! ദാസേട്ടൻ എന്നെയും കൂട്ടി വീണ്ടും വോയിസ് റൂമിലേക്ക് കടന്നു. തെറ്റിയത് എവിടെയാണെന്ന് ദാസേട്ടൻ എന്നോട് ചോദിച്ചു.

തെറ്റിയെന്നു പറയാൻ എനിക്ക് ധൈര്യമില്ല. തെറ്റിയതല്ല, ഒരു നേരിയ വ്യത്യാസം, അത്രമാത്രം. ആ സാഹചര്യം എങ്ങനെ തരണം ചെയ്തെന്ന് എനിക്കിന്നും അറിയില്ല. ദാസേട്ടൻ തെറ്റിയ ഭാഗം രണ്ടുമൂന്നാവർത്തി എന്നെക്കൊണ്ട് പാടിച്ചു.

**യചന്ദ്രനു മാറ്റിവച്ച പാട്ട് താൻ പാടുന്നത് അനൗചിത്യമാണെന്നു പറഞ്ഞ് ദാസേട്ടൻ ഒഴിഞ്ഞുമാറാൻ ശ്രമിച്ചെങ്കിലും സംഗീത സംവിധായകൻറെ നിരാശയും സങ്കടവും കണ്ട് ഒടുവിൽ ദാസേട്ടൻ വഴങ്ങി. തനിക്കു മുമ്പെ പിന്നണിഗാന രംഗത്തെത്തിയ കലാകാരനാണല്ലോ സീറോ ബാബു.**



സീറോ ബാബു



ഹരി നീണ്ടകര



ഉണ്ണിമേനോൻ

ഒടുവിൽ അദ്ദേഹം കൃത്യമായി പാടി. അതോടെ സീറോ ബാബുവിൻറെ മുഖത്ത് സന്തോഷം പടർന്നു.

പിൽക്കാലത്ത് ട്രാക്ക് ഗായകരുടെ എണ്ണം വർദ്ധിച്ചു. പിന്നണി ഗായകരാകാനുള്ള മോഹവുമായി കോടമ്പാക്കത്തെത്തുന്നവർ കോറസും ട്രാക്കും പാടുക പതിവായി.

ഇക്കൂട്ടത്തിൽ ഏറ്റവുമധികം ട്രാക്ക് പാടിയിട്ടുള്ള നടേശൻ ആയിരിക്കണം. സംഗീത സംവിധായകൻ വിദ്യാധരൻ മാസ്റ്ററുടെ സഹോദരനാണ് നടേശൻ. ജോൺസൺ, രാജാ മണി തുടങ്ങിയവരുടെ സഹായിയായി അനേകം ചിത്രങ്ങൾക്കു വേണ്ടി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. എഴുനൂറ്റി അമ്പതിലധികം ഗാനങ്ങൾ മലയാളത്തിലും തമിഴിലുമായി നടേശൻ ട്രാക്ക് പാടിയിട്ടുണ്ട്. എംഎസ് വിശ്വനാഥന് ഏറ്റവും ഇഷ്ടപ്പെട്ട ഗായകൻ കൂടിയായിരുന്നു നടേശൻ. നടേശൻ പാടിയ ട്രാക്ക് ആണ് ജോൺസൺ തൻറെ സംഗീതശേഖരത്തിൽ സൂക്ഷിച്ചിരുന്നത്.

താൻ കമ്പോസ് ചെയ്ത ഗാനങ്ങൾ യാതൊരു തെറ്റും വരുത്താതെ കൃത്യമായി പാടിയിട്ടുള്ളത് നടേശൻ മാത്രമാണെന്ന് ജോൺസൺ പലകുറി പറഞ്ഞിട്ടുണ്ട്. ആലാപനത്തിലും സംഗീത സംവിധാനത്തിലും അസാമാന്യമായ കഴിവുള്ള നടേശൻ മലയാളത്തിൽ പത്തോളം ചിത്രങ്ങൾക്ക് നടേഷ് ശങ്കർ എന്ന പേരിൽ സംഗീത സംവിധാനം നിർവഹിച്ചിട്ടുണ്ട്.

എന്നിട്ടും ആലാപന രംഗത്തോ സംഗീത സംവിധാന രംഗത്തോ പിടിച്ചുനിൽക്കാൻ അദ്ദേഹത്തിനു ഇതുവരെ കഴിയാതെ പോയത് എന്തുകൊണ്ടാണ്? സിനിമയുടെ അന്ധ കാര നിബിഡമായ കാണാപ്പുറങ്ങൾ തേടണം അതിന് ഉത്തരം ലഭിക്കാൻ.

**എഴുനൂറ്റി അമ്പതിലധികം ഗാനങ്ങൾ മലയാളത്തിലും തമിഴിലുമായി നടേശൻ ട്രാക്ക് പാടിയിട്ടുണ്ട്. എംഎസ് വിശ്വനാഥന് ഏറ്റവും ഇഷ്ടപ്പെട്ട ഗായകൻ കൂടിയായിരുന്നു നടേശൻ. നടേശൻ പാടിയ ട്രാക്ക് ആണ് ജോൺസൺ തൻറെ സംഗീതശേഖരത്തിൽ സൂക്ഷിച്ചിരുന്നത്. താൻ കമ്പോസ് ചെയ്ത ഗാനങ്ങൾ യാതൊരു തെറ്റും വരുത്താതെ കൃത്യമായി പാടിയിട്ടുള്ളത് നടേശൻ മാത്രമാണെന്ന് ജോൺസൺ പലകുറി പറഞ്ഞിട്ടുണ്ട്.**


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

● കവിത



സി ഹനീഫ്



# വെയിലാലിംഗനം

ചിന്തയാണോ
ഞാനാണോ
യാഥാർത്ഥ്യമെന്ന ചോദ്യത്തിനിട
യിൽ
വാക്കിന്റെ നിലനിൽപു പോലെ

രാവാണോ പകലാണോ
ദിവസത്തിന്റെ
അസ്തിത്വമെന്ന
നിജപ്പെടുത്താനാവാത്ത
സന്ദേഹം പോലെ

ഒരു
ദ്വൈത സാന്നിധ്യം
ജീവിതമാകെ
പിന്തുടരുന്നു.

അത്
ഉൽക്കണ്ഠകൾക്കിടയിൽ
ഒളിപ്പിച്ചു വെച്ച
നിസ്സംഗതയാവാം
ആധിയുടെ
വ്യാജ രേഖയാവാം.

പ്രണയവും
വിസ്മൃതിയും
വിരഹവുമടങ്ങിയ
ഈ നിമിഷത്തിൽ
ഞാൻ
നിർവചിക്കപ്പെട്ടിരിക്കുന്നു.

# സമോവർ

ഗൂഗിളിൽ തിരഞ്ഞപ്പോൾ
സെൽഫ് ബോയ്‌ലർ
എന്നു കാണുന്നു.
എനിക്കോ?
നീ
ഉടലാകെ
തിളക്കുന്ന നെഞ്ചകം.

അടുപ്പും
കുക്കറും പഠിപ്പിക്കാത്ത
ചില പാഠങ്ങൾ
നിന്നിലുണ്ടെന്ന് പറഞ്ഞത്
രാവിലെ പതിവുള്ള
ചായക്കോപ്പയാണ്.

പാലും പഞ്ചസാരയും
ഇല്ലാത്ത
വെറും
പാഴ്ജന്മമായെരിയുന്ന
നിനക്കും എനിക്കുമിടയിലുണ്ട്
നിതാന്തമായ നീററലിന്റെ
സാമ്യത.

അഗ്നിയായ്
ആളുന്ന ജലം
സമ്മർദ്ദത്തിന്റെ
ധൂമ നിസ്വനം
പാതിരാവിലും
കണ്ണടക്കാത്ത
പാതയോരത്തെ വിളക്കുമാടം.

എന്റെ ഹൃദയമിടിപ്പിന്റെ
തൊട്ടരികിലായ്
നീയുണ്ട്.
സൗഹൃദത്തിന്റെ
ചാരുബെഞ്ചിലെവിടെയോ
മറന്നുവെച്ച
തണുത്ത
കട്ടൻ പോലെ.

കവിത



സീന
ശ്രീവത്സൻ

# പിടച്ചിൽ

ഒന്നുംവിടാതെ
ഓർമ്മിപ്പിയ്ക്കുന്നു,
പണ്ടെന്നോ കോർത്തിട്ട ചിത്രങ്ങളെ
പിന്നെയും മുഖപുസ്തകം.

നിമിഷത്തിലൊതുങ്ങിയ
ആനന്ദങ്ങൾ,
തടുക്കാനാകാതെ
വിഴുങ്ങേണ്ടിവന്ന
പലതുമൊളിപ്പിച്ച പൊയ്ക്കാടുകൾ!

മറന്നുതുടങ്ങിയ വഴികൾ,
ചിതറിപ്പോയ നേരങ്ങൾ!
മറയ്ക്കാനാകാത്ത വികൃതികൾ.

മുറിവേൽപ്പിക്കുന്നു.
ഉപ്പുരസം പൊതിയുന്നു.

ഓർമ്മകൾ ഇര നീട്ടുമ്പോൾ
ജീവൻ ചൂണ്ടയിലെന്നപോലെ
പിടയ്ക്കുന്നു.

# JOYFUL HOME CARE

Caring for your loved ones with a joyful spirit



Joy Mekkatte
CEO

**With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us**

# 631-737-1000

SERVING SUFFOLK, NASSAU & QUEENS COUNTY

ഒരു മലയാളി സ്ഥാപനം

**MAIN OFFICE:**

1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com • www.joyfulhomecare.com

**QUEENS OFFICE:**

201-16 Hillside Ave, Hollis, NY 11423



# Save $ 894.*
# Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States**
**NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

**State Farm®**

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm

State Farm Mutual Automobile Insurance Company   State Farm Indemnity Company,
State Farm Fire and Casualty Company   State Farm General Insurance Company
1601489   Bloomington, IL

● കവിത



ആശ
പ്രഭാകരൻ



# ഇന്ദ്രിയജാലങ്ങൾ...

അനുഭവങ്ങളുടെ വെളിച്ചം
ജീവിതത്തിന്റെ മായക്കണ്ണാടി
തുളച്ചും കൊണ്ടു
ഒരാളിന്റെ തന്നെ ആത്മാവിലേക്ക് ആഴ്ന്നിറങ്ങു
മ്പോൾ,
അത് നിങ്ങളുടെ രാത്രികളെ
വെളിച്ചത്തിന്റെ തരികളാൽ
നിറയ്ക്കുമ്പോൾ..
ഒരാൾ കാണാതെ പോയ
ജീവിതത്തിന്റെ മഴവിൽ രാശികളിൽ
ചിലതൊക്കെ തെളിഞ്ഞു വന്നേക്കാം....

എന്നാൽപ്പോലും...
ഇന്ദ്രിയങ്ങളെക്കാൾ വലിയ ചതിയന്മാർ
ഈ മണ്ണിലില്ല, വിണ്ണിലും..

നിങ്ങൾ ജനിച്ചതിൽ പിന്നെ
ഓരോ നിമിഷവും
നിങ്ങളുടെ കൂടെ നിന്നുകൊണ്ടുതന്നെ
നിങ്ങളെ ഒറ്റു കൊടുത്തു കൊണ്ടേയിരിക്കുന്നു,
അവർ..
ഒരു പകലിന്റെ തെളിവിൽ
സ്നേഹം -എന്ന്
കണ്ണുകൾ നിങ്ങൾക്കു കാട്ടിത്തരുന്നത്,
വെറും ചതി മാത്രമെന്ന്
ആത്മാവ് തിരിച്ചറിയുമ്പോഴേക്കും
ഇരുട്ടു നിങ്ങളെ പൊതിഞ്ഞിട്ടുണ്ടാകും...

പ്രണയഗീതമെന്ന് കാതുകൾ കേട്ടറിഞ്ഞത്..
മരണ കാഹളമെന്ന് നിങ്ങളറിയുന്നതാകട്ടെ
നിങ്ങളുടെ തന്നെ മരണശേഷം മാത്രവും..
രുചികരം എന്നൊരിക്കൽ തോന്നിപ്പിച്ചത്
കയ്പ്പെന്നും,ചവർപ്പെന്നും
അതേ നാവ് തന്നെ തിരുത്തി പറയുമ്പോൾ..
നിങ്ങൾക്ക് ആരെയാണ് വിശ്വസിക്കാൻ കഴിയുന്നത്?

ഒരാൾ തന്നെ കാലാന്തരത്തിൽ
മറ്റൊരാളായി പരിണമിക്കുമ്പോൾ
എങ്ങനെയാണ് ഒരുവൻ
അവനവനെത്തന്നെ വിശ്വസിക്കുന്നത്???

കവിത



അനുവിന്ദ
ബാലൻ



# കട്ടെടുക്കാൻ പഠിക്കണം!

കട്ടെടുക്കാൻ പഠിക്കണം !
നിന്റെ നെഞ്ചിലെ നോവ്
നീയറിയാതെ കട്ടെടുക്കണം!
നീയുറങ്ങിയുണരുമ്പോൾ
വഴിനീളെ പരതി നടക്കണം
നോവിനെ ...
ഒടുവിലതു കളഞ്ഞു പോയെന്നറിയുമ്പോൾ
ചിരി പുതച്ച രാവും പകലും
നീ വഴികളിൽ കണ്ടെടുക്കും!
നിന്റെ നോവിനെ ഞാനെന്റെ
നെഞ്ചിനുള്ളിലെ ചെപ്പിലടച്ചു വെയ്ക്കും;
പിന്നെ നിന്റെ പുഞ്ചിരിക്ക്
നീ പോലുമറിയാതെ കാവൽ നിൽക്കും!
മറ്റാരെയും കട്ടെടുക്കാൻ അനുവദിക്കാതെ!

# ഒരു കണക്കപ്പിള്ളയുടെ (അമ്മയുടെ) ആത്മനൊമ്പരം!

അക്കങ്ങൾക്കിടയിലെവിടെയോ
ഞാൻ നിശ്ചലയായി!
അവളുടെ മുഖം മനസ്സിൽ
നിറഞ്ഞു നിന്നു...
ഹൃദയത്തിന്നടിത്തട്ടിൽ നിന്ന്
സ്നേഹവും വാത്സല്യവും ആദ്യം കിനിഞ്ഞു...
പിന്നെ മുലക്കണ്ണുകളിലൂടെ പാലുറ്റിത്തുടങ്ങി...
' മാസം മൂന്നായതല്ലേയുള്ളൂ
കട്ടിയുള്ള മുലക്കച്ച കെട്ടി വേണം വരാൻ '
എന്നുപദേശിക്കുന്ന മറ്റൊരമ്മ...
ഞാനോർത്തു; 'പാൽ കെട്ടിയമർത്തി വയ്ക്കാം
കുഞ്ഞിനെ മാറോടണച്ച്
മുലയൂട്ടാനുള്ളൊരമ്മതൻ
സ്നേഹത്തികട്ടലിനെ
ഏതിഴകൾ ചേർത്തമർത്തണം???'
അവളുടെ പാൽ കൊതിക്കുന്ന
പിഞ്ചോമന ചുണ്ടുകൾ
മുലക്കണ്ണുകളെ സ്വപ്നം കണ്ട്
പതിയെ ഉറങ്ങി...

# പറക്കുക!

നിന്റെ ചിറകുകൾ
ആരുടെയെങ്കിലും
നോട്ടത്തിനാലോ
വാക്കിനാലോ
ചുരുട്ടി ദേഹത്തോട് ചേർത്ത്
ഒളിപ്പിച്ചു വയ്ക്കാതിരിക്കുക!
ഈ ആകാശം നിനക്ക് കൂടി
അവകാശപ്പെട്ടതാണ്...
അതിൽ ഇടം കണ്ടെത്തുക!
പറന്നു കൊണ്ടേയിരിക്കുക!
കാക്കകൾ കൊത്തിപ്പറിയ്ക്കുന്നുവെങ്കിൽ
പരുന്താവുക!
ഉയരങ്ങളിലേക്ക് ചിറകുവിടർത്തി
പറന്നു കൊണ്ടേയിരിക്കുക...
ഉയരങ്ങളിലും, യാത്ര തുടങ്ങിയ
ഭൂമിയെ മറക്കാതിരിക്കുക...

● കവിത



ആനന്ദവല്ലി
ചന്ദ്രൻ



# നിഴലാട്ടം

ഉള്ളിലൊതുക്കിയ അഴൽ
കാർ മേഘക്കീറുകളായലഞ്ഞ്
അമർത്തി വെച്ച അശ്രുബാഷ്പം
വർഷബിന്ദുക്കൾ നേരെതാഴെ
ഭൂവിൽ പതിച്ച് ചിതറി.
നൊമ്പരക്കുരുതിതൻ
നിശ്വാസം തെച്ചിപ്പൂക്കളായ്;
ഓർക്കാതെ അധരക്കോണിൽ
വിരിഞ്ഞ പുഞ്ചിരിപുഷ്പ-
ക്കുല ഉലഞ്ഞപ്പോൾ
തുമ്പപ്പൂക്കളുടെ ലാസ്യനൃത്തം
പൊന്നിലാവിൽ പൂമഴയായ്.
സ്നേഹത്തിൻ മുഴുത്ത വറ്റുകൾ
ഊറ്റി പൊൻ വെയിലാക്കി
വിരഹത്തിൻ മഞ്ഞയിൽ
മുക്കുറ്റിപ്പൂക്കൾ കൂമ്പിനിന്നു.
ചിതലരിക്കും മനസ്സിൻ
മർമ്മരം ശ്വാസഗതി
തടഞ്ഞ് നീലവർണ്ണം
കലർന്ന് കാറ്റായി വീശുന്നു.

---

● കവിത



# മൗനം



ദർശന

മൗനം, മനോമുദ്രിതം ധ്യാനം, നിഗൂഢം , നിരാശ്രയം .
നിസ്സഹായതയിൽ നിന്നുരുവാർന്നു
മെല്ലെയനന്തതയെ പുൽകുന്ന യാനം .
ഞാനെന്നെ തിരയുന്ന നേരം
നിന്നെ, യീ പ്രപഞ്ചത്തെ അറിയുന്ന നേരം,
മൗനം,
മനോമുദ്രിതം യാനം.

പനീർമൊട്ടു മെല്ലവേയിതൾ വിരിയും പോലെ
നിമിഷാർദ്ധമേറും പ്രയാണം.
തീവ്രമാണത്രേ മുറിവുകൾ
ആഴത്തിൽ ഹൃദയത്തിൽ തീർക്കുന്ന കാലം.
അതിൽ നിന്നുമുറവയായ് ഒഴുകുന്നു നദിപോലെ
തിരസ്കരണത്തിന്റെ നോവ്.
പറയുന്നു നീ അഹംബോധത്തെ തിരയുന്നു,
ലോകരതേറ്റുപാടുന്നു .
അറിയാതെ പോകുന്നു നാമെന്ന പ്രകൃതിയെ,
വാഴ് വിന്റെയതിജീവന മന്ത്രം .
ആകയാൽ തനിയെ ചരിക്കുന്നു തേടുന്നു മുക്തിതൻ
പാതകൾ വീും

മൗനം, മനോമുദ്രിതം ഈ ധ്യാനം .
ഞാനു, മീ നീയും പ്രപഞ്ചവും ഒരുപോലെ
അനുഭവിച്ചറിയുന്ന സത്യം.
വാഴ് വിന്റെ നിത്യമാം സത്യം.

MALABAR PALACE RESTAURANT



# Malabar Palace

Authentic Indian Cuisine

*Flavors from the Heart with Love*







**A Taste of Tradition!**

**Authenticity on Every Plate!**

**Handpicked spices, Fresh ingredients**

***Spice, Aroma & Love***


Our chefs bring generations-old Indian recipes to life

*Homestyle cooking and flavors from the Heart with Love*

**Located at 44 Route 303, Valley Cottage, NY 10989**

**Tel:1-914-688-9000** | www.malabarpalace.us
malabarpalaceny@gmail.com

അഞ്ജലി



# നിറങ്ങൾ നൃത്തം ചെയ്യുന്ന പിറവി

## ഷാജി എൻ കരുൺ (1952 – 2025)

*ചിത്രം കടപ്പാട്: അജയകുമാർ*

മങ്കട രവിവർമ അടൂരിൻറെ ക്യാമറമാൻ എന്ന പോലെ അരവിന്ദൻറെ എക്കാലത്തെയും ക്യാമറാമാൻ ആയിരുന്നു ഷാജി എൻ കരുൺ .ഒരു സിനിമാട്ടോഗ്രഫർക്ക് ഒരു ചിത്രത്തിന് എത്ര ദൃശ്യ ഭംഗി നൽകാൻ കഴിയും എന്നതിൻറെ മകുടോദാഹരണമായിരുന്നു ഷാജിയുടെ സൃഷ്ടി .നഷ്ടങ്ങൾ സഹിച്ചും ഷാജി ആ കുട്ടുകെട്ടിൽ ഉറച്ചു നിന്നു. കാഞ്ചന സീതയിലും ചിദംബരത്തിലും എസ്തപ്പാനിലും സംവിധായകൻറെ ക്യാമറയായി അദ്ദേഹം ചലച്ചിത്രത്തിന് അപൂവ്വ ചാരുത നൽകി .

ഷാജി എൻ കരുണിൻറെ സിനിമയിലെ വലിയ സ്വാധീനം തർക്കോവ്സ്കി ആയിരുന്നു . തൻറെ ആദ്യ ചിത്രമായ പിറവിയിലെ പല ഫ്രെയിമുകൾക്കും ആ അഗാധ ഗരിമ ഉണ്ട് .അവ ആദ്യാവസാനം ഒരേ തലത്തിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. സിനിമാട്ടോഗ്രാഫർ ആയതു കൊണ്ടു ആ ദൃശ്യ മനോഹാരിത നിറഞ്ഞ സാന്നിധ്യമായി അവതരിപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.

തർക്കോവ്സ്കിയുടെ എല്ലാ സിനിമകളുടെയും കാസെറ്റ് കൈവശമുള്ള കാര്യം വലിയ അഭിമാനത്തോടെയാണ് അദേഹം പറഞ്ഞത്.ഇന്ത്യ ടുഡേ സിനിമയിലെ ഭാവി വാഗ്ദാനമായി അവതരിപ്പിച്ച അവസരത്തിലായിരുന്നു ഈ സംഭാഷണം . അന്ന് ഇവിടെ ലഭ്യമല്ലാത്ത നോസ്റ്റാൽജിയ പോലും അദ്ദേഹം അഭിമാനത്തോടെ കൈവശമാക്കിയിരുന്നു .

അടിയന്തിരാവസ്ഥയിലെ പി രാജൻ കേസിൻറെ പശ്ചാത്തലത്തിൽ മകന്റെ തിരോധാനം അന്വേഷിക്കുന്ന അഛനെ അവതരിപ്പിക്കുന്ന ഈ സിനിമ ഇന്നും ഒരു നൊമ്പരമായി നിറഞ്ഞു നിൽക്കുന്നു .ആ ചിത്രത്തിൽ കഥാപാത്രവുമായി ഇഴുകി ചേർന്ന് അഭിനയിക്കുന്ന പ്രേംജിയെ നായകനായി ലഭിച്ചതും ഒരു ഭാഗ്യം . മിസ്സിംഗ് പോലെയുള്ള സിനിമകൾ ഉണ്ടെങ്കിലും ഒരു ഇന്ത്യൻ പശ്ചാത്തലത്തിൽ രാഷ്ട്രീയ മാനവും അതിലേറെ വൈയക്തിക മാനങ്ങളും

നിറഞ്ഞ സിനിമയാണ് പിറവി .അമ്മ എല്ലാ സിനിമയിലും ഒരു പ്രധാന വികാരമാണെങ്കിൽ അഛൻ ഇങ്ങനെ ഒരു കാലത്തും മലയാളത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടില്ല .രാജൻ കേസിന് അപ്പുറം സിനിമ പോകുന്നു എന്നത് കല .

അദ്ദേഹത്തിൻറെ സ്വം അത്ര ഉയരത്തിൽ എത്തിയില്ല .എങ്കിലും മഴക്ക് മുന്നേ ഓടുന്ന ചിത്രത്തിലെ ദൃശ്യം കണ്ടു ഞാൻ അന്തിച്ചു പോയി.അങ്ങനെയൊക്കെ സിനിമ എടുക്കാനാകുമോ എന്ന് സംശയിച്ചു . സംസ്ഥാന അവാർഡിൽ അദ്ദേഹത്തിൻറെ പിറവിയെ രണ്ടാം സ്ഥാനത്തേക്ക് തള്ളി ഒരേ തൂവൽ പക്ഷികൾ അവാർഡ് നേടിയെന്നത് ഇന്ന് ഒരു കൌതുകം മാത്രമായി അവശേഷിക്കുന്നു . ഇന്ത്യൻ പനോരമയിൽ ഒരേ തൂവൽ പക്ഷികൾ ഉൾപ്പെടുത്തിയിരുന്നില്ല . അത് വലിയ വിവാദമായി .ജൂറി അംഗമായ മങ്കട രവി വർമ്മയോട് ഞാൻ അതെ പറ്റി ചോദിച്ചു 'ഇത് ചിത്രങ്ങളുടെ പനോരമ അല്ലെ .അങ്ങനെയുള്ള ചിത്രങ്ങൾ വേണ്ടെ തെരഞ്ഞെടുക്കാൻ ? 'എന്നായിരുന്നു അദ്ദേഹത്തിൻറെ മറുപടി . .ചിത്രം എന്നെയും ആകർഷിച്ചില്ല .ഒരേ തൂവൽ പക്ഷികൾ ഇന്നെവിടെ നിൽക്കുന്നു എന്നതാണ് അന്നത്തെ ജൂറിക്കുള്ള മറുപടി

പിറവിക്കു ചാപ്ലിൻ @100 അവാർഡ് ഉൾപ്പടെ 31 അവാർഡുകൾ ലഭിച്ചു . . പ്രമുഖ ബ്രിട്ടീഷ് ശില്പി തയ്യാറാക്കിയ ശില്പമായിരുന്നു അവാർഡ് .വില പിടിച്ച ആ ശിൽപം ഭദ്രമായി പൂട്ടി വെയ്ക്കണമെന്ന് ചിത്രകാരൻ അജയകുമാർ അദ്ദേഹത്തെ ഉപദേശിച്ചത് ഞാൻ ഓർക്കുന്നു.

മലയാളത്തിലെ പ്രമുഖ ചിത്രങ്ങളുടെ ക്യാമറ കൈകാര്യം ചെയ്തിട്ടും അദ്ദേഹത്തിനു വലിയ പ്രതിഫലം ലഭിച്ചില്ല .വടക്കൻ വീര ഗാഥക്ക് അദ്ദേഹത്തെയാണ് തെരഞ്ഞെടുത്തതെങ്കിലും മറ്റു കമ്മിട്മെന്റ് കൊണ്ടു അദ്ദേഹത്തിനു അത് ഏറ്റെടുക്കാൻ കഴിഞ്ഞില്ല ..സാമ്പത്തികം അദ്ദേഹത്തിനു അവസാന കാലത്ത് പോലും പ്രശ്നമായിരുന്നു എന്ന് ഒരു സുഹൃത്ത് പറയുന്നു .

പക്ഷെ അദ്ദേഹം ക്യാമറ കൈകാര്യം ചെയ്ത കാഞ്ചന സീതയോ പോക്കുവേയിലോ ചിദംബരമോ എന്ത് ആയാലും ആ ദൃശ്യഭംഗിയുടെ മുന്നിൽ ഇന്നും നാം തല കുനിക്കും. അദ്ദേഹം സംവിധാനം ചെയ്ത മോഹൻ ലാൽ കഥകളി നടനായി വേഷമിട്ട വാനപ്രസ്ഥത്തിനു കാർമെന്റെയും മാറാട്ടത്തിന്റെയും ഛായയുണ്ടെന്നു ചിലർ കുറ്റപ്പെടുത്തുന്നു വ്യത്യസ്തമായ മൂന്ന് ലോകങ്ങളിൽ മമ്മൂട്ടി അഭിനയിക്കുന്ന കുട്ടി സ്രാങ്ക് അവാർഡുകൾ വാങ്ങിക്കൂട്ടിയെങ്കിലും വലിയ സാമ്പത്തിക നേട്ടമുണ്ടാക്കിയില്ല . നിശ്ചിത തുകയിൽ തീർത്ത റിലയൻസ് ചിത്രമായിരുന്നു അത് .

പൂർത്തിയാകാത്ത ഗാനം പോലെ പൂർത്തിയാകാത്ത ഒരു സിനിമയാകും ഷാജിയുടെ ഓർമ്മ എന്നും കൊണ്ടു വരുക . .ടി പദ്മനാഭൻറെ കടൽ എന്ന കഥ അദ്ദേഹം ഏറെക്കാലം മനസ്സിൽ കൊണ്ടു നടന്നു അതിനു വേണ്ടി അമ്മയെയും മകളെയും അവതരിപ്പിക്കാൻ രണ്ടു നടികളെയും അദ്ദേഹം കണ്ടെത്തി . ഒന്ന് ജയ ബച്ചനായിരുന്നു . അവരുടെ ചിന്തകളിലൂടെ പ്രണയത്തിന്റെ അനവദ്യമായ സുഖവേദനകൾ അവതരിപ്പിക്കാനായിരുന്നു അദ്ദേഹത്തിൻറെ ശ്രമം ' ഈ സിനിമയിൽ കടൽ ഇല്ല .കടൽ ഒരു അനുഭവമാണ് അതിനു വേണ്ടി കടലിൽ നിന്നകലെ ഒരു നാട്ടിലാണ് ഞാൻ സിനിമ അവതരിപ്പിക്കുന്നത്',അദ്ദേഹം പറഞ്ഞു . അദ്ദേഹത്തിൻറെ കഥ നടക്കുന്നത് .മനസ്സിലാണ് കാറും കോളും ശാന്തതയും ആവാഹിക്കുന്ന ആ വലിയ കടൽ .ശാന്ത സ്വരൂപിയായ ഷാജിയുടെ ഉള്ളിലും തിരയടങ്ങാത്ത ആ കടൽ എന്നും സജീവമായി നില നിന്നു . കാഴ്ചയിൽ എപ്പോഴും എന്തും അദ്ദേഹം വ്യത്യസ്തമായി നോക്കി കണ്ടു . വർത്തമാന കാലത്തെ അവതരിപ്പിക്കാൻ അദ്ദേഹം സ്വമ്മിൽ കറുപ്പും വെളുപ്പും ഉപയോഗിച്ചു .ഭൂതകാലത്തിന് നാം എപ്പോഴും നിറങ്ങൾ നൽകുമല്ലോ എന്നാണ് അദ്ദേഹം പറഞ്ഞത് .വാന്പ്രസ്ഥത്തിൽ കഥകളി നടൻ കളി അവതരിപ്പിക്കുന്നില്ല. അദ്ദേഹം കണ്ടു വെച്ച ആ കടൽ നമുക്കും അനുഭവിക്കാനായില്ല

**– പി എസ് ജോസഫ്**



**പ്രേംജി പിറവിയിൽ**

# MUKKUT
## MONUMENTS INC.





**PHONE (C)**
**972-342-0041**

**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**









**We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.**

**WE SERVICE ALL OVER USA, CANADA & INDIA**

# ചിത്രലോകം

വി ആർ സന്തോഷ്





കെ കെ കൊച്ച്


MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
LOS ANGELES
NAPERVILLE
CHICAGO
NEW JERSEY
DALLAS
ATLANTA
CANADA
MISSISSAUGA
OPENING SOON IN SURREY



Joyalukkas
Celebrates
MOM
With Sparkle
Happy mother's day
SPECIAL OFFER
30% OFF
ON MAKING CHARGES FOR GOLD & DIAMOND JEWELLERY
0% DEDUCTION ON OLD GOLD EXCHANGE
*T&C APPLY
OFFER VALID FROM
8TH MAY TO 11TH MAY 2025
This offer is valid in-stores and online
joyalukkas.com
Joyalukkas
World's favourite jeweller
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY.
TEL: +1 732 515 9902
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS.
TEL: +1 773 856 3013
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA,
TEL: +1 470 835 6136
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034.
TEL: +1 972 292 9936
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS.
TEL: +1 713 784 2992